**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5826** **25-03-2025 - ൽ മറുപടിയ്ക്ക്**

**ധനകാര്യ വകുപ്പിന്റെ സർപ്രൈസ് ഇൻസ്പെക്ഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് ധനകാര്യ വകുപ്പിന്റെ ഇൻസ്പെക്ഷൻ വിംഗ് (നോൺ ടെക്നിക്കൽ) ഇതര സർക്കാർ വകുപ്പുകളിലും സ്ഥാപനങ്ങളിലും നടത്തിയിട്ടുള്ള സർപ്രൈസ് ഇൻസ്പെക്ഷൻ എത്രയാണെന്ന് വിശദമാക്കാമോ; | (എ) | 1879 ഇൻസ്പെക്ഷനുകൾ നടത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഇൻസ്പെക്ഷനുകളിൽ കണ്ടെത്തിയ ക്രമക്കേടുകൾ വകുപ്പുകൾ, ആഫീസുകൾ തിരിച്ച് വിശദമാക്കാമോ; | (ബി) | |

| ക്രമ നം | വകുപ്പ് | ഓഫീസ് | കണ്ടെത്തിയ ക്രമക്കേടുകൾ |
|---|---|---|---|
| | വ്യവസായ വകുപ്പ് | CAPEX ആസ്ഥാന കാര്യാലയം | 1. കേരളത്തിലെ സാധാരണ കശുമാവ് കർഷകരിൽ നിന്നും തോട്ടണ്ടി വാങ്ങുന്നതിനുള്ള സർക്കാർ ഉത്തരവുകളെ അട്ടിമറിച്ചുകൊണ്ട്, അന്യ സംസ്ഥാനങ്ങളിൽ/വിദേശരാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്ത ഗുണമേന്മ കുറഞ്ഞ തോട്ടണ്ടി വ്യാപാരികളിൽ നിന്നും വാങ്ങുവാൻ കാപെക്സ് ഡയറക്ടർ ശ്രീ. ആർ. രാജേഷ് തീരുമാനിച്ചതിലൂടെ വ്യാപാരികൾക്ക് കൊള്ളലാഭം നേടുന്നതിനും, കാപെക്സിന് സാമ്പത്തിക നഷ്ടവും ഉണ്ടാക്കി.<br>2. വിരമിച്ചതിന് ശേഷവും ശ്രീ. സജീവ് കുമാർ.കെ എന്നയാൾ കാപെക്സിൽ ജോലിയിൽ തുടർന്നു.<br>3. കാപെക്സ് ഡയറക്ടർ ശ്രീ. ആർ. രാജേഷ് ഉപജീവ ബത്തയിനത്തിൽ അധികമായി 7,08,326/- രൂപ കൈപ്പറ്റി. |
| | വ്യവസായ വകുപ്പ് | കേരള ലൈഫ് സയൻസസ് ഇൻഡസ്ട്രിയൽ പാർക്ക് | കേരള ലൈഫ് സയൻസസ് പാർക്കിന്റെ രണ്ടാം ഘ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി ഏറ്റെടുത്ത ഭൂമിയിൽ റവ്ന്യൂ വകുപ്പ് തയ്യാറാക്കിയ മഹസ്സർ പ്രകാരമുള്ള മരങ്ങൾ ഉണ്ടോയെന്നത് പരിശോധിക്കുകയോ, അവശേഷിക്കുന്ന മരങ്ങൾക്ക് നമ്പറിട്ട് ആസ്തി രജിസ്റ്ററിൽ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. |
| | വ്യവസായ വകുപ്പ് | മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ വിവിധ ഓഫീസുകൾ | മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ വിവിധ ഓഫീസുകളിലായി 41,76,61,741/- രൂപ നിഷ്ക്രിയ ആസ്തിയായി നിലനിൽക്കുന്നതായി കണ്ടെത്തി. |
| | വ്യവസായ വകുപ്പ് | KSIDC (Kerala State Industrial Development Corporation) | സ്റ്റാഫ് റൂൾസ് & റെഗുലേഷൻസ് ഉൾപ്പെടെ നിലവിലുള്ള ചട്ടങ്ങൾക്ക് വിരുദ്ധമായി ചെയർമാൻ/ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ അനുമതിയില്ലാതെ ഇൻക്രിമെന്റുകളും, ക്യാഷ് അവാർഡുകളും ക്രമവിരുദ്ധമായി അനുവദിച്ചിട്ടുള്ളതായി കണ്ടെത്തി. |
| | വ്യവസായ വകുപ്പ് | ഹാൻഡ്‌ലൂം ഡയറക്ടറേറ്റ്, കൈത്തറി സഹകരണ സംഘം | സ്കൂൾ യൂണിഫോം നെയ്ത്തുമായി ബന്ധപ്പെട്ട മേൽ നോട്ടച്ചുമതലയുള്ള സഹകരണാ സാംഘം ഇൻസ്പെക്ടർമാർ കൃത്യവിലോപം നടത്തുന്നതായി കണ്ടെത്തി. |
| | പൊതുവിദ്യാഭ്യാസ വകുപ്പ് | ചിറയിൻ കീഴ് ശ്രീചിത്തിരവിലാസം എൽ.പി സ്കൂൾ | നിലവിലുണ്ടായിരുന്ന കെട്ടിടങ്ങൾ കാണിച്ച് ശ്രീചിത്തിരവിലാസം എൽ.പി സ്കൂളിനായി അധിക തസ്തികകൾ വാങ്ങിയെടുത്തതിന് ശേഷം, |

| | | | |
|---|---|---|---|
| | | | ചട്ടപ്രകാരമുള്ള മുൻകൂർ അനുമതി വാങ്ങാതെ നിലവിലുണ്ടായിരുന്ന കെട്ടിടം പൊളിച്ചതായും, പഞ്ചായത്തിന്റെ പെർമിറ്റ് ലഭിക്കാതെ കെട്ടിട നിർമ്മാണം നടത്തിയതായും കണ്ടെത്തി. |
| | പൊതുവിദ്യാഭ്യാസ വകുപ്പ് | വൃന്ദാവൻ ഹൈസ്കൂൾ, വ്ലാത്താങ്കര, ബാലരാമപുരം ഹൈസ്കൂൾ, ഇവാൻസ് ഹൈസ്കൂൾ പാറശ്ശാല, മുസ്ലീം ഗേൾസ് ഹൈസ്കൂൾ, കണിയാപുരം | 1) 5-ആം പ്രവർത്തി ദിനത്തിലെ കുട്ടികളുടെ എണ്ണം കണക്കാക്കുന്നതിലും തസ്തിക നിർണ്ണയത്തിലും അപാകതകൾ കണ്ടെത്തി.<br><br>2) വ്ലാത്താങ്കര വൃന്ദാവൻ ഹൈസ്കൂളിൽ പഠിക്കാത്ത കുട്ടികൾക്ക് ടി.സി ഇഷ്യൂ ചെയ്യുകയും അത് സംബന്ധ് ധനകാര്യ പരിശോധനാ വിഭാഗത്തിന് തെറ്റായ മറു നൽകുകയും ചെയ്തു. |
| | പൊതുവിദ്യാഭ്യാസ വകുപ്പ് | പാങ്ങോട് കെ.വി.യു.പി.എസ് | സർവ്വീസിൽ ഇല്ലാത്ത ശ്രീമതി. ശ്രീജ.റ്റി-യ്ക്കും, ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പാലോട് BRC-യിൽ ട്രെയിനറായി സേവനമനുഷ്ഠിക്കുകയും ചെയ്യുന്ന ശ്രീ. ഷിബു. ആർനും അനധികൃതമായി സ്കൂൾ ഹെഡ്മാസ്റ്റർ ശമ്പളം അനുവദിച്ചു നൽകി സർക്കാരിന് സാമ്പത്തിക നഷ്ടമുണ്ടാക്കിയതായി കണ്ടെത്തി. |
| | ഐ.ടി വകുപ്പ് | ICFOSS (ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ) | 1. ICFOSS -ലെ പ്രോഗ്രാം ഹെഡ് (R&A) എന്ന തസ്തികയിലെ നിയമനം ക്രമപ്രകാരമല്ലായെന്ന് കണ്ടെത്തി. |
| | കൃഷി | ക്ഷീരവികസന വകുപ്പിന്റെ വിവിധ ഓഫീസുകൾ | ക്ഷീര വികസന വകുപ്പിന്റെ വിവിധ ഓഫീസുകളിലെ ബാങ്ക്/ട്രഷറി അക്കൗണ്ടുകളിൽ പലിശയുൾപ്പെടെ നിഷ്ക്രിയമായി ആകെ 98,63,532/- രൂപ നിലനിൽക്കുന്നതായി കണ്ടെത്തി. |
| | മത്സ്യബന്ധനവും തുറമുഖവും വകുപ്പ് | മത്സ്യബന്ധന വകുപ്പ് ആസ്ഥാന കാര്യാലയം | മത്സ്യബന്ധന വകുപ്പിന്റെ പേരിലുള്ള SBI വികാസ് ഭവൻ ശാഖയിൽ 1,06,67,250/- രൂപ നിക്ഷേപമായി സൂക്ഷിച്ചിരിക്കുന്നതായി കണ്ടെത്തി. |
| | ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് | തിരുവനന്തപുരം ശ്രീ അവിട്ടംതിരുനാൾ ആശുപത്രി | തിരുവനന്തപുരം SAT ആശുപത്രിയിൽ വിതരണം ചെയ്യുന്ന മെഡിക്കൽ ഓക്സിജൻ ലഭ്യമാക്കുന്നതിനുള്ള നടപടികളിൽ കാലതാമസം ഉണ്ടാകുന്നുവെന്ന് കണ്ടെത്തി. |
| | ഗതാഗത വകുപ്പ് | KSRTC | KSRTC എറണാകുളം ഡിപ്പോയിലെ (കാരിക്കാമുറി) അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റേയും 12-ബേ ഗ്യാരേജിന്റെയും നിർമ്മാണത്തിലെ അപാകതകൾ മൂ 13953244/- രൂപയുടെ നഷ്ടം സർക്കാരിനുണ്ടായതാ കണ്ടെത്തി. |
| | പൊതുമരാമത്ത് വകുപ്പ് | പൊതുമരാമത്ത് നിരത്ത് വിഭാഗം കോട്ടയം ഡിവിഷൻ ഓഫീസും അനുബന്ധ ഓഫീസുകളും | ഇല്ലിക്കൽ-കുഴിത്താർ റോഡിൽ 0/000 മുതൽ 2/800 വരെയും 3/000 മുതൽ 5/400 വരെയുമുള്ള ചെയിനേജുകളിലെ അറ്റകുറ്റപ്പണികളുടെ DLP കഴിയുന്നതിന് മുൻപ് തന്നെ അതേ ചെയിനേജുകളിൽ BM&BC പ്രവൃത്തികൾ നടത്തി. |
| | ജയിൽ വകുപ്പ് | ജയിൽ ആസ്ഥാന കാര്യാലയം | 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ആർജ്ജിതാവധി സറണ്ടർചെയ്ത് നൽകിയ ജീവനക്കാരുടെ തുക CMDRF -ൽ ക്രഡിറ്റ് ആകാതിരുന്നത്. |
| | അച്ചടി വകുപ്പ് | മണ്ണന്തല ഗവ. പ്രസ്സ് | മണ്ണന്തല ഗവ. പ്രസ്സിലെ ജൂനിയർ സൂപ്രണ്ടായ ശ്രീമ ഷീജ.വി.വിക്ക് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായിയെ സാലറി സർട്ടിഫിക്കറ്റ് അനുവദിച്ചുനൽകി |
| | ഐ.റ്റി വകുപ്പ് | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് -കേരള/ ഐ.ടി വകുപ്പ് | ട്രഷറിയിൽ സൂക്ഷിച്ചിരിക്കുന്ന തുക പിൻവലിച്ച് വാണി /സഹകരണബാങ്കിൽ നിക്ഷേപിക്കാൻ പാടില്ലായെന്ന വ്യവസ്ഥ ലംഘിച്ച് 50 കോടി രൂപ ചട്ടവിരുദ്ധമായി ട്രഷറിയിൽനിന്ന് പിൻവലിച്ച് വാണിജ്യ ബാങ്കിൽ നിക്ഷേപിച്ചു. |
| | സാംസ്കാരിക കാര്യ വകുപ്പ് | കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് | 2015-16 മുതൽ 2018-19 വരെ ആദായ നികുതി യഥാവിധി ഫയൽ ചെയ്യാത്തതിനാലും നികുതി തുക ഒടുക്കാത്തതിനാലും പിഴയായും പലിശയിനത്തിലും 1,65,612 /- രൂപ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഒടുക്കേണ്ടതായ് വന്നു. |
| | ടൂറിസം വകുപ്പ് | തൃശ്ശൂർ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ ഓഫീസ് | യാതൊരു നടപടിക്രമങ്ങളും പാലിക്കാതെയും സർക്ക അനുമതി വാങ്ങാതെയും മറ്റു ഡി.ടി.പി.സി. കളിലൊന്നും ഇല്ലാത്ത ജനറൽ മാനേജർ എന്ന തസ്തിക സൃഷ്ടിച്ച് അതിനുവേണ്ട അടിസ്ഥാന വിദ്യാഭ്യാസയോഗ്യതകൾ പോലും നിശ്ചയിക്കാതെയു അപേക്ഷ ക്ഷണിക്കുകയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച |

| | | | |
|---|---|---|---|
| | | | മുഖേന നിയമിക്കുകയോ ചെയ്യാതെയും തൃശ്ശൂർ ഡി.ടി.പി.സി. യുടെ എക്സിക്യൂട്ടീവ് കമ്മറ്റി തന്നിഷ്ട പ്രകാരം പ്ലസ് ടു, KGCE യോഗ്യതകൾ മാത്രമുള്ള, അ യോഗ്യതയുടെ രേഖകൾപോലും ധനകാര്യപരിശോധ വിഭാഗത്തിനു മുൻപാകെ ഹാജരാക്കാൻ കഴിയാതിരുന്ന ശ്രീ.എൻ.ആർ.രവിചന്ദ്രനെ ജനറൽ മാനേജർ എന്ന തസ്തികയിൽ നിയമിച്ചു. |
| | ട്രഷറി വകുപ്പ് | ജില്ലാ ട്രഷറികൾ | ട്രഷറി പണമിടപാട് സംബന്ധിച്ച ചട്ടങ്ങൾ ലംഘിച്ച് പണമിടപാട് നടത്തി |
| | നികുതി വകുപ്പ് | കേരള വിശ്വബ്രാഹ്മണ സമൂഹം | തിരുവനന്തപുരം ജില്ലാ രജിസ്ട്രാർ (ജനറൽ)ഓഫീസി വിശ്വബ്രാഹ്മണ സമൂഹം കേരള എന്ന സംഘത്തിന്റെ റിട്ടേൺസ് ഫയൽ ചെയ്തിട്ടില്ല. |
| | ശാസ്ത്ര സാങ്കേതിക വകുപ്പ് | നാറ്റ്പാക് | നാറ്റ്പാക്കിലെ കൺസൾട്ടന്റ് നിയമനവുമായി ബന്ധപ്പെട്ട സെലക്ഷൻ കമ്മിറ്റി 2021 ൽ ശിപാർശ ചെയ്ത കൺസൾട്ടന്റുമാരുടെ ലിസ്റ്റ് അംഗീകരിച്ച് കൊണ്ട് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിക്കാതെ കൺസൾട്ടന്റുമാർക്ക് കൺസൾട്ടൻസി വർക്ക് നൽകുകയും കൺസൾട്ടൻസി ഫീസ് നൽകുകയും ചെയ്തു. |
| | വ്യവസായം വകുപ്പ് | വ്യവസായ വകുപ്പ് ഡയറക്ടേറ്റ് | സർക്കാർ ഫണ്ട് പൊതുമേഖലാ ബാങ്കുകളിൽ നിക്ഷേപിച്ചതായി കണ്ടെത്തി |
| | പോലീസ് വകുപ്പ് | പോലീസ് ഹെഡ്ക്വാർട്ടേഴ്സ്, ജില്ലാ കാര്യാലയങ്ങൾ | സർക്കാർ ഫണ്ട് പൊതുമേഖലാ ബാങ്കുകളിൽ നിക്ഷേപിച്ചതായി കണ്ടെത്തി |
| | ഇൻഫർമേഷൻ &പബ്ലിക്ക് റിലേഷൻ വകുപ്പ് | കണ്ണൂർ പ്രസ് ക്ലബ് | പ്രസ് ക്ലബ് അടിസ്ഥാന സൗകര്യ വികസനത്തിനാ സർക്കാർ അനുവദിച്ച ഫണ്ടിന്റെ വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കുന്നതിൽ 5 വർഷത്തിലേറെ കാലതാമസമുണ്ടായി. |
| | ഇൻഫർമേഷൻ &പബ്ലിക്ക് റിലേഷൻ വകുപ്പ് | മലപ്പുറം പ്രസ് ക്ലബ് | പ്രസ് ക്ലബ് അടിസ്ഥാന സൗകര്യ വികസനത്തിനാ സർക്കാർ അനുവദിച്ച ഫണ്ടിന്റെ വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കുന്നതിലും ബില്ലുകളും വൗച്ചറുകളും സൂക്ഷിക്കുന്നതിലും വീഴ്ച വരുത്തി.നിർവ്വഹണ ഏജൻസികളെയും കരാറുകാരെയും മത്സരാധിഷ്ഠിത ടെൻഡർ നടപടിക ഇല്ലാതെയാണ് തെരെഞ്ഞെടുത്തത്. |
| | ഇൻഫർമേഷൻ &പബ്ലിക്ക് റിലേഷൻ വകുപ്പ് | കൊല്ലം പ്രസ് ക്ലബ് | പ്രസ് ക്ലബ് അടിസ്ഥാന സൗകര്യ വികസനത്തിനാ സർക്കാർ അനുവദിച്ച ഫണ്ടിന്റെ വിനിയോഗ സാക്ഷ്യപത്രം (സി.എ.സ്റ്റേറ്റ്മെന്റ്) നിർമ്മാണ എൻജിനീയറുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നീ ധനവിനിയോഗ സമർ പ്പിക്കുന്നതിൽ 2 വർഷത്തെ കാലതാമസം ഉണ്ടായി |
| | ഇൻഫർമേഷൻ &പബ്ലിക്ക് റിലേഷൻ വകുപ്പ് | തൃശ്ശൂർ പ്രസ് ക്ലബ് | സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാതെ ഏകപക്ഷീയമായി നിർമ്മാണ പ്രവൃത്തികൾ കരാറുകാരനെഏൽപ്പിച്ചു. |
| | ഇൻഫർമേഷൻ &പബ്ലിക്ക് റിലേഷൻ വകുപ്പ് | ആലപ്പുഴ പ്രസ് ക്ലബ് | പ്രസ് ക്ലബ് അടിസ്ഥാന സൗകര്യ വികസനത്തിനാ സർക്കാർ അനുവദിച്ച ഫണ്ടിന്റെ വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കുന്നതിൽ കാലതാമസമുണ്ടായി. |
| | ഇൻഫർമേഷൻ &പബ്ലിക്ക് റിലേഷൻ വകുപ്പ് | കേസരി മെമ്മോറിയൽ ജേർണലിസ്റ്റ് ട്രസ്റ്റ്,തിരുവനന്തപുരം | സ്ഥാപനത്തിന്റെ വികസനത്തിനായി സർക്കാർ അനുവദിച്ച ഫണ്ടിന്റെ വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കുന്നതിൽ കാലതാമസമുണ്ടായി. |
| | ഹാർബർ എൻജിനീറിംഗ് വകുപ്പ് | ഹാർബർ എൻജിനീറിംഗ് വകുപ്പ് | സാങ്കേതിക സമിതിയുടെ അംഗീകാരമില്ലാതെയും ഇല്ലാത്ത അധികാരം ഉപയോഗിച്ചും TRIPS ആപ്ലിക്കേഷൻ പർച്ചേസ് ചെയ്യുകയും സെക്യൂരിറ്റി ഓഡിറ്റ് പൂർത്തിയാക്കാതെ വിവിധ സൈറ്റുകളിൽ TRIPS ആപ്ലിക്കേഷൻ നടപ്പിലാക്കുകയും ചെയ്തു. |
| | ഗതാഗതം | കേരള റോഡ് സേഫ്റ്റി അതോറിറ്റി | പത്തനംതിട്ട ജില്ലയിൽ അടൂർ ജോയിന്റ് ആർടി ഓഫീസ് നടത്തിയ റോഡ് സുരക്ഷാ വാരാചരണത്തിന്റെ ഭാഗമായി ഹാൾ വാടക ഇനത്തിൽ ചെലവായ തുകയുടെ വൗച്ചറുകൾ ലഭ്യമാക്കിയിട്ടില്ല. |
| | വ്യവസായം | കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ | വിരമിക്കുന്ന ജീവനക്കാർക്ക് കിൻഫ്രയുടെ ഫണ്ടിൽ നിന്ന് സ്വർണ്ണ നാണയം വാങ്ങി നൽകി. |
| | വ്യവസായ വകുപ്പ് | ചിറക്കര റബ്ബർ ഉത്പാദക സംഘം | സ്കീമിന്റെ മുൻ പ്രസിഡൻറ് അനധികൃത പണപ്പിരി നടത്തിയതായി കണ്ടെത്തി |

| | | | | | | |
|---|---|---|---|---|---|---|
| | | | | വിദ്യാഭ്യാസ വകുപ്പ് | മരുത്തടി കന്നിമേൽ AVLPസ്കൂൾ | നൂൺമീൽ അക്കൗണ്ടിൽ നിന്നും 2008/-രൂപ അധികമായി പിൻവലിച്ചതായി കണ്ടെത്തി |
| | | | | തദ്ദേശ സ്വയം ഭരണ വകുപ്പ് | ചാത്തന്നൂർ ഗ്രാമപഞ്ചായത്ത് | കോവിഡ് -19 മായി ബന്ധപ്പെട്ട ധനസഹായം, വ്യക്തികൾ അനർഹമായി കൈപ്പറ്റിയതായി കണ്ടെത്തി |
| | | | | ഐ.റ്റി വകുപ്പ് | അക്ഷയ കേന്ദ്രം | അക്ഷയ കേന്ദ്രങ്ങളുടെ സംരഭകത്വം സംബന്ധിച്ച കരാറുകളിൽ വീഴ്ചകൾ വരുത്തിയതായി കണ്ടെത്തി |
| | | | | സിവിൽ സപ്ലൈസ് | കൺസ്യൂമർഫെഡ് | കൺസ്യൂമർഫെഡ് കോഫി ഹൗസ് പ്രവർത്തിക്കാതിരുന്ന കാലയളവിൽ വാടക നൽകിയതായി കണ്ടെത്തി. |
| | | | | വ്യവസായ വകുപ്പ് | ചവറ കെ.എം.എം.എൽ സ്പോഞ്ച് യൂണിറ്റ് | മതിയായ വിദ്യാഭ്യാസ യോഗ്യതയില്ലാതെ മെക്കാനിക്കൽ എഞ്ചിനീയർമാരെ നിയമിച്ചതായി കണ്ടെത്തി |
| | | | | വിദ്യാഭ്യാസ വകുപ്പ് | നെടുമൺകാവ് GUPS | ഉച്ചഭക്ഷണവിതരണ ബില്ലുകളിൽ സാമ്പത്തിക ക്രമക്കേടുകൾ നടത്തിയതായി കണ്ടെത്തി. |
| | | | | വിദ്യാഭ്യാസ വകുപ്പ് | പുനലൂർ SN College | പി.റ്റി.എ ഫണ്ട് കൈകാര്യം ചെയ്യുന്നതിൽ കോളേജ് പ്രിൻസിപ്പാളായ ഡോ: വി. അരുൺ വീഴ്ച വരുത്തിയതായി കണ്ടെത്തി. |
| | | | | കൃഷി വകുപ്പ് | ശൂരനാട് വടക്ക് കൃഷി ഭവൻ്റെ അധികാരപരിധിയിലുള്ള പാടശേഖര സമിതികൾ | കാർഷിക ഉപകരണങ്ങളുടെ പരിപാലനത്തിൽ കൃഷി ഓഫിസർമാരുടെ വീഴ്ച കണ്ടെത്തി. |
| | | | | ആരോഗ്യ വകുപ്പ് | ജില്ലാ ഹോമിയോ ആശുപത്രി, കൊല്ലം | ജില്ലാ ഹോമിയോ മെഡിക്കൽ ഓഫീസറുടെ ഔദ്യോഗിക വാഹനമായി കരാർ വ്യവസ്ഥയിൽ ഉപയോഗിക്കുന്ന KL-02-AL-1057 ടയോട്ട എറ്റിയോസ് എന്ന വാഹനം യഥാർത്ഥത്തിൽ ഓടിയതിനേക്കാൾ അധികമായി 4841 കി.മീ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയതായി കണ്ടെത്തി. അതിനാൽ കരാർ തുകയേക്കാൾ അധികമായി 51635/- രൂപ കരാറുക്കാരനും അനുവദിക്കുകയുണ്ടാ<br><br>. |
| | | | | വിദ്യാഭ്യാസ വകുപ്പ് | കൊല്ലം ജില്ല - ഗവ.ഹയർ സെക്കണ്ടറി സ്കൂൾ കോയിക്കൽ - | സർക്കാർ അനുമതിയില്ലാതെ യൂണിഫോം വാങ്ങിയതിനുശേഷം ബാലൻസ് വന്ന 1,22,440/- രൂ യും കെ.പി.എസ്.സി പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് 2018 മുതൽ 2022 വരെയുള്ള കാലയളവിൽ സ്കൂളിനു ലഭിച്ച 39,700/- രൂപയും നിർദ്ദേശങ്ങൾ പാലിക്കാതെ സ്വന്തം താല്പര്യപ്രകാരം വിനിയോഗിച്ച സ്കൂൾ പ്രിൻസിപ്പൽ ക്രമക്കേടുകൾ നടത്തിയതായി കണ്ടെത്തി. |
| | | | | ഭക്ഷ്യ പൊതുവിതരണ വകുപ്പ് | സിവിൽ സപ്ലൈസ് കമ്മീഷണറേറ്റ്,<br><br>താലൂക്ക് സപ്ലൈ ഓഫീസ് ചിറയിൻകീഴ്,<br><br>താലൂക്ക് സപ്ലൈ ഓഫീസ് നെടുമങ്ങാട്,<br><br>താലൂക്ക് സപ്ലൈ ഓഫീസ്<br><br>കാട്ടാക്കട,<br><br>ജില്ലാ സപ്ലൈ ഓഫീസ്, കടപ്പനക്കുന്ന്,<br><br>തിരുവനന്തപുരം,<br><br>സിറ്റി റേഷനിങ്ങ് ഓഫീസ്,<br>വഞ്ചിയൂർ | 1) ഭക്ഷ്യ ഭദ്രത നിയമം സംബന്ധിച്ച് മാധ്യപ്രവർത്തകർക്ക് ശില്പശാല നടത്തിയ ഇനത്തിര ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ടി പദ്ധതിയുടെ നടത്തിപ്പിനായി 90,000 രൂപ ജില്ലാ സപ്ലൈ ഓഫീസറുടെ വ്യക്തിഗത അക്കൗണ്ടിലേക്ക് അഡ്വാൻസ് ആയി മാറ്റി സൂക്ഷിച്ചു.<br><br>2) സർക്കാരിന്റെ വർത്തിച്ചുള്ള നിർദ്ദേശങ്ങൾക്കു ശേഷംവും ട്രഷറിയിൽ അടയ്ക്കേണ്ട തുക ബാങ്കിൽ സൂക്ഷിച്ചു.<br><br>3) റേഷൻ വ്യാപാരികളിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് സ്വീകരിച്ചിട്ടില്ല.<br><br>4) കൃത്യമായ ലോഗ് ബുക്ക് സൂക്ഷിച്ചിട്ടില്ല.<br><br>5) പർച്ചേസുകൾക്ക് കൃത്യമായ വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല |
| | | | | ജലവിഭവ വകുപ്പ് | ജില്ലാ ഭൂജല ഓഫീസ്, കൊല്ലം | 1) ഭൂജല വകുപ്പിന്റെ കൊല്ലം ജില്ലാ ഓഫീസിൽ 2017 18 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിയ പ്രവൃത്തികളിൽ സാങ്കേതിക മേൽനോട്ടത്തിനുള്ള |

| | | | |
|---|---|---|---|
| | | ഭൂജല വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം. | യോഗ്യത സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടില്ല<br><br>2) കൊല്ലം ജില്ലാ ഭൂജല വകുപ്പിന്റെ ഓഫീസിൽ വർക ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.<br><br>3) 2017-18 സാമ്പത്തിക വർഷം മുതൽ നടന്ന ടെണ്ടറുകളിൽ 19 എണ്ണത്തിൽ ഒരാൾ മാത്രമേ പങ്കെടുത്തതായും ടിയാനു തന്നെ പ്രവൃത്തി അനുവദിച്ചിട്ടുണ്ട്. ഒരു bid മാത്രം ലഭിക്കുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമം പാലിച്ചിട്ടില്ല. |
| | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് | പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം തിരുവനന്തപുരം | പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ ഓഫീസുകളിലെ ബാങ്ക്/ട്രഷ അക്കൗണ്ടുകളിൽ തുക നിഷ്ക്രിയമായി ശേഷിക്കുന്നതാ കണ്ടെത്തി. |
| | ജയിൽ വകുപ്പ് | പ്രിസൺ ഹെഡ് കോർട്ടേഴ്സ്, തിരുവനന്തപുരം | ജയിൽ ആസ്ഥാന കാര്യാലയത്തിൽ ഡി.ഐ.ജി ആയിരുന്ന ശ്രീ.സന്തോഷ്.എസ്, പ്രോഗ്രാം ഓഫീസ ആയിരുന്ന ശ്രീ.സുരേഷ് ബാബു എന്നിവർ സർക്കാർ ക്വാർട്ടേഴ്സ് ഉപയോഗിക്കുമ്പോൾ സർക്കാരിലേക്ക് അടിസ്ഥാന ശമ്പളത്തിന്റെ 2 ശതമാനം അടച്ചിട്ടില്ല. |
| | തൊഴിൽ വകുപ്പ് | കേരള ബിൽഡിംഗ് ആന്റ് അദർ കൺട്രക്ഷൻ വർക്കേഴ്സ് ബോർഡ് പത്തനംതിട്ട | പെൻഷൻ ഇരട്ടിപ്പും ദുരുപയോഗവും തടയുന്നതിനായ ആധാർ ലിങ്കിംഗ് ആരംഭിച്ചപ്പോൾ ബോർഡ് അംഗങ്ങളെ കൃത്യമായി അറിയിച്ചിട്ടില്ല.<br><br>2) സാന്ത്വന പെൻഷൻ ഇനത്തിൽ ശ്രീമതി ഓമന പുരുഷോത്തമന്റെ ആശ്രിതരായ ശ്രീമതി രേവതി.ജി.പിയ്ക്ക് അധികമായി 34,672/- രൂപ അനുവദിച്ചു. |
| | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് | ഐ.ടി.ഡി.പി വയനാട് | അസിസ്റ്റന്റ് എഞ്ചിനീയറും, ഓവർസീയറും കൃത്യ സമയത്ത് ഫീൽഡ് പരിശോധന നടത്താത്തതിനാ ലൈഫ് മിഷൻ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കൾക്ക് വാല്യുവേഷൻ സർട്ടിഫിക്കറ്റുക ലഭിക്കാൻ കാലതാമസം നേരിട്ടു. |
| | പൊതുവിദ്യാഭ്യാസ വകുപ്പ് | സീമാറ്റ്, തിരുവനന്തപുരം | 1) സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായി ശ്രീ. സുരേഷ് ബാബുവിനെ നിയമിച്ചു<br><br>2) സീമാറ്റ് കേരളയിലെ നിയമനങ്ങൾ, സ്റ്റാഫ് പാറ്റേ എന്നിവയ്ക്ക് സർക്കാർ അംഗീകാരമില്ല. |
| | പൊതുമരാമത്ത് വകുപ്പ് | കെ.എസ്.റ്റി.പി, കണ്ണൂർ<br><br>കെ.എസ്.റ്റി.പി, കാസറഗോഡ്<br><br>കെ.എസ്.റ്റി.പി, തിരുവനന്തപുരം | 1) റോഡ് നവീകരണത്തിന്റെ ഭാഗമായി കാസർഗോഡ് - കാഞ്ഞങ്ങാട് റോഡിൽ സോളാർ അധിഷ്ഠിതമായി സ്ഥാപിച്ച തെരുവ് വിളക്കുകൾ പ്രവർത്തിക്കുന്നില്ല.<br><br>2) തെരുവു വിളക്കുകളുടെ പരിപാലനത്തിന് A.M.C ഏർപ്പെടുത്തിയിട്ടില്ല. |
| | പൊതുവിദ്യാഭ്യാസ വകുപ്പ് | വി.എച്ച്.എസ്.ഇ വിഭാഗം പൊതുവിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം | വി.എച്ച്.എസ്.ഇ വിഭാഗത്തിലെ വിവിധ ഓഫീസുകളിലെ ബാങ്ക്/ട്രഷറി അക്കൗണ്ടുകളിൽ തുക നിഷ്ക്രിയമായി ശേഷിക്കുന്നതായി കണ്ടെത്തി. |
| | രജിസ്ട്രേഷൻ വകുപ്പ്<br><br>റവന്യൂ വകുപ്പ് | സബ് രജിസ്ട്രാർ, ചാല, തിരുവനന്തപുരം<br><br>താലൂക്ക് ഓഫീസ്, തിരുവനന്തപുരം | 1) വസ്തുവിന്റെ പൂർണ്ണമായ അവകാശം ലഭിക്കുന്നതിന മുമ്പ് തന്നെ വസ്തുവിന്റെ കൈമാറ്റം നടത്തി.<br><br>2) ശ്രീമതി ബെസ്സി തോമസ്സ് കോവിഡ് ഡ്യൂട്ടിയിൽ നിന്നും വിടുതൽ ചെയ്തിട്ടും കൃത്യമായി ജോലിയിൽ തിരികെ പ്രവേശിച്ചില്ല.<br><br>3) ചാല സബ് രജിസ്ട്രാർ ഓഫീസിലെ ഹാജർ പുസ്തക ക്യാഷ് ബുക്ക് എന്നിവ നിയമ പ്രകാരം പരിപാലിക്കുന്നില്ല. |
| | തൊഴിൽ വകുപ്പ് | കാഷ്യൂ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്, കൊല്ലം | 1) സംസ്ഥാനത്തെ പൂട്ടികിടക്കുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് വിഷുവിനോടനുബന്ധിച്ച് 2,000/- രൂപ സമാശ്വാസ ധനസഹായം വിതരണം ചെയ്തതിലെ ക്രമക്കേട്<br><br>2) ഭീമമായ തുക ബോർഡിന് തൊഴിലാളി - തൊഴിലു വിഹിതമായും, പിഴ പലിശയായും പിരിഞ്ഞ് കിട്ടാനുണ്ട് |
| | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് | കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ, എറണാകുളം | യൂണികോർപ്പ് ഇന്റർ നാഷണൽ കമ്പനി കശുവണ്ടി ഇറക്കുമതി ചെയ്ത് കണ്ടെയ്നർ ഫ്രെയിറ്റ് സ്റ്റേഷനിൽ |

| | | | |
|---|---|---|---|
| | | | അനധികൃതമായി ദീർഘകാലം സൂക്ഷിച്ചതുമൂലം കേര<br>സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷനും 46,11,16<br>രൂപയുടെ നഷ്ടം ഉണ്ടായി. |
| | മൃഗസംരക്ഷണ വകുപ്പ് | കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ്, പട്ടം<br><br>കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ് റീജിയണൽ സ്റ്റേഷൻ, കുളത്തുപുഴ<br><br>സെന്റർ ഫോർ അപ്ലൈഡ് ലൈവ്സ്റ്റോക്ക് ജിനോമിക്സ്, കടപ്പനക്കുന്ന് | 1) ജിനോമിക് ലാബിന്റെ നിർമ്മാണവുമായി ബന്ധ<br>ഇലക്ട്രിഫിക്കേഷൻ, വാൾപ്പുട്ടി എന്നിങ്ങനെയുള്ള<br>പ്രവൃത്തികൾ ടെണ്ടർ ക്ഷണിക്കാതെയാണ് നടത്തിയ<br><br>2) കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ്<br>ബോർഡിന്റെ ആസ്ഥാനത്തും മറ്റ് ഓഫീസുകളിലുമാ<br>2016 മുതൽ 2023 വരെ സർക്കാർ അനുമതി<br>വാങ്ങാതെ 9 നാല് ചക്ര വാഹനങ്ങളും 7 ഇരു ചക്ര<br>വാഹനങ്ങളും വാങ്ങിയിട്ടുണ്ട്.<br><br>3) 2019 മുതൽ KLDB ബോർഡിൽ നിന്നും<br>വാഹനങ്ങൾ കണ്ടം ചെയ്യുമ്പോൾ പാലിക്കേണ്ട<br>നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. |
| | ആരോഗ്യ വകുപ്പ് | കൊന്നക്കാട് സി.എച്ച്.സി | കൊന്നക്കാട് സി.എച്ച്.സി 2018-19 സാമ്പത്തിക<br>വർഷം നടപ്പിലാക്കിയ മെയിന്റനൻസ് ഓഫ് റൂഫ്<br>വർക്ക്സ് എന്ന പ്രവർത്തിയുടെ ബില്ലുകൾ,<br>കരാറുകാരൻ ഒപ്പ് രേഖപ്പെടുത്തിയ വൗച്ചറുകൾ,<br>നാഷണൽ ഹെൽത്ത് മിഷൻ ജൂനിയർ കൺസൽട്ട<br>(എഞ്ചിനീയറിങ്) നൽകിയ മൂല്യ നിർണയ സാക്ഷ്യ<br>പത്രം എന്നിവ ഫയലിൽ ഇല്ല.<br><br>വെള്ളരിക്കുണ്ട് പി.എച്ച്.സി യിൽ പാലിയേറ്റീവ് കെ<br>ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന KL-79-1561<br>നമ്പർ ബൊലേറോ ജീപ്പിന്റെ ലോഗ് ബുക്ക്<br>പരിശോധിച്ചതിൽ നിന്നും വാഹനത്തിന്റെ മൈലേജ്<br>ടെസ്റ്റ് നാളിതുവരെ നടത്താത്തതും മാസാന്ത്യ സംഗ്ര<br>രേഖപ്പെടുത്തി മെഡിക്കൽ ഓഫീസർ<br>സാക്ഷ്യപ്പെടുത്താത്തതും 24.02.2003ലെ സ.ഉ.(അ<br>13/2003/ധന നമ്പർ സർക്കാർ ഉത്തരവ്,<br>02.08.2008ലെ 41/2008/ധന നമ്പർ സർക്കുലർ<br>എന്നിവയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായതിനാ<br>മെഡിക്കൽ ഓഫീസറിൽ നിന്ന് 20,626/-രൂപ<br>ഈടാക്കി ധന വകുപ്പിനെ അറിയിക്കാൻ ശിപാർശ<br>ചെയ്തിട്ടുണ്ട്. |
| | തദ്ദേശസ്വയം ഭരണ വകുപ്പ് | ബദിയടുക്ക ഗ്രാമപഞ്ചായത്ത് | ഗ്രാമ പഞ്ചായത്ത് ഭരണ സമിതി തീരുമാനപ്രകാരം<br>22.02.2001 സർവീസിൽ പ്രവേശിച്ച ഓണറേറിയം<br>ജീവനക്കാരിയായ ശ്രീമതി.വിജയലക്ഷ്മി എന്നവരെ<br>പാർട്ട് ടൈം കൗണ്ട്/ പാർട്ട് ടൈം ലൈബ്രേറിയൻ<br>തസ്തികയിൽ നിയമിച്ചത് ക്രമവിരുദ്ധമാണ്. |
| | ഭക്ഷ്യ പൊതു വിതരണ വകുപ്പ് | കാസറഗോഡ് സപ്ലൈ ഓഫീസ് ,<br>ഹൊസ്ദുർഗ് സപ്ലൈ ഓഫീസ്,<br>വെള്ളരിക്കുണ്ട് സപ്ലൈ ഓഫീസ് ,<br>മഞ്ചേശ്വരം സപ്ലൈ ഓഫീസ് | കാസറഗോഡ് ജില്ലയിൽ കോവിഡ് കാലത്തെ റേ<br>ക്രെഡിറ്റ് സെയിൽ ഇനത്തിൽ റേഷൻ ചില്ലറ<br>വ്യാപാരികൾ ഹൊസ്ദുർഗ്, കാസറഗോഡ് താലൂക്ക<br>സപ്ലൈ ഓഫീസുകളിൽ അടയ്ക്കുവാനുള്ള തുക<br>യഥാക്രമം 5,98,261/-രൂപയും, 2,49,327/-രൂപയും<br>അടിയന്തരമായി പിരിച്ചെടുത്ത സർക്കാരിലേക്ക്<br>തിരികെ അടക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. |
| | തദ്ദേശസ്വയംഭരണവകുപ്പ് | മൊഗ്രാൽ പുത്തൂർ ഗ്രാമപഞ്ചായത്ത് ,<br>ചെങ്കള ഗ്രാമപഞ്ചായത്ത് , മധൂർ<br>ഗ്രാമപഞ്ചായത്ത് , പുല്ലൂർ പെരിയ<br>ഗ്രാമപഞ്ചായത്ത്,<br>അജാനൂർ ഗ്രാമപഞ്ചായത്ത് | കാസറഗോഡ് ജില്ലയിൽ കോവിഡ് 19 കാലത്തെ<br>ധനസഹായത്തിന്റെ അർഹതയുമായി ബന്ധപ്പെട്ട<br>നടത്തിയ പരിശോധനയിൽ ഗുണഭോക്താക്കളെല്ലാം<br>BPL/AAY യിൽ ഉൾപ്പെട്ടിട്ടുള്ളവരാണെന്നും സർക്ക<br>അനുവദിച്ച 1000/-രൂപയ്ക്ക് അർഹരാണെന്നും<br>ബോധ്യപ്പെട്ടു. |
| | തദ്ദേശസ്വയംഭരണവകുപ്പ് | കുമ്പള ഗ്രാമപഞ്ചായത്ത് , മംഗൽപാടി ഗ്രാമപഞ്ചായത്ത് | കുമ്പള ഗ്രാമ പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനമ<br>KL-14-Z-1038 ബൊലേറോ ജീപ്പ് ദുരുപയോഗം<br>നടത്തിയതിന് 17008/- രൂപ ബന്ധപ്പെട്ട<br>ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാൻ ശിപാർശ<br>ചെയ്തിട്ടുണ്ട്.<br><br>മംഗൽപാടി ഗ്രാമ പഞ്ചായത്തിന്റെ ഔദ്യോഗിക<br>വാഹനമായ KL-14-V-4610 മഹീന്ദ്ര സൈലോ കാ<br>ദുരുപയോഗം നടത്തിയതിന് 18,354/- രൂപ ബന്ധ<br>ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കാൻ ശിപാർശ<br>ചെയ്തിട്ടുണ്ട്. |
| | പട്ടിക ജാതി വികസന വകുപ്പ് | ജില്ലാ പട്ടിക ജാതി വികസന ഓഫീസ്, കാസറഗോഡ് | കാസറഗോഡ് ജില്ലാ പട്ടിക ജാതി വികസന ഓഫീ<br>ഔദ്യോഗിക വാഹനമായ KL-01-BB-5162 |

| | | | |
|---|---|---|---|
| | | | ബൊലേറോ ജീപ്പ് ദുരുപയോഗം നടത്തിയതിന് 8,645 രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാ ശിപാർശ ചെയ്തിട്ടുണ്ട്. |
| | പൊതുമരാമത്ത് വകുപ്പ് | കാസറഗോഡ് പൊതുമരാമത്ത്റോഡ് ഡിവിഷൻ, സബ്ഡിവിഷൻ ഓഫീസ്, | കാസറഗോഡ് പൊതുമരാമത്ത് റോഡ് ഡിവിഷൻ, സബ്ഡിവിഷൻ ഓഫീസിനു കീഴിലുള്ള വിവിധ റോഠ പ്രവർത്തികളിലെ അപാകതകൾ , ബിറ്റുമിൻ ലഭ്യത ഉണ്ടായിട്ടും പുറത്തു നിന്നും വാങ്ങിയതിൽ സർക്കാരിനുണ്ടായ നഷ്ടം |
| | റവന്യൂ വകുപ്പ് | കളക്ടറേറ്റ് കാസറഗോഡ് | കാസറഗോഡ് കളക്ടറേറ്റിലെ റവന്യൂ വകുപ്പിന്റെ ഔദ്യോഗിക വാഹനമായ KL-14-P -5009 ബൊലേറോ ജീപ്പ് ദുരുപയോഗം നടത്തിയതിന് 1523 /- രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്. |
| | തദ്ദേശ സ്വയംഭരണ വകുപ്പ് | കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് , മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത്, പരപ്പ ബ്ലോക്ക് പഞ്ചായത്ത് | കാസറഗോഡ് ജില്ലയിലെ വിവിധ ബ്ലോക്കുകളിൽ നടപ്പിലാക്കുന്ന പദ്ധതികൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിനു നിർമ്മാണ പ്രവർത്തികളിൽ ധൂർത്തുകൾ, നിർമ്മാണം സമയ ബന്ധിതമായി പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കുവാനും ഭരണവകുപ്പിനോട് നിർദ്ദേശിച്ചിട്ടുണ്ട്. |
| | തദ്ദേശ സ്വയംഭരണ വകുപ്പ് | ബദിയടുക്ക ഗ്രാമപഞ്ചായത്ത് , എൽ.എസ്.ജി.ഡി എ .ഇ ഓഫീസ് ബദിയടുക്ക | ബദിയടുക്ക ഗ്രാമ പഞ്ചായത്ത് 2018-19,2019-20 സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കിയ മിനി മാസ്റ്റ ലൈറ്റ്, സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ എന്നീ പദ്ധതികള ടെൻഡർ നടപടികൾ, സർക്കാർ ഉത്തരവുകൾ പാലിക്കാതെ നടപ്പിലാക്കി |
| | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് | പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസ് കാസറഗോഡ് | കാസറഗോഡ് പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസറുടെ ഔദ്യോഗിക വാഹനമായ KL-26-J-4490 ബോലേറാ ജീപ്പിന്റെ ദുരുപയോഗം |
| | ജലസേചന വകുപ്പ് | കാഞ്ഞങ്ങാട് വാട്ടർ അതോറിറ്റി PH സബ് ഡിവിഷൻ ഓഫീസ് | കാഞ്ഞങ്ങാട് വാട്ടർ അതോറിറ്റി PH സബ് ഡിവിഷ ഓഫീസിലെ ഔദ്യോഗിക വാഹനമായ KL-14-N-1 ബോലേറാ ജീപ്പിന്റെ ദുരുപയോഗം |
| | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് | പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസ് കാസറഗോഡ് | കാസറഗോഡ് പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസിലെ ഔദ്യോഗിക വാഹനമായKL-26-J-449 ബോലേറാ ജീപ്പ് ദുരുപയോഗം നടത്തിയതിന് പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസർ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് എന്നിവരിൽ നിന്നും തുല്യമായി 6129/- രൂപ വീതം ഈടാക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്.<br><br>കാഞ്ഞങ്ങാട് കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഔദ്യോഗിക വാഹനമായ KL-01-BL-2716 ബോലേറാ ജീപ്പ് അറ്റ കുറ്റ പണി നടത്താതെയും മൈലേജ് ടെസ്റ്റ് നടത്തുന്നതിൽ വീഴ്ചയും കാരണം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ആകെ 11,504/ രൂപ ഈടാക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്. |
| | ഫിഷറീസ് വകുപ്പ് | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് കാസറഗോഡ് | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.സതീശൻ പി.വി യിൽ നിന്നും ആകെ 53,040/- രൂപ ഈടാക്കുന്നതിന പുറമെ അദ്ദേഹത്തിനെതിരെ ഉചിതമായ അച്ചടക്ക നടപടിക്ക് ശിപാർശ ചെയ്തിട്ടുണ്ട്. |
| | ഫിഷറീസ് വകുപ്പ് , റവന്യൂ വകുപ്പ്<br><br>രജിസ്ട്രേഷൻ വകുപ്പ് | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് കാസറഗോഡ് ,<br><br>പള്ളിക്കര വില്ലേജ് ഓഫീസ്,<br>ഉദുമ സബ് രജിസ്ട്രാർ ഓഫീസ് | സംസ്ഥാനത്തെ ഭൂരഹിത മത്സ്യ തൊഴിലാളികൾക്ക് ഭൂമി വാങ്ങുന്നതിനും ഭവന നിർമ്മാണത്തിനും ധനസഹായം നൽകുന്ന BIF-HDF പദ്ധതിയിലെ മാർഗ നിർദ്ദേശങ്ങളെ കുറിച്ച് പ്രതിപാദിക്കുന്ന 07.12.2016 െല സ.ഉ.(സാധാ)875/2016/മ.തു.വ നമ്പർ സർക്കാർ ഉത്തരവിൽ റോഡ് സൗകര്യം ആവശ്യമായി വരുന്ന ഗുണഭോക്താക്കൾക്ക് റോഡ് സൗകര്യം ഉൾപ്പടെ 3 സെന്റ് ഭൂമി അനുവദിക്കുന്നതാ എന്ന കൃത്യമായ നിർദ്ദേശം ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് പരിഷ്കരിക്കാൻ ഭരണ വകുപ്പിന് നിർദ്ദേശം നൽകി. |
| | പൊതുമരാമത്ത് വകുപ്പ് | പൊതുമരാമത്ത് വകുപ്പ് ദേശീയ പാത ഉപവിഭാഗം എ.ഇ ഓഫീസ് കാസറഗോഡ് | കാസറഗോഡ് പൊതുമരാമത്ത് വകുപ്പ് ദേശീയ പാത ഉപവിഭാഗം എ.ഇ ഓഫീസിനു കീഴിലുള്ള വിവിധ റോ പ്രവർത്തികളിലെ അപാകതകൾ, ടെണ്ടർ നടപടിക സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ എന്നിവ പാലിച്ചിട്ടില്ല |
| | തദ്ദേശ സ്വയം ഭരണ വകുപ്പ് | ബദിയടുക്ക ഗ്രാമപഞ്ചായത്ത് , എൽ.എസ്.ജി.ഡി എ .ഇ ഓഫീസ് | ബദിയടുക്ക ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ മൈക്രോ എന്റർപ്രൈസുകളുടെ ഭൗതിക സൗകര്യം |

| | | | |
|---|---|---|---|
| | | ബദിയടുക്ക | മെച്ചപ്പെടുത്തൽ പദ്ധതി പ്രകാരം വാങ്ങിച്ച ഫർണിച്ചറുകൾ തേക്ക് മരത്തിന്റേതാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ വയറിങ് പ്രവൃത്തി പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ ഉദ്യോഗസ്ഥരുടെ മേൽ നോട്ടത്തിൽ പൂർത്തിയാക്കേണ്ടതാണ്. |
| | ആരോഗ്യവകുപ്പ് ,<br><br>തദ്ദേശസ്വയം ഭരണ വകുപ്പ് | കാസറഗോഡ് ജനറൽ ആശുപത്രി , കാസറഗോഡ് നഗരസഭ | കാസറഗോഡ് ജനറൽ ആശുപത്രിയിൽ സി.സി.ടി. ക്യാമറകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച കരാറിൽ അറ്റകുറ്റ പണി നടത്തുന്നത് സംബന്ധിച്ച വ്യവസ്ഥക ഉൾപ്പെടുത്തിയിട്ടില്ല |
| | പൊതുമരാമത്ത് വകുപ്പ് | ഗവ.ഗസ്റ്റ് ഹൗസ് കാസറഗോഡ് | സർക്കാർ ഓഫീസുകളിൽ നിർബന്ധമായും സ്ഥാപിക്കേണ്ട വിവരാവകാശ നിയമം, വിജിലൻസ് വകുപ്പിനെ കുറിച്ചുള്ള ബോർഡുകൾ എന്നിവ സ്ഥാപിച്ചിട്ടില്ല. |
| | റവന്യൂ വകുപ്പ്,<br><br>ഭക്ഷ്യ പൊതു വിതരണ വകുപ്പ് | താലൂക്ക് ഓഫീസ്,ഹൊസ്ദുർഗ്, താലൂക്ക് സപ്ലൈ ഓഫീസ് ഹൊസ്ദുർഗ് | ഹൊസ്ദുർഗ് താലൂക്ക് സപ്ലൈ ഓഫീസിന്റെ ഔദ്യോഗിക വാഹനമായ KL 01 CB 5834 മഹിന്ദ്ര TUV 300 ദുരുപയോഗം നടത്തിയതിന് 6540/- രൂപ അന്നത്തെ ഹൊസ്ദുർഗ് താലൂക്ക് സപ്ലൈ ഓഫീസറിൽ നിന്നും ഈടാക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്.<br><br>ഹൊസ്ദുർഗ് താലൂക്ക് ഓഫീസിന്റെ ഔദ്യോഗിക വാഹനമായ KL 14 P 9009 മഹീന്ദ്ര ബൊലേറോ ദുരുപയോഗം നടത്തിയതിന് 8549/- രൂപ അന്നത്തെ ഹൊസ്ദുർഗ് തഹസിൽദാറിൽ നിന്നും ഈടാക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്. |
| | പട്ടിക വർഗ്ഗ വികസന വകുപ്പ് | പട്ടിക വർഗ്ഗ വികസന ഓഫീസ് കാസറഗോഡ് | കാസറഗോഡ് ജില്ലയിലെ കൊറഗ വിഭാഗത്തിന്റെ ചൂരൽ, മുള എന്നിവ കൊണ്ടുള്ള ഉൽപ്പന്നങ്ങൾ നിർമിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനുമായി യാത്ര ടൂറിസം റിസർച് ആൻഡ് ആക്ഷൻ കാഞ്ഞങ്ങാട് എ സംഘടനയ്ക്ക് 2003 വർഷത്തിൽ അനുവദിച്ച 1.80 ലക്ഷം രൂപ മേൽ ആവശ്യത്തിനായി ചെലവഴികാതെയും ടി തുക അക്കൗണ്ടിൽ വന്ന് 20 വർഷത്തിനു ശേഷം പലിശ സഹിതം 3,67,600/-രൂ സർക്കാരിലേക്ക് തിരിച്ചടച്ചു |
| | തദ്ദേശ സ്വയംഭരണ വകുപ്പ് | ബദിയടുക്ക ഗ്രാമപഞ്ചായത്ത് | കാസറഗോഡ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ എംപ്ലോയ്മെന്റ് മാർക്കറ്റ് ഇൻഫർമേഷൻ വിഭാഗത്തി ഇ.ആർ.2 എന്ന ത്രൈ മാസ റിട്ടേൺ കഴിഞ്ഞ 3 വർഷമായി ഒരിക്കൽ പോലും ബദിയടുക്ക പഞ്ചായത്ത നൽകിയിട്ടില്ല. |
| | തദ്ദേശ സ്വയംഭരണ വകുപ്പ് | കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് | കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെ ഫ്ര ഓഫീസ് നിർമ്മാണ പ്രവൃത്തി പൂർത്തിയായെങ്കിലും ഓഫീസ് പ്രവർത്തനം ഇത് വരെ ആരംഭിച്ചിട്ടില്ല. |
| | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് | കാസറഗോഡ് പുല്ലൂർ സ്റ്റേറ്റ് സീഡ് ഫാം | നടീൽ വസ്തുക്കളുടെ ഉൽപ്പാദനം ,വിതരണം എന്നിവ കാര്യക്ഷമമായി നടത്തേണ്ടതും, വരവ് ചെലവ് കണക്കുകൾ പരിശോധിച്ചതിൽ ഫാം നഷ്ടത്തിലാണെന്ന് ബോധ്യപ്പെട്ടാൽ പുതുതായി തൊഴിലാളികളെ നിയമിക്കുന്നതിലും സ്ഥിരപ്പെടുത്തുന്നതിലും കർശന നിയന്ത്രണം ഏർപ്പെടുത്തണമെന്നും കൃഷി വികസന ഡയറക്ടറുടെ ഉത്തരവുകൾ പാലിക്കാൻ കാസറഗോഡ് പുല്ലൂർ സ്റ്റേ സീഡ് ഫാമിലെ അസ്സിസ്റ്റന്റിനു കർശന നിർദ്ദേശം ഭരണ വകുപ്പ് നൽകണമെന്നും കൃഷി അസ്സിസ്റ്റന്റിന്റെ പ്രവർത്തനങ്ങൾ സീനിയർ കൃഷി ഓഫീസർ വിലയിരുത്തേണ്ടതുമാണ്. |
| | പൊതു വിദ്യാഭ്യാസ വകുപ്പ് | DDE ഓഫീസ് കാസറഗോഡ് , AEO ഓഫീസ് കാസറഗോഡ് | കാസറഗോഡ് ജില്ലയിലെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അധീനതയിലുള്ള വിവിധ ഓഫീസുകളിൽ നിന്നും ആകെ ₹32,10,024.22/- രൂപ തിരിച്ചെടുക്കാവുന്നതാണെന്നു കണ്ടെത്തി. |
| | തദ്ദേശ സ്വയം ഭരണ വകുപ്പ് | കോടോം ബേളൂർ ഗ്രാമപഞ്ചായത്ത് | കോടോം ബേളൂർ ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷം നടപ്പിലാക്കിയ സേവാഗ്രാം ഗ്രാമകേന്ദ്രം , സ്കൂളുകളിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിക്കൽ , സ്മാർട്ട് ക്ലാസ് റൂം എന്നീ പദ്ധതികൾ നടപ്പാക്കുന്നതിലെ അപാകതകൾ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | തദ്ദേശ സ്വയംഭരണ വകുപ്പ് | ബദിയടുക്ക ഗ്രാമപഞ്ചായത്ത് , എൽ.എസ്.ജി.ഡി എ .ഇ ഓഫീസ് ബദിയടുക്ക , എൽ.എസ്.ജി.ഡി ഇ. ഇ ഓഫീസ് കാസറഗോഡ് | ബദിയടുക്ക ഗ്രാമപഞ്ചായത്തിലെ ബഡ്സ്സ്കൂൾ നിർമ്മാണത്തിലെ അപാകതകൾ ഉള്ളതായി ചീഫ് ടെക്നിക്കൽ എക്സാമിനർ, കാസറഗോഡ് പഞ്ചായത്ത ഡെപ്യൂട്ടി ഡയറക്ടർ എന്നിവർ റിപ്പോർട്ട് ചെയ്തതിന്റെയും ഫീൽഡ് പരിശോധനയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ച ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടിക്ക് ശിപാർ ചെയ്തിട്ടുണ്ട്. |
| | | | | | തദ്ദേശ സ്വയംഭരണ വകുപ്പ്<br><br>ഡയറി വകുപ്പ് | കാറഡുക്ക ബ്ലോക്ക്പഞ്ചായത്ത്, ഡയറി ഓഫീസ് കാറഡുക്ക | പ്രൊജക്റ്റ് നം.52/2021 വനിത സംഘങ്ങൾക്ക് പശു വളർത്തൽ എന്ന പദ്ധതിയിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് - കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിലെ ഡയറി ഫാം ഇൻസ്ട്രക്ടർ ശ്രീ.ബിനുമോൻ എന്നവർക്കെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നതിനാൽ പ്രൊജക്റ്റ് നം.52/2021 വനിത സംഘങ്ങൾക്ക് പശു വളർത്തൽ എന്ന പദ്ധതിയിലെ ക്രമക്കേടുകളും അന്വേഷണ പരിധിയിലുൾപ്പെടുത്തണമെന്ന് ഭരണവകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| | | | | | പട്ടിക ജാതി വികസന വകുപ്പ് | പട്ടിക ജാതി വികസന ഓഫീസ് കാസറഗോഡ് | അംബേദ്കർ ഗ്രാമം പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ നിർമ്മിതി കേന്ദ്രവുമായി 2018 ൽ കരാറിൽ ഏർപ്പെട്ട് 2 വർഷം പിന്നിട്ടിട്ടും പ്രവൃത്തികൾ പൂർത്തിയാക്കാതെയും , എസ്റ്റിമേറ്റ് റിവൈസ് ചെയ്ത ശേഷം ജില്ലാ നിർമ്മിതി കേന്ദ്രവുമായി പുതുക്കിയ MO ഒപ്പ് വയ്ക്കാതെയും പ്രവൃത്തി നിർവ്വഹിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. പ്രവൃത്തികൾ വൈകിപ്പിച്ചതുകാരണം എസ്റ്റിമേറ്റ് തുകയിൽ അധികരിച്ചത് 24,02,086/- രൂപയാണ്. അകാരണമായി പദ്ധതി വൈകിപ്പിച്ചതിന് നിർവ്വഹ ഉദ്യോഗസ്ഥനായ കാസർഗോഡ് ജില്ലാ പട്ടികജാതി വികസന ഓഫീസർക്കെതിരെ നടപടിക്ക് ശിപാർശ ചെയ്തിട്ടുണ്ട്. |
| | | | | | തദ്ദേശ സ്വയംഭരണ വകുപ്പ് | മധൂർ ഗ്രാമപഞ്ചായത്ത് | മധൂർ ഗ്രാമപഞ്ചായത്തിൽ ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിന് ഫണ്ട് ലഭിക്കുവാൻ മധൂർ സർവീസ് കോപ്പറേറ്റീവ് സൊസൈറ്റി ബാങ്കിൽ തുടങ്ങിയ അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 6477) 30-08-2024 തീയതി വരെ പലിശ ഇനത്തിൽ 3,56,271/- രൂപ അവശേഷിക്കുന്നതായി കണ്ടെത്തി. |
| | | | | | ജല വിഭവ വകുപ്പ് , തദ്ദേശസ്വയം ഭരണ വകുപ്പ്<br><br>ആരോഗ്യ വകുപ്പ് | ജില്ലാ ആശുപത്രി കാസറഗോഡ് (കാഞ്ഞങ്ങാട്), ജില്ലാ പഞ്ചായത്ത് കാസറഗോഡ് | കാസറഗോഡ് ജില്ലാശുപത്രി സമഗ്ര കുടിവെള്ള പദ്ധതിക്കായി കാസറഗോഡ് ജില്ലാപഞ്ചായത്ത് 201 14, 2014-15 വർഷങ്ങളിൽ 150 ലക്ഷം രൂപ കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടും നാളിതുവരെയായ പണി പൂർത്തിയായിട്ടില്ല. ഇത് പൂർത്തിയാക്കുമെന്ന് കേരള വാട്ടർ അതോറിറ്റി ജില്ലാ പഞ്ചായത്തിന് ഉറപ്പ് നൽകിയിട്ടുണ്ട്. |
| | | | | | ആരോഗ്യ വകുപ്പ് | ജില്ലാ ആശുപത്രി കാസറഗോഡ് (കാഞ്ഞങ്ങാട്) | കാസറഗോഡ് ജില്ലാശുപത്രിയിലെ വയോജന പരിപാലനവും മരുന്ന്, ഉപകരണങ്ങൾ വാങ്ങൽ പദ്ധ നടപ്പിലാക്കുന്നതിൽ കാലതാമസം നേരിട്ടു. |
| | | | | | ആരോഗ്യവകുപ്പ് | ജില്ലാ ആശുപത്രി കാസറഗോഡ് (കാഞ്ഞങ്ങാട്) | കാസറഗോഡ് ജില്ലാശുപത്രി വനിതാ വാർഡിലേക്ക് 36,76,490/- രൂപ ചിലവഴിച്ച് കെൽട്രോൺ മുഖേന സ്ഥാപിച്ച സൗരോർജ നിലയം കേവലം 4 മാസത്തിനുള്ളിൽ പ്രവർത്തന രഹിതമായ നിലയിലാണ്. ഇത് കെൽട്രോണിന്റെ ഭാഗത്ത് നിന്നു വീഴ്ചയാണ്. ഇത് അറ്റ കുറ്റ പണി നടത്തി പ്രവർത്തക്ഷമമാകാത്ത പക്ഷം കെൽട്രോണിന്റെ ബാധ്യതയായി നിശ്ചയിക്കാവുന്നതാണ്.<br><br>കൂടാതെ 36,76,490/- രൂപ ചിലവഴിച്ച് നിർമിച്ച സൗരോർജ നിലയത്തിന്റെ ചിലവഴിച്ചതിന്റെ ഫയൽ ആവശ്യപ്പെട്ടപ്പോൾ ₹6,76,490/-രൂപ ചിലവഴിച്ചതിന ഫയൽ മാത്രമാണ് കെൽട്രോൺ നൽകിയിട്ടുള്ളൂ. |
| | | | | | തദ്ദേശ സ്വയംഭരണ വകുപ്പ് | ബദിയടുക്ക ഗ്രാമപഞ്ചായത്ത് | ബദിയടുക്ക ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്ക്കമ്പോസ്റ്റ്പിറ്റ് വാങ്ങി നൽകുന്നതിനുള്ള പ്രോജക്റ്റ് നം.217/2022 പ്രകാരം കമ്പോസ്റ്റ്പിറ്റ് സ്ഥാപിക്കേണ്ട രണ്ട് സ്കൂളുകളിൽ പ്രോജക്റ്റ് റിവൈസ്ചെയ്യാതെയും ഡിസ്ട്രിക്റ്റ് പ്രോജക്റ്റ് കൗൺസിലിന്റെ അംഗീകാരമില്ലാതെയും |

| | | | |
|---|---|---|---|
| | | | ചട്ടവിരുദ്ധമായി ബയോഗ്യാസ്പ്ലാന്റ് സ്ഥാപിച്ചനിർവഹണ ഉദ്യോഗസ്ഥയും നിലവിൽ ന്യൂമാഹി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുമായ ശ്രീമതി.ലസിത.കെ.എ(പെൻ - 575198) എന്ന ഉദ്യോഗസ്ഥക്കെതിരെ ഉചിതമായ നടപടിഎടുക്കാൻ ഭരണവകുപ്പിനോട് നിർദ്ദേശിച്ചിട്ടുണ്ട്. |
| | തദ്ദേശസ്വയം ഭരണ വകുപ്പ് | ബദിയടുക്ക ഗ്രാമപഞ്ചായത്ത് | ബദിയടുക്ക ഗ്രാമപഞ്ചായത്തിൽ 2021 സെപ്റ്റംബർ 28,29,30 തീയതികളിൽ ജോലി ചെയ്യാതെ ദിവസ വേതനമായ 740/- രൂപ വെച്ച് 2220/- രൂപ അധികമായി കൈപറ്റിയിട്ടുള്ള തുക തിരിച്ചടക്കുന്നത് സംബന്ധിച്ച സംസ്ഥാന ഓഡിറ്റ് വകുപ്പിലെ ശിപാർ നടപ്പാക്കേണ്ടതാണ്.ഇത് തിരിച്ചടക്കാത്തപക്ഷം അധ വേതനം നൽകിയ ടി കാലയളവിലെ ഡി.ഡി.ഒ ആയിരുന്ന ബദിയടുക്ക ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി. ലസിത കെ.എ (പെൻനമ്പർ 579198) എന്നവരിൽ നിന്നും ഈടാക്കേണ്ടതാണ്. |
| | പൊതുമരാമത്ത് വകുപ്പ് | കാസറഗോഡ് പൊതുമരാമത്ത്റോഡ് ഡിവിഷൻ, സബ്ഡിവിഷൻ ഓഫീസ് | കാസറഗോഡ് പൊതുമരാമത്ത് റോഡ് ഡിവിഷൻ, സബ്ഡിവിഷൻ ഓഫീസിനു കീഴിലുള്ള വിവിധ റോഡ പ്രവർത്തികളിലെ അപാകതകൾ, ബിറ്റുമിൻ ലഭ്യത ഉണ്ടായിട്ടും പുറത്തു നിന്നും വാങ്ങിയതിൽ സർക്കാരിനുണ്ടായ നഷ്ടം |
| | ആരോഗ്യ വകുപ്പ് | ജനറൽ ആശുപത്രി കാസറഗോഡ് | താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ 26.02.2016 ലെ സ.ഉ (അ) 28 2016/ധന നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ച കൊണ്ട് നടത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. |
| | പൊതുമരാമത്ത് വകുപ്പ് | പൊതുമരാമത്ത് വകുപ്പ് കെട്ടിട അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ് കാസറഗോഡ് | കേരള P W D മാന്വൽ10.1.7 പ്രകാരം Supplementa Estimate വ്യവസ്ഥകൾക്ക് വിധേയമായി ഉപകരാറി ഏർപ്പെടുമ്പോൾ ഏറ്റെടുക്കുന്ന പ്രവർത്തിയുടെ മുഴുവന ഭാഗവും ഉൾപ്പെടുത്താൻ ജാഗ്രത പുലർത്തണമെന്ന് നിർദ്ദേശം ഭരണവകുപ്പിന് നൽകിയിട്ടുണ്ട്. |
| | തദ്ദേശ സ്വയം ഭരണവകുപ്പ് | മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് – അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ ഓഫീസ് | ടെൻഡർ നടപടിക്രമം, സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ എന്നിവ പാലിക്കാതെ സിംഗിൾ ടെൻഡറിലൂടെ 20 ലക്ഷം രൂപ ചിലവഴിച്ച് മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് |
| | റവന്യൂ വകുപ്പ് | കളക്ടറേറ്റ് വയനാട്<br>താലൂക്ക് ഓഫീസ്, വൈത്തിരി<br>താലൂക്ക് ഓഫീസ്, മാനന്തവാടി<br>താലൂക്ക് ഓഫീസ്, സുൽത്താൻ ബത്തേരി | CMDRF ൽ ഗുണഭോക്താക്കൾക്ക് അനുവദിച്ച തുക അക്കൗണ്ടിൽ ക്രഡിറ്റ് ആവാതെ ട്രഷറിയുടെ സസ്പെൻസ് അക്കൗണ്ടിൽ വർഷങ്ങളായി നിലനിൽക്കുന്നതായി കണ്ടെത്തി |
| | ക്ഷീര വികസന വകുപ്പ് | ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, കൽപ്പറ്റ | മൊബൈൽ പാൽ പരിശോധനാ ലബോറട്ടറി വാഹ ദുരുപയോഗം ചെയ്യുന്നതായി കണ്ടെത്തി |
| | തദ്ദേശ സ്വയംഭരണ വകുപ്പ് | പൊഴുതന ഗ്രാമ പഞ്ചായത്ത് | തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കേണ്ട പ്രവൃത്തികൾ കരാറുകാരെ വച്ച് നടപ്പിലാക്കിയതായി കണ്ടെത്തി |
| | തദ്ദേശ സ്വയംഭരണ വകുപ്പ് | മാനന്തവാടി മുനിസിപ്പാലിറ്റി | നടപ്പാത നിർമ്മാണത്തിൽ അഴിമതി കണ്ടെത്തി. ചിറക്കര ഒന്നാം നമ്പർ കോളനി റോഡ് മുനിസിപ്പാലിറ്റിയുടെ ആസ്തിയിൽ ഉൾപ്പെടുന്നില്ല. |
| | തദ്ദേശ സ്വയംഭരണ വകുപ്പ് | അമ്പലവയൽ ഗ്രാമ പഞ്ചായത്ത് | മട്ടപ്പാറ കുടിവെള്ള പദ്ധതിയിൽ ക്രമക്കേട് കണ്ടെത്ത അച്ചടക്കനടപടി സ്വീകരിക്കുന്നതിനും തുക തിരിച്ച് പിടിക്കുന്നതിനും നിർദ്ദേശിച്ചു. |
| | മൃഗസംരക്ഷണ വകുപ്പ് | വെറ്റിനറി പോളി ക്ലിനിക് വയനാട്, കൽപ്പറ്റ | ഡോ. മീര മോഹൻദാസ് സാമ്പത്തിക ക്രമക്കേടുകൾ നടത്തിയതായി കണ്ടെത്തി |
| | കായിക വകുപ്പ് | ജില്ലാ സ്പോർട്സ് കൗൺസിൽ വയനാട്, കൽപ്പറ്റ | സാമ്പത്തിക ക്രമക്കേട് കണ്ടെത്തി |
| | തദ്ദേശ സ്വയംഭരണ വകുപ്പ് | പനമരം ബ്ലോക്ക് പഞ്ചായത്ത് | പുൽപ്പള്ളി വനിതാ ഖാദി ഉൽപ്പാദന കേന്ദ്ര നവീകരണവുമായി ബന്ധപ്പെട്ട് ക്രമക്കേടുകൾ കണ്ടെത്തി |
| | തദ്ദേശ സ്വയംഭരണ വകുപ്പ് | കോട്ടത്തറ ഗ്രാമ പഞ്ചായത്ത് | വലിയകുന്ന് SC കോളനിയിൽ നടപ്പിലാക്കിയ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ക്രമക്കേടുകൾ കണ്ടെത്തി |
| | സാമൂഹ്യനീതി വകുപ്പ് | ഗവ.വൃദ്ധസദനം കണിയാമ്പറ്റ | മരണപ്പെട്ട അന്തേവാസികളുടെ സ്വർണ്ണാഭരങ്ങളും പണവും ലോക്കറിൽ സൂക്ഷിച്ചു വരുന്നതായി കണ്ടെ |

| | | | |
|---|---|---|---|
| | മൃഗസംരക്ഷണ വകുപ്പ് | എ.ബി.സി പ്രോഗ്രാം വയനാട് | പ്രോഗ്രാം നടത്തിപ്പിനായി സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണെന്നു കണ്ടെത്തി |
| | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് | പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം അമ്പലവയൽ | വില നിലവാരം കാലികമാക്കാതെ ഉൽപ്പന്നങ്ങൾ വിറ്റഴിച്ചതായി കണ്ടെത്തി |
| | ഉന്നതവിദ്യാഭ്യാസ വകുപ്പ് | പഴശ്ശിരാജാ കോളേജ് പുൽപ്പള്ളി | അദ്ധ്യാപക നിയമനങ്ങളിൽ ക്രമക്കേട് കണ്ടെത്തി. |
| | നികുതി വകുപ്പ് | കെ.എസ്.എഫ്.ഇ, അമ്പലവയൽ | ക്രമക്കേട് കണ്ടെത്തി വിജിലൻസ് അന്വേഷണം ശിപാർശ ചെയ്തു. |
| | റവന്യൂ വകുപ്പ്<br><br>തദ്ദേശ സ്വയംഭരണ വകുപ്പ് | താലൂക്ക് ഓഫീസ് മാനന്തവാടി<br><br>ബ്ലോക്ക് പഞ്ചായത്ത്, മാനന്തവാടി<br><br>കാഞ്ഞിരങ്ങാട് വില്ലേജ് ഓഫീസ്<br><br>തൊണ്ടർനാട് വില്ലേജ് ഓഫീസ്<br><br>പനമരം വില്ലേജ് ഓഫീസ്<br><br>എടവക വില്ലേജ് ഓഫീസ്<br><br>അഞ്ചുകുന്ന് വില്ലേജ് ഓഫീസ്<br><br>തിരുനെല്ലി വില്ലേജ് ഓഫീസ് | 2018 ലെ പ്രളയവുമായി ബന്ധപ്പെട്ട് വില്ലേജ് ഓഫീസർമാർ വ്യാജ ബില്ലുകളും വൗച്ചറുകളും സമർപ്പ് തുക തട്ടിയെടുത്തതായി കണ്ടെത്തി |
| | ആരോഗ്യവകുപ്പ് | ജില്ലാ ആയുർവേദ ആശുപത്രി, കൽപ്പറ്റ, വയനാട്, | സാമ്പത്തിക വർഷാവസാനം തിടുക്കപ്പെട്ട് പർച്ചേസ് നടപടികൾ പൂർത്തിയാക്കിയതായി കണ്ടെത്തി |
| | ആരോഗ്യവകുപ്പ് | ജില്ലാ ആശുപത്രി മാനന്തവാടി | മാതൃയാനം പദ്ധതിയിൽ ടെണ്ടർ നിബന്ധന പാലിച്ചിട്ടില്ല എന്നു കണ്ടെത്തി |
| | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് | കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ്, കണിയാമ്പറ്റ | വയനാട് ജില്ലാ പഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തി വാങ്ങി നൽകിയ കൊയ്ത്തു മെതിയന്ത്രം പ്രവർത്തിപ്പിക്കുന്നതിൽ നിരവധി അപാകതകൾ കണ്ടെത്തി |
| | പട്ടികവർഗ്ഗ വികസന വകുപ്പ് | സംയോജിത പട്ടികവർഗ്ഗ വികസന പ്രോജക്റ്റ് ഡയറക്ടറുടെ കാര്യാലയം കൽപ്പറ്റ, TDO മാനന്തവാടി, TDO സുൽത്താൻ ബത്തേരി, ജില്ലയിലെ 15 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകൾ | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ജില്ലയിലെ ഓഫിസുകൾക്ക് പദ്ധതികൾക്കായി അനുവദിച്ച തുക സമയബന്ധിതമായി ചെലവഴിക്കാതെ വർഷങ്ങളായ ബാങ്ക് അക്കൌണ്ടുകളിൽ നിലനിർത്തിയതായി കാണാൻ കഴിഞ്ഞു. |
| | തദ്ദേശ സ്വയംഭരണ വകുപ്പ് | തവിഞ്ഞാൽ ഗ്രാമ പഞ്ചായത്ത് | ഔദ്യോഗിക വാഹന ദുരുപയോഗം കണ്ടെത്തി |
| | പട്ടികവർഗ്ഗ വികസന വകുപ്പ് | ഐ.റ്റി.ഡി.പി ഓഫീസ് കൽപ്പറ്റ | ആദിവാസി പുനരധിവാസ പദ്ധതി ഉദ്ദേശ ലക്ഷ്യങ്ങ പൂർത്തീകരിച്ചില്ല. |
| | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് | പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസ് വയനാട്, എ.ഡി.എ മാനന്തവാടി, എ.ഡി.എ കൽപ്പറ്റ, എ.ഡി.എ സുൽത്താൻ ബത്തേരി, എ.ഡി.എ പനമരം | കൃഷി വകുപ്പിന്റെ ജില്ലയിലെ ഓഫിസുകൾക്ക് കർഷകർക്കായി അനുവദിച്ച തുക സമയബന്ധിതമാ ചെലവഴിക്കാതെ വർഷങ്ങളായി ബാങ്ക് അക്കൌണ്ടുകളിൽ നിലനിർത്തിയതായി കാണാൻ കഴിഞ്ഞു. |
| | പൊതുമരാമത്ത് വകുപ്പ് | പൊതുമരാമത്ത് കെട്ടിട വിഭാഗം കൽപ്പറ്റ | കെട്ടിട നവീകരണത്തിന് അനാവശ്യമായി തുക ചെലവഴിച്ചതായി കണ്ടെത്തി |
| | മൃഗ സംരക്ഷണ വകുപ്പ് | ജില്ലാ മൃഗ സംരക്ഷണ ഓഫീസ്, കൽപ്പറ്റ<br><br>ജില്ലാ വെറ്ററിനറി സെന്റർ, കൽപ്പറ്റ | തിരിച്ചറിയാനാവാത്ത തുക അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തായി കണ്ടെത്തി. |
| | പട്ടികജാതി വികസന വകുപ്പ് | ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ്, കൽപ്പറ്റ | ഭൂരഹിതരായ SC ഗുണഭോക്താക്കൾക്ക് സ്ഥലം വാ നൽകുന്നതിൽ ക്രമക്കേട് കണ്ടെത്തി |
| | ക്ഷീര വികസന വകുപ്പ് | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഡയറി ഡെവലപ്മെന്റ് വയനാട്,<br><br>ഡയറി എക്സ്റ്റൻഷൻ സർവീസ് യൂണിറ്റ് കൽപ്പറ്റ, ഡയറി എക്സ്റ്റൻഷൻ സർവീസ് യൂണിറ്റ് മാനന്തവാടി,<br><br>ഡയറി എക്സ്റ്റൻഷൻ സർവീസ് യൂണിറ്റ് പനമരം,<br><br>ഡയറി എക്സ്റ്റൻഷൻ സർവീസ് യൂണിറ്റ് സുൽത്താൻ ബത്തേരി | ചെലവഴിക്കാത്ത തുക ട്രഷറി അക്കൗണ്ടിൽ നീക്കിയിരിപ്പുള്ളതായി കണ്ടെത്തി |
| | നികുതി വകുപ്പ് | ജി.എസ്.ടി ഓഫീസ് കൽപ്പറ്റ | ഔദ്യോഗിക വാഹന ഉപയോഗത്തിൽ ക്രമക്കേട് കണ്ടെത്തി |
| | വനം വകുപ്പ് | സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ വയനാട്, | വനം വകുപ്പിന്റെ ജില്ലയിലെ ഓഫിസുകൾക്ക് പദ്ധതികൾക്കായി അനുവദിച്ച തുക |

| | | | |
|---|---|---|---|
| | | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് സൗത്ത് വയനാട്, കൽപ്പറ്റ,<br>ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് നോർത്ത് വയനാട്, മാനന്തവാടി,<br>ഓഫീസ് ഓഫ് വൈൽഡ് ലൈഫ് വാർഡൻ, സുൽത്താൻ ബത്തേരി | സമയബന്ധിതമായി ചെലവഴിക്കാതെ വർഷങ്ങളാ ട്രഷറി, ബാങ്ക് അക്കൗണ്ടുകളിൽ നിലനിർത്തിയതാ കാണാൻ കഴിഞ്ഞു. |
| | പട്ടികവർഗ്ഗ വികസന വകുപ്പ് | ട്രൈബൽ ഡവലപ്മെന്റ് ഓഫീസ് മാനന്തവാടി | ലാൻറ് ബാങ്ക് പദ്ധതിയിൽ ST വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഭൂമി ഏറ്റെടുക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടില്ല |
| | തദ്ദേശ സ്വയംഭരണ വകുപ്പ് | മുട്ടിൽ ഗ്രാമ പഞ്ചായത്ത് | ഈരായിക്കുന്ന് റോഡ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുത്തതിൽ വിഷയങ്ങൾ കണ്ടെത്തി |
| | ആരോഗ്യ വകുപ്പ് | ആരോഗ്യകേരളം വയനാട് | വാഹനദുരുപയോഗം കണ്ടെത്തി |
| | ആരോഗ്യ വകുപ്പ് | ആരോഗ്യകേരളം വയനാട് | കരാർ വ്യവസ്ഥകൾ പാലിക്കാതെ വാഹനങ്ങൾ കരാറിലെടുത്തതായി കണ്ടെത്തി |
| | തദ്ദേശ സ്വയംഭരണ വകുപ്പ് | നൂൽപ്പുഴ ഗ്രാമ പഞ്ചായത്ത് | കൺമണി പദ്ധതിയിൽ ക്രമക്കേട് കണ്ടെത്തി |
| | വനം വകുപ്പ് | വൈൽഡ് ലൈഫ് വാർഡൻ ഓഫീസ് സുൽത്താൻ ബത്തേരി | ടെണ്ടറിൽ ക്രമക്കേട് കണ്ടെത്തി |
| | വിദ്യാഭ്യാസ വകുപ്പ് | സെന്റ് ജോർജ് ടി.ടി.ഐ പുൽപ്പള്ളി | ഇ-ഗ്രാൻറ് വിതരണത്തിൽ ക്രമക്കേട് കണ്ടെത്തി |
| | വനം വകുപ്പ് | ഡി.എഫ്.ഒ സൗത്ത് വയനാട് | ചെമ്പ്ര പീക്ക് ഇക്കോ ടൂറിസം സെന്ററിൽ സാമ്പത്തി വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിൽ ക്രമക്കേട് കണ്ടെത്തി |
| | പൊതുവിതരണ വകുപ്പ് | താലൂക്ക് സപ്ലൈ ഓഫീസ് മാനന്തവാടി,<br>താലൂക്ക് സപ്ലൈ ഓഫീസ് സുൽത്താൻ ബത്തേരി,<br>ജില്ലാ സപ്ലൈ ഓഫീസ്, വയനാട്, കൽപ്പറ്റ | റേഷൻ വിതരണത്തിലെ അപാകതകൾ കണ്ടെത്തി |
| | തൊഴിൽ വകുപ്പ് | ജില്ലാ എംപ്ലോയ്മെന്റ് ഓഫീസ് കൽപ്പറ്റ | HBA തുക വക മാറ്റി ചെലവഴിച്ചതായി കണ്ടെത്തി |
| | തദ്ദേശ സ്വയംഭരണ വകുപ്പ് | നെൻമേനി ഗ്രാമപഞ്ചായത്ത് | വനിതാ ITI നിർമ്മാണത്തിന് സ്ഥലമെടുപ്പിൽ ക്രമ കണ്ടെത്തി |
| | പൊതുമരാമത്ത് വകുപ്പ് | പി.ഡബ്ല്യു.ഡി റസ്റ്റ് ഹൗസ്, കൽപ്പറ്റ | VIP സന്ദർശന വേളയിൽ ഡ്യൂട്ടിയിലുണ്ടാകുന്ന PWI വകുപ്പിലെ അസിസ്റ്റന്റ് എൻജിനീയർമാർക്ക് അവരു ഹാജർ മാർക്ക് ചെയ്യുന്നതിന് രജിസ്റ്റർ സൂക്ഷിക്കുന്നി എന്ന് കണ്ടെത്തി |
| | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് | പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസ് | കരാർ നിയമനങ്ങൾ സംബന്ധിച്ചും PM കിസാൻ പദ്ധതി സംബന്ധിച്ചും ക്രമക്കേടുകൾ കണ്ടെത്തി |
| | ആരോഗ്യ വകുപ്പ്<br>സാമൂഹ്യനീതി വകുപ്പ് | ആരോഗ്യ കേരളം, വയനാട്, കൽപ്പറ്റ<br>വനിതാശിശുവികസന ഓഫീസ്, മാനന്തവാടി<br>സാമൂഹ്യനീതി ഓഫീസ്, കൽപ്പറ്റ | NHM, ICDS ന്റ കീഴിലെ വാഹനങ്ങൾ ദുരുപയോഗ ചെയ്യുന്നതായി കണ്ടെത്തി |
| | പൊതുവിദ്യാഭ്യാസ വകുപ്പ് | GHS, പരിയാരം | സ്കൂൾ വികസനത്തിനായി പൊതു ജനങ്ങളിൽ നിന്നും വിദ്യാർത്ഥികളിൽ നിന്നു പിരിവെടുത്ത തുക ചെലവഴിക്കുന്നതിൽ ക്രമക്കേട് കണ്ടെത്തി |
| | പൊതുവിദ്യാഭ്യാസ വകുപ്പ് | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എജ്യൂക്കേഷൻ വയനാട്, കൽപ്പറ്റ,<br>ഡിസ്ട്രിക്ട് എജ്യൂക്കേഷണൽ ഓഫീസ്, കൽപ്പറ്റ<br>AEO വൈത്തിരി,<br>AEO സുൽത്താൻ ബത്തേരി,<br>AEO മാനന്തവാടി | സ്ഥാപനങ്ങളിലെ വിവിധ ബാങ്ക് ട്രഷറി അക്കൗണ്ടുകളിൽ കാലങ്ങളായി സൂക്ഷിച്ച നിഷ്ക്രിയമാ തുകകൾ കണ്ടെത്തി |
| | സാമൂഹ്യ നീതി വകുപ്പ് | കേരള സാമൂഹ്യ സുരക്ഷാ മിഷൻ - SID, പൂജപ്പുര, തിരുവനന്തപുരം | വൈകല്യ ബാധിതരായ കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കുമായി സർക്കാർ അനുവദിക്കുന്ന ഫണ്ട് അവർക്കു യാതൊരു വിധ പങ്കാളിത്തവുമില്ലാ ട്രൈനിങ്ങിനും വർക്ഷോപ്പിനുമായി 3 സ്റ്റാർ 5 സ്റ്റാർ ഹോട്ടലുകളിൽ (ഉദാ - Hotel Appolo Dimora, Mascot Hotel, Hotel Chaithram in Thiruvananthapuram) വച്ച് നടത്തുന്നു എന്ന് കണ്ടെത്തി. |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | എസ്.ഐ.ഡി യുടെ വിവിധ പദ്ധതി നടത്തിപ്പുകൾക്കായി സ്റ്റേറ്റ് പ്രോജക്ട് കോ-ഓർഡിനേറ്റർമാരുടെ പേരിൽ ആരംഭിച്ച സ്വകാര്യ T അക്കൗണ്ടിലേക്ക് വിവിധ പദ്ധതികൾക്കായുള്ള മുൻഉ തുകകൾ നിക്ഷേപിച്ച് നൽകുക എന്ന ഗുരുതരമായ ചട്ടലംഘനം നടക്കുന്നതായി കണ്ടെത്തി. |
| | | | | | ടൂറിസം വകുപ്പ് | KTDC | കെ.റ്റി.ഡി.സി എക്സിക്യൂട്ടീവ് ട്രെയിനി തസ്തികയിലേക്ക പുറപ്പെടുവിച്ച 09.05.1991 തീയതിയിലെ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ലഭിച്ച അപേക്ഷകളിന്മേലുള്ള സൂക്ഷ്മപരിശോധന കെ.റ്റി.ഡി.സി യിലെ പേഴ്സണൽ വിഭാഗം കൃത്യമാ നടത്താതിരുന്നത് മൂലം വിജ്ഞാപനപ്രകാരമുള്ള പ്രായപരിധി ലംഘിച്ചും അടിസ്ഥാനയോഗ്യതയില്ലാതെയും ശ്രീ.കെ.റ്റി.സന്തോഷ്കുമാർ, ശ്രീ.ജൈബി കൊല്ലർമാലിൽ എന്നിവർ ജോലിക്കു വേണ്ടിയുള്ള അഭിമുഖത്തിൽ പങ്കെടുക്കുകയും ജോലി നേടുകയും ചെ<br><br>ഇപ്രകാരം വിജ്ഞാപനപ്രകാരമുള്ള പ്രാഥമിക യോഗ്യതയില്ലാതെയും പ്രായപരിധി ലംഘിച്ചും അനധികൃതമായി ജോലി നേടിയ ജീവനക്കാർ സേവനത്തിൽ തുടരുന്നത് കെ.റ്റി.ഡി.സി മാനേജ്മെ അറിഞ്ഞിട്ടും അത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചില്ല.<br><br>യോഗ്യതയില്ലാതെ ശ്രീ.കെ.റ്റി.സന്തോഷ്കുമാർ, ശ്രീ.ജൈബി കൊല്ലർമാലിൽ എന്നിവർ സേവനത്ത് പ്രവേശിക്കാൻ കാരണമായത് ഇവരെ സേവനത്തിര പ്രവേശിപ്പിച്ചത് മുതൽ പേഴ്സണൽ വിഭാഗത്തിൽ സേവനമനുഷ്ഠിച്ച ഉദ്യോഗസ്ഥരുടെ ഗുരുതര വീഴ്ചയാ<br><br>ശ്രീ.കെ.റ്റി.സന്തോഷ്കുമാറിനെതിരെ ബഹു.ഹൈക്കോടതി WP(C) No.7481/2011 - ആം നമ്പർ ഉത്തരവിൽ നടത്തിയ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ ഉചിതമായ നടപടി സ്വീകരിക്കാ പ്രസ്തുത വിധിന്യായം ഒന്നാം റെസ്പോൺഡെൻറ് ആയ കെ.റ്റി.ഡി.സി മാനേജിങ് ഡയറക്ടർക്ക് റ്റ്ട് ചെയ്യാതെ അന്ന് സേവനത്തിലുണ്ടായിരുന്ന പേഴ്സണൽ ഓഫീസറായ ശ്രീ.ഡാനിയേൽ ഗുരുത വീഴ്ച വരുത്തി. |
| | | | | | കാർഷിക വികസന കർഷകക്ഷേമ വകുപ്പ് | മണ്ണ് സംരക്ഷണ മണ്ണ് പര്യവേക്ഷണ ഡയറക്ടറേറ്റ്, തിരുവനന്തപുരം | റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പ ഇടുക്കി, തൃശ്ശൂർ, വയനാട്, മലപ്പുറം, കോഴിക്കോട് എന ജില്ലകളിൽ മണ്ണിടിച്ചിൽ തടയുന്നതിനും വെള്ളപ്പൊക നിവാരണത്തിനും പാടശേഖരത്തിലെ ബണ്ട് നിർമ്മാണത്തിനും വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുമാ അനുവദിച്ച പദ്ധതി തുക ഡയറക്ടറേറ്റിലെയും വകുപ്പി മറ്റ് ഓഫീസുകളിലെയും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്താൻ ഉപയോഗിച്ചു എന്ന ഗുരുതരമായ ചട്ടലംഘനം കണ്ടെത്തി. പദ്ധതി തുക വകമാറ്റി ചെലവഴിക്കാൻ അനുമതി നൽകിയ വകുപ്പ് ഡയറക്ടറുടെ നടപടി അത്യന്തം ഗുരുതരമായ കൃത്യവിലോപമാണെന്നും കണ്ടെത്തി.<br><br>മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനായി വില കൂടിയ ഹൈ എൻഡ് ലാപ്ടോപ്പുകൾ, കംപ്യൂട്ടറുകൾ അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങിയത് പദ്ധതി നടത്തിപ്പിനായി അനുവദിച്ച തുകയുടെ ദുർവ്യയമാണ് എന്ന് കണ്ടെത്തി. |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിലെ ഹെഡ<br>ക്ലർക്കായ ശ്രീ.രാജഗോപാൽ.പി.എസ് ഇ-ഓഫീസ്<br>ഫയലുകളിൽ 'ജൂനിയർ സൂപ്രണ്ട്' എന്ന ഉയർന്ന<br>സ്ഥാനപ്പേരിൽ ഡിജിറ്റൽ സിഗ്നേച്ചർ ചാർത്തുകയും<br>ഹാജർ ബുക്കിൽ സ്ഥാനപ്പേരായി 'ജൂനിയർ സൂപ്രണ്ട്'<br>എന്ന് ചേർക്കുകയും ഫെയർ കോപ്പികളിൽ 'ജൂനിയർ<br>സൂപ്രണ്ട്' എന്ന സ്ഥാനപ്പേരിൽ ഒപ്പ് ചാർത്തുകയും ചെ<br>ഗുരുതരമായ അച്ചടക്ക ലംഘനം നടത്തി.<br><br>ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ<br>അന്വേഷണത്തെ തെറ്റിദ്ധരിപ്പിക്കും വിധം മണ്ണ്<br>പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിലെ ഉദ്യോഗസ<br>വസ്തുത വിരുദ്ധമായി മറുപടി നൽകി.<br><br>മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിൽ സ്പാർ<br>അധിഷ്ഠിതമായ ഓൺലൈൻ ട്രാൻസ്ഫർ നാളിതു വ<br>പൂർണമായ തോതിൽ നടപ്പിലാക്കിയിട്ടില്ല. സർക്കാർ<br>മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള പൊതുസ്ഥലം<br>മാറ്റമാണ് വകുപ്പിൽ നടന്നു വരുന്നത്. സ്പാർക്<br>അധിഷ്ഠിതമായ ഓൺലൈൻ ട്രാൻസ്ഫർ സംവിധാന<br>വകുപ്പിൽ നടപ്പിലാകാത്തത് ഉദ്യോഗസ്ഥരുടെ ഭാഗ<br>നിന്നുള്ള കടുത്ത അനാസ്ഥ മൂലമാണെന്ന് കണ്ടെത്ത<br><br>മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിൽ<br>നിലനിൽക്കുന്ന 'സ്പെഷ്യൽ ഡ്യൂട്ടി' വ്യവസ്ഥ നിലവിലെ<br>ചട്ടങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും വിരുദ്ധമാ<br>എന്ന് കണ്ടെത്തി.<br><br>മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ<br>ഡയറക്ടറേറ്റിലെ ഫിനാൻസ് സെക്ഷൻ ഹെഡ്<br>ക്ലർക്കായ ശ്രീ.രാജഗോപാൽ.പി.എസ് പ്ലാൻ/നോ<br>പ്ലാൻ ഫണ്ടുകളുടെ അലോക്കേഷൻ സംബന്ധിച്ച<br>ഫയലുകളിൽ ഫിനാൻസ് ഓഫീസറോ വകുപ്പ്<br>ഡയറക്ടറോ കാണാതെ നടപടി സ്വീകരിക്കുക എന്ന<br>ഗുരുതരമായ അച്ചടക്കലംഘനവും കൃത്യവിലോപവും<br>വരുത്തിയിട്ടുണ്ട്. |
| | | | | | പൊതുമരാമത്ത് വകുപ്പ് | കോഴിക്കോട്, പാലക്കാട് ദേശീയ പാതയിൽ അരിപ്ര മുതൽ നാട്ടുകൽ വരെയുള്ള പ്രവൃത്തികളുമായി ബന്ധപ്പെട്ട് വിവിധ ക്രമക്കേടുകൾ സംബന്ധിച്ച പരിശോധന | കോഴിക്കോട്-പാലക്കാട് ദേശീയപാത 966-ലെ (Old<br>NH-213) അരിപ്ര മുതൽ നാട്ടുകൽ വരെയുള്ള<br>(ചെയിനേജ് 64/000 മുതൽ 87/000 വരെ) 23<br>കിലോമീറ്റർ റോഡിൻറെ വീതി കൂട്ടി ഉപരിതലം<br>ബലപ്പെടുത്തുന്ന പ്രവൃത്തിയുടെ അസംസ്കൃത<br>വസ്തുക്കളുടെ ടെസ്റ്റ് റിസൾട്ടുകൾ അവലോകനം<br>ചെയ്തതിൽ നിന്ന് GSB, WMM, DBM, BC<br>എന്നിവയുടെ അളവുകളിൽ കുറവുള്ളതായും ക്വാളിറ്റി<br>വിഭാഗം തയ്യാറാക്കിയ ടെസ്റ്റ് റിപ്പോർട്ടുകളും ഫൈന<br>ബില്ലും താരതമ്യപ്പെടുത്തി നോക്കുമ്പോൾ വന്നിട്ടുള്ള<br>നഷ്ടം 7,19,42,216 രൂപയാണ് എന്ന് ചീഫ് ടെക്നിക്ക<br>എക്സാമിനർ സാക്ഷ്യപ്പെടുത്തി. എസ്റ്റിമേറ്റ് പ്രകാരം<br>നിർവഹിക്കേണ്ട പ്രവൃത്തിയിൽ കൃത്രിമം കാണിച്ച്<br>കരാറുകാരൻ/കമ്പനിയായ M/s മലബാർ ടെക്<br>സർക്കാരിന് ഭീമമായ നഷ്ടമുണ്ടാക്കിയതായി<br>കണ്ടെത്തി.<br><br>എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീ.മുഹമ്മദ്<br>ഇസ്മായിൽ.കെ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ്<br>എഞ്ചിനീയറായ ശ്രീമതി സിമി.എം.കെ, അസിസ്റ്റന്റ്<br>എഞ്ചിനീയറായ ശ്രീ.മുഹ്സിൽ.ടി.ടി, ഫസ്റ്റ് ഗ്രേഡ്<br>ഡ്രാഫ്റ്റ്സ്മാൻ ശ്രീ.പ്രദീപ് കുമാർ.പി എന്നിവർ<br>അസംസ്കൃത ഇനങ്ങളുടെ കനവും നിലവാരവും കുറ<br>സർക്കാർ ഖജനാവിന് 7,19,42,216 രൂപയുടെ നഷ്ടം<br>വരുത്തുകയും കരാറുകാരനെതിരെ |

| | | | |
|---|---|---|---|
| | | | നടപടിയെടുക്കുന്നതിൽ വീഴ്ച വരുത്തി കൃത്യ വിലോ കാട്ടുകയും ചെയ്തു.<br><br>കോഴിക്കോട്-പാലക്കാട് ദേശീയപാത 966-ലെ (Old NH-213) അരിപ്ര മുതൽ നാട്ടുകൽ വരെയുള്ള (ചെയിനേജ് 64/000 മുതൽ 87/000 വരെ) 23 കിലോമീറ്റർ റോഡിൻറെ വീതി കൂട്ടി ഉപരിതലം ബലപ്പെടുത്തുന്ന പ്രവൃത്തിയുടെ Survey Report of Stores പ്രകാരം ബാക്കി വന്ന പാറയും (മതിപ്പ വില 3,63,874/- രൂപ) മണ്ണും (മതിപ്പ വില 10,17,624/- രൂ നാളിതു വരെ ലേലം ചെയ്യുകയോ മറ്റു പ്രവൃത്തികളുടെ നിർവഹണത്തിന് ഉപയോഗിക്കുകയോ ചെയ്യാതെ എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീ.മുഹമ്മദ് ഇസ്മായിൽ.കെ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീമതി സിമി.എം.കെ, അസിസ്റ്റന്റ് എഞ്ചിനീയറായ ശ്രീ.മുഹ്സിൽ.ടി.ടി, ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീ.പ്രദീപ് കുമാർ.പി എന്നിവർ കൃത്യവിലോപം കാട്ടി സർക്കാരിന് നഷ്ടം വരുത്തി. |
| | രജിസ്ട്രേഷൻ വകുപ്പ് | ഐ.ജി രജിസ്ട്രേഷൻ വഞ്ചിയൂർ തിരുവനന്തപുരം, സബ്-രജിസ്ട്രാർ ഓഫീസ് ചാല | രജിസ്ട്രേഷൻ വകുപ്പിൽ കഴിഞ്ഞ 15 വർഷത്തോളമായി പദ്ധതി വിഹിതം വിനിയോഗിച്ച കൊണ്ടുള്ള പർച്ചേസുകൾ നടത്തുന്നത് ഒരേ ഉദ്യോഗസ്ഥൻ തന്നെയാണ് എന്ന പരാതിയിലെ ആരോപണത്തിന്മേൽ കഴമ്പുള്ളതായി അന്വേഷണത്തിൽ വ്യക്തമായി.<br><br>എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ പിഴവ് കാരണം രജിസ്ട്രേഷൻ വകുപ്പിൽ സാധനങ്ങൾ/സേവനങ്ങൾ എന്നിവ പ്രൊക്യൂർ ചെയ്യുന്നതിന് തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റും ടെൻഡർ പ്രകാരം ലഭ്യമായ L1 റേറ്റും തമ്മിൽ ഭീമമായ വ്യത്യാസമുള്ളതായി കണ്ടെത്തി.<br><br>M/s Steel Industries Kerala Ltd (SILK)-ന് PMC എന്ന നിലയിൽ മാത്രമാണ് അക്രെഡിറ്റേഷൻ ലഭിച്ചിട്ടുള്ളത് എന്നിരിക്കെ Non PMC എന്ന നിലയി M/s SILK-നെ സ്റ്റീൽ നിർമ്മിത കോംപാക്ടർസ് സ്ഥാപിക്കുന്നതിനായി ചുമതലപ്പെടുത്തിയ നടപടി നിലവിലെ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമാണ്<br><br>ധനകാര്യ വകുപ്പിന്റെ 03.08.2018-ലെ സ.ഉ (അ) 118/2018/ധന നമ്പർ പ്രകാരം സർക്കാർ വകുപ്പുകൾ അക്രെഡിറ്റഡ് ഏജൻസി മുഖേന വർക്ക് പ്രൊക്യൂർ ചെയ്യുമ്പോൾ വർക്കിന്റെ 20% മാത്രമേ advance payment ആയി നല്കാൻ അനുവദിച്ചിട്ടുള്ളൂ എന്നിരിക്ക രജിസ്ട്രേഷൻ വകുപ്പ് കോംപാക്ടർസ് സ്ഥാപിക്കാൻ PMC അക്രെഡിറ്റേഷൻ മാത്രമുള്ള SILK-നെ Non PMC ആയി നിയോഗിക്കുകയും മുൻകൂറായി (advanc payment) 40% തുക അനുവദിച്ച നൽകുകയും ചെയ്തു.<br><br>സബ്-രജിസ്ട്രാർ ഓഫീസുകളിൽ Modernisation & Site Preparation ജോലികൾക്കായി M/s Artisans Development Co-Operative Ltd (ARTCO)-യെ ചുമതലപ്പെടുത്തിയത് ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കാതെയാണ്.<br><br>രജിസ്ട്രേഷൻ വകുപ്പിൽ Canon നിർമ്മിത ഡിജിറ്റൽ ക്യാമറകൾ പ്രൊക്യൂർ ചെയ്തിരിക്കുന്നത് പൊതുസമാഹരണത്തെ നിയന്ത്രിക്കുന്ന അടിസ്ഥാന മാനദണ്ഡങ്ങൾക്കും നടപടിക്രമങ്ങൾക്കും വിരുദ്ധമായാണ്. |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | ഫിഷറീസ് വകുപ്പ് | മത്സ്യഫെഡ് ആലപ്പുഴ, മത്സ്യഫെഡ് ഡയറക്ടറേറ്റ് തിരുവനന്തപുരം, മത്സ്യഫെഡ് ഡയറക്ടറേറ്റ് കൊല്ലം | 2015-16 സാമ്പത്തികവർഷം മുതൽ 2023-24 വരെയുള്ള മണ്ണെണ്ണ വിതരണത്തിന്റെയും മണ്ണെണ്ണ സബ്സിഡി വിതരണത്തിന്റെയും കണക്കുകൾ പരിശോധിച്ചതിൽ നിന്നും 2017-18 സാമ്പത്തിക വർഷം മുതൽ 2023-24 ജൂൺ വരെയുള്ള കാലയളവ് മണ്ണെണ്ണ വിതരണത്തിലും മണ്ണെണ്ണ സബ്സിഡി വിതരണത്തിലും ക്രമാനുഗതമായ ഇടിവ് ദൃശ്യമാണ്. 2019-20, 2020-21, 2021-22എന്നീ സാമ്പത്തികവർഷങ്ങളിൽ സബ്സിഡി മണ്ണെണ്ണയു വിൽപ്പനയിൽ ക്രമാനുഗതമായ ഇടിവുള്ളതായി വ്യക്തമായി.<br><br>പെർമിറ്റ് മണ്ണെണ്ണയുടെ വിൽപ്പനയിലെ ക്രമാനുഗതമായ ഇടിവിനുള്ള ഏറ്റവും പ്രധാന കാരണ മണ്ണെണ്ണയ്ക്ക് പകരമായുള്ള ലോ-അരോമാറ്റിക് വൈറ്റ് സ്പിരിറ്റിന്റെ (പ്രാദേശികമായി കെമിക്കൽ മണ്ണെണ്ണ എന്നറിയപ്പെടുന്നു) വില്പനയാണെന്ന് ധനകാര്യ പരിശോധന വിഭാഗത്തിന്റെ പ്രാദേശിക അന്വേഷണത്തിൽ നിന്ന് വ്യക്തമായി. അതോടൊപ്പ വ്യാജമണ്ണെണ്ണയുടെ വില്പനയും ഉപയോഗവും തീരപ്രദേശത്തെ ഹാർബറുകളിൽ കൂടിയിട്ടുണ്ടെന്ന് മത്സ്യത്തൊഴിലാളികളിൽ നിന്നും വിവരം ലഭിച്ചതായു പ്രസ്തുത വ്യാജമണ്ണെണ്ണ മത്സ്യഫെഡ് വഴി വിതരണം ചെയ്യുന്ന വെള്ളമണ്ണെണ്ണയുടെ നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ വില്പന നടത്തുന്നത് സബ്സിഡി മണ്ണെണ്ണയുടെ വില്പനയിൽ ഗണ്യമായ ഇടിവ് സംഭവിക്കുന്നതിന് കാരണമായിട്ടുണ്ടെന്നും വ്യക്തമാ ഡീസൽ/പെട്രോൾ/ഗ്യാസ് യന്ത്രങ്ങളിലേക്ക് മത്സ്യത്തൊഴിലാളികൾ മാറിയതും മത്സ്യലഭ്യതയിലെ കുറവനുസരിച്ച മത്സ്യത്തൊഴിലാളികൾ കടലിൽ പോകുന്നത് കുറഞ്ഞതും പെർമിറ്റ് മണ്ണെണ്ണയുടെ വിൽപ്പനയിലെ ക്രമാനുഗതമായ ഇടിവിനു കാരണമായിട്ടുണ്ട് എന്നും വ്യക്തമായി.<br><br>നിയമവിരുദ്ധമായ ലോ-അരോമാറ്റിക് വൈറ്റ് സ്പിരി (LAWS) വില്പനയുടെ ഫലമായി സർക്കാരിന് പലതരത്തിൽ നഷ്ടമുണ്ടാകുന്നു - 1)നികുതിയിനത്തിര ലഭിക്കേണ്ട തുക 2)LAWS-ന്റെ വില്പന മൂലം മത്സ്യഫെഡ് മണ്ണെണ്ണവില്പനയിൽ ഇടിവുണ്ടാകുന്നത് വഴി മത്സ്യഫെഡിന് ലഭിക്കേണ്ട വരുമാനത്തിലുള്ള നഷ്ടം 3)എഞ്ചിൻ തകരാറിലാവുന്നത് മൂലം പുതിയ എഞ്ചിൻ വാങ്ങുന്നതിനായി വ്യാസ സ്റ്റോഴ്സ് വഴി നൽകുന്ന എഞ്ചിൻ സബ്സിഡി 4)നിയമവിരുദ്ധമാ ഇന്ധനം സ്റ്റോക്ക് ചെയ്യുന്നതിലൂടെയും വിതരണം ചെയ്യുന്നതിലൂടെയും ഉണ്ടായേക്കാവുന്ന അപകടങ്ങൾ മുതലായവ. ഇതിൽനിന്നും നിയമവിരുദ്ധമായ ലോ-അരോമാറ്റിക് വൈറ്റ് സ്പിരിറ്റ് (LAWS) വില്പന അവസാനിപ്പിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാ<br><br>മണ്ണെണ്ണ പെർമിറ്റ് സംവിധാനത്തിലെ അപാകതക പെർമിറ്റുമായി വരുന്നത് പെർമിറ്റ് ഉടമ തന്നെയാണോ എന്ന് ഉറപ്പു വരുത്താനുള്ള സംവിധാനം നിലവിലില്ല. അതോടൊപ്പം പെർമിറ്റുമായി വരുന്നത് മത്സ്യബന്ധനത്തിന് പോകുന്നവർ തന്നെയാണോ എന്ന് ഉറപ്പു വരുത്താനുള്ള സംവിധാനവും നിലവിലില പെർമിറ്റുമായി വരുന്ന വള്ളം ഉടമകളല്ലാത്തവർക്കും മത്സ്യബന്ധനത്തിന് പോകാത്തവർക്കും മണ്ണെണ്ണ വിതരണം ചെയ്യുന്നതും മണ്ണെണ്ണ പെർമിറ്റ് സംവിധാനത്തിലെ അപാകതയാണ്.<br><br>അർത്തുങ്കൽ മത്സ്യഫെഡ് മണ്ണെണ്ണ ബങ്കിലെ പരിശോധനയിൽ നിന്നും ഇടനിലക്കാരുടെ പങ്ക് വ്യക്തമാവുകയും ഇരുപതോളം ഇടനിലക്കാരുടെ ഒരു ലിസ്റ്റ് ലഭിക്കുകയും ചെയ്തു. അർത്തുങ്കൽ മത്സ്യഫെഡ് |

മണ്ണെണ്ണ ബങ്കിലെ ജീവനക്കാരുടെ വാക്കാൽ പെർമി ഉടമകളായ വള്ളം ഉടമകൾ അവർക്കു ലഭിക്കുന്ന മണ്ണെണ്ണ സബ്സിഡിയിൽ നിന്നും ഏകദേശം പകുതിയോളം വരുന്ന തുകയും മണ്ണെണ്ണ പെർമിറ്റും കൊടുത്ത് ഇടനിലക്കാരെക്കൊണ്ടു തന്നെ മണ്ണെണ്ണ ( HP വരെയുള്ള എൻജിന് മാക്സിമം 280 ലിറ്റർ) വാങ്ങിപ്പിക്കുന്നതായി അറിയാൻ സാധിച്ചു. 280 ലിറ്ററിന്റെ സബ്സിഡി തുക വള്ളം ഉടമകളും ഇടനിലക്കാരും വീതിച്ചെടുക്കുന്നു എന്ന അനുമാനത്തിലെത്തുകയും ഇതിൽ നിന്നും വള്ളം ഉടമകളും ഇടനിലക്കാരും തമ്മിൽ ഇടപാടുകളും ഒത്തുകളികളും നടക്കുന്നുവെന്നുള്ള പരാതിയിൽ കഴമ്പുണ്ടെന്ന് വ്യക്തമാവുകയും ചെയ്തു.

| | | | | | | | നൽകിയതിൽ മൂന്നാർ ഉപജില്ലാ വിദ്യാഭാസ ഓഫീസറുടെ നടപടി ക്രമത്തിൽ സ്കൂളുകൾക്ക് ബാങ്ക അക്കൌണ്ട് വഴി തുകകൾ വിതരണം ചെയ്യേണ്ടതാ എന്ന് രേഖപ്പെടുത്തിയിരുന്നു. എന്നാൽ പണമായി തു വിതരണം ചെയ്യുകയും നടപടി ക്രമത്തിൽ നിന്ന് ബാങ്ക അക്കൌണ്ട് വഴി വിതരണം ചെയ്യേണ്ടതാണ് എന്ന ഭാഗം വെട്ടി മാറ്റുകയും ചെയ്തു.<br><br>2. 44 സ്കൂളുകൾക്ക് 2500 രൂപ വീതം 1,10,000 രൂപ അലുമിനിയത്തിന്റെ ബിൻ വാങ്ങുന്നതിനായി പണമാ കൈമാറിയിട്ടുണ്ട്. എന്നാൽ ടി സ്കൂളുകളിൽ നിന്ന് ഇപ്രകാരം വിതരണം ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രം വാങ്ങിയിട്ടില്ല.<br><br>ഇടുക്കി ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ 18/05/2017 ലെ ജി1/5706/2017 നമ്പർ ഉത്തരവ് പ്രകാരം സ്കൂളുകളിൽ എൽ.പി.ജി കണക്ഷൻ എടുത്ത് ഗ്യാസ് അടുപ്പ് ഒരു ചെറുതും ഒരു വലുതും വാങ്ങുന്നതി സ്കൂളുകൾക്ക് 5000 രൂപ വീതം അനുവദിക്കുന്നതിന് ഉത്തരവായിരുന്നുവെങ്കിലും മൂന്നാ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ സ്കൂളുകൾക്ക് ഗ്യാസ് അടുപ്പ് വാങ്ങുന്നതിന് മാത്രമാണ് തുകകൾ അനുവദി നൽകിയിട്ടുള്ളത്.<br><br>3. 85 സ്കൂളുകൾക്ക് 5000 രൂപ വീതം 4,25,000 രൂപ അനുവദിച്ച് നൽകിയിട്ടുണ്ടെങ്കിലും സ്കൂളുകളിൽ നിന്ന് വിനയോഗ സാക്ഷ്യപത്രം വാങ്ങി ഫയലൽ സൂക്ഷിച്ചിട്ടില്ല. |
| | | | | | I & PRD വകുപ്പ് | ജില്ലാ ഇൻഫർമേഷൻ ഓഫീസ് ഇടുക്കി | ജില്ലാ ഇൻഫർമേഷൻ ഓഫീസർ ഔദ്യോഗിക വാഹ ദുരുപയോഗം ചെയ്തിട്ടുള്ളതായി കണ്ടെത്തുകയുണ്ടായി |
| | | | | | തദ്ദേശ സ്വയംഭരണ വകുപ്പ് | ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് | 1. വെള്ളിയാമറ്റം പഞ്ചായത്തിലെ ഇളംദേശം സെന്റ് ജോസഫ് എൽ.പി സ്കൂളിന് പാചകപ്പുര നിർമ്മാണം എന്ന പ്രവൃത്തിക്ക് അന്തിമ ബില്ല് തയ്യാറാക്കിയിട്ടുള്ള ടെണ്ടർ കുറവ് രേഖപ്പെടുത്താതെയാണ്.<br><br>2. നിയമസഭാ സാമാജികരുടെ പ്രത്യേക വികസന നിധി ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ സമയ ബന്ധിതമായി പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് പി ഡബ്ല്യു ഡി മാന്വൽ അനുശാസിക്കുന്ന പ്രകാരമുള്ള പിഴ ഈടാക്കുന്നില്ല. കൂടാതെ പ്രവർത്തന കാലാവധി ദീർഘിപ്പിച്ച് നൽകുന്നത് പി ഡബ്ല്യു ഡി മാന്വൽ അനുശാസിക്കുന്ന കാലാവധിക്ക് ശേഷവും ദീർഘിപ്പിച്ച് നൽകുന്നുണ്ട്. |
| | | | | | ടൂറിസം വകുപ്പ് | യാത്രി നിവാസ് ദേവികുളം | ദേവികുളം യാത്രി നിവാസിൽ സാജു കെ. സി എന്നയാൾ ലാസ്കർ തസ്തികയിലും ശ്രീമതി. അജിത കെ എന്നയാൾ കിച്ചൺ മേട്ടി തസ്തികയിലും ദീർഘ കാലമായി ജോലി ചെയ്ത് വരുന്നുണ്ട്. ദിവസ /കരാർ ജീവനക്കാരുടെ നിയമനം സംബന്ധിച്ച് ധനകാര്യ വ പുറപ്പെടുവിച്ച 09/07/2019 ലെ 81/2019/ധന ഉത്തരവിലെ ഖണ്ഡിക 3 പ്രകാരം സർക്കാർ അംഗീ തസ്തികകളിൽ അടിയന്തിര ഘട്ടങ്ങളിൽ പരമാവധി ദിവസം വരെയുള്ള ദിവസ വേതന നിയമനം വകുപ്പ് മേധാവിക്ക് നടത്താവുന്നതാണ് എന്നും ഈ കാലാവധിക്ക് പുറത്ത് ദിവസ വേതന അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് സർക്കാ അനുമതി ആവശ്യമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിൽ ടി ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് ദിവസ വേതന അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചിട്ടുള്ളത്. |
| | | | | | വനം വന്യ ജീവി വകുപ്പ് | ഫോറസ്റ്റ് ഫ്ലൈയിംഗ് സ്ക്വാഡ് റേഞ്ച് ഓഫീസ് തൊടുപുഴ | ഫ്ലൈയിംഗ് സ്ക്വാഡ് റേഞ്ച് ഫോറസ്റ്റ് ഓഫീസർ ഔദ്യോഗിക വാഹനം ദുരുപയോഗം ചെയ്തിട്ടുള്ളതായി കണ്ടെത്തി. |
| | | | | | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് | പള്ളിവാസൽ, ചിക്കനാൽ , കൊന്നത്തടി കൃഷി ഭവൻ | പതിനാലാം പഞ്ചവത്സര പദ്ധതിയിലെ സബ് സിഡി മാനദണ്ഡങ്ങൾ സംബന്ധിച്ച് തദ്ദേശ സ്വയംഭരണ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | വകുപ്പ് പുറപ്പെടുവിച്ച 28/05/2022 ലെ സ.ഉ (കൈ) ന 115/2022/തസ്വഭവ ഉത്തരവിലെ നിർദ്ദേശങ്ങളും വാങ്ങൽ നടപടി ക്രമങ്ങളും പാലിക്കാതെയാണ് 2022 23 സാമ്പത്തിക വർഷം ചിന്നക്കനാൽ , പള്ളിവാസ കൊന്നത്തടി കൃഷി ഭവനുകളിൽ ജൈവവളം കർഷകർക്ക് വിതരണം ചെയ്തിട്ടുള്ളത്. സഹകരണ ബാങ്കുകൾ നൽകുന്ന ബില്ലുകൾ പ്രകാരം തുക സഹകരണ ബാങ്കുകളിലേക്ക് കൈമാറുകയാണ് ചെ വരുന്നത്. നിർവ്വഹണ ഉദ്യോഗസ്ഥൻ ജൈവവളം സ്റ്റോക്ക് എടുക്കുകയോ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. |
| | | | | | തദ്ദേശ സ്വയംഭരണ വകുപ്പ് | വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് | 1. വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 സാമ്പത്തി വർഷം നടപ്പിലാക്കിയ സെന്റ്.ജോർജ്ജ് ഹയർ സെക്കണ്ടറി സ്കൂളിന് ഷീ ടോയ് ലറ്റ് എന്ന പ്രവൃത്തിയു ബില്ലിൽ നിന്ന് ഓവർ ഹെഡ് ചാർജ്ജ് ഇനത്തിലുള്ള ശതമാനം തുക യായ 24736 രൂപ കുറവ് ചെയ്യാതെയാണ് ബില്ല് സമർപ്പിച്ചിരിക്കുന്നത്.<br><br>2. ഗുണഭോക്തൃ സമിതി വഴി പ്രവൃത്തികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് കേരള പഞ്ചായത്ത് ര (പൊതുമ രാമത്ത് പണിചട്ടങ്ങൾ) 1997 ലെ ചട്ടം 13 ( ലെ നിർദ്ദേശം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പുറപ്പെടുവിച്ച 13/11/2014 ലെ 1/1559/2010/സി.ഇ/തസ്വഭവ നമ്പർ സർക്കുലറിലെ ഖണ്ഡിക 10 എന്നിവ പാലിക്കാതെയാണ് നിർവ്വഹ ഉദ്യോഗസ്ഥനായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഗുണഭോക്തൃ സമിതി മുഖാന്തിരം നിർവ്വഹിച്ച പ്രവൃത്തികൾക്ക് തുക അനുവദിച്ച് നൽകിയിട്ടുള്ളത്. കൂടാതെ കൺവീനറുടെയും ചെയർമാന്റെയും പേരിൽ ജോയിന്റ് അക്കൌണ്ടിൽ തുക കൈമാറണമെന്ന നിർദ്ദേശത്തിന് വിരുദ്ധമായി ഗുണഭോക്തൃ സമിതി കൺവീനറുടെ പേരിലുള്ള അക്കൌണ്ടിലേക്ക് തുകക കൈമാറുകയും ചെയ്തിട്ടുള്ളത്. |
| | | | | | തദ്ദേശ സ്വയംഭരണ വകുപ്പ് | കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് | 1. കാഞ്ചിയാർ കാഞ്ചിയാർ ഗ്രാമപഞ്ചായത്തിലെ സ്വർണ്ണവിലാസം മേപ്പാറ റോഡ് നിർമ്മാണം എന്ന പ്രവൃത്തി ഭരണാനുമതി ലഭിച്ച ചെയ്നേജിൽ നിന്ന് മാറിയാണ് നിർവ്വഹിച്ചിട്ടുള്ളത്. ആയതിനുവേണ്ടി റിവൈസെഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയോ പുതുക്കിയ ഭരണാനുമതി നേടുകയോ ചെയ്തിട്ടില്ല.<br><br>2. സ്വർണ്ണവിലാസം മേപ്പാറ റോഡ് എന്ന പ്രവൃത്തിക കരാറുകാരന് 09/03/2023 -ാം തീയതി സെലക്ഷൻ നോട്ടീസ് നൽകിയിട്ടുള്ളതാണ്. കേരള പി ഡബ്ല്യു ഡി മാനുവൽ 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ച് കഴിഞ്ഞാൽ കരാറുകാരന് സെലക്ഷൻ നോട്ടീസ് അയക്കേണ്ടതും ടെണ്ടർ അംഗീകരിച്ച് 14 ദിവസത്തിനകം കരാറുകാരനുമായി ഉടമ്പടിയിൽ ഏർപ്പെടേണ്ടതുമാണ്. സമയ ബന്ധിതമായി ഉടമ്പടിയിൽ ഏർപ്പെടാത്ത കരാറുകാരനിൽ നിന്ന് 1 ശതമാനം തുക പിഴയായി ഈടാക്കേണ്ടതുമാണ്. ടി പ്രവൃത്തിയുടെ കരാറുകാരനുമായി 26/04/2023 -ാം തീയതി മാത്രമാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. എന്നാൽ പിഴ ഈടാക്കിയിട്ടില്ല. |
| | | | | | തദ്ദേശ സ്വയംഭരണ വകുപ്പ് | ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് | ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചിലവ് മാരാംപാറ റോഡ് ആലക്കോട് ഗ്രാമപഞ്ചായത്ത് എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ നിന്നും എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്ന ഇനവും പ്രവൃത്തി നിർവ്വഹിച്ച ഇനങ്ങളും തമ്മിൽ ക്വാണ്ടിറ്റിയിൽ വ്യതിയാനം ഉള്ളതായി ബോദ്ധ്യപ്പെട്ടു. എന്നാൽ ഇപ്രകാരം പൂർത്തീകരിച്ച പ്രവൃത്തിക്ക് റിവൈസെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. |
| | | | | | തദ്ദേശ സ്വയംഭരണ വകുപ്പ് | വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത് | നിയമസഭാ സാമാജികരുടെ ആസ്തി വികസന പദ്ധ 2021-22 ൽ ഉൾപ്പെട്ട വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിലെ ആനച്ചാൽ -ആലീസ് ചാൾസ് പമ്പിരുമുടി -ആമക്കണ്ടം റോഡ് നിർമ്മാണം എന്ന പ്രവൃത്തിയുടെ നിർവ്വഹണത്തിനായി കരാറുകാരനുമ 11/10/2022 ലെ 03/22-23 നമ്പരായി കരാറിൽ |

| | | | |
|---|---|---|---|
| | | | ഏർപ്പെട്ടിട്ടുള്ളതാണ്. എന്നാൽ ടി പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ല. |
| | പൊതു വിദ്യാഭ്യാസ വകുപ്പ് | Complaint against RMVHSS Perinjanam | തുൺ മീലുമായി ബന്ധപ്പെട്ട് നിലവിലുണ്ടായിരുന്ന ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക (37,350/-)സർക്കാരിലേക്ക് തിരികെ അടവാക്കുന്നത നിർദ്ദേശം നൽകിയിട്ടുണ്ട്. |
| | തദ്ദേശ സ്വയം ഭരണ വകുപ്പ് | ദേശമംഗലം ഗ്രാമപഞ്ചായത്ത് | 2013 ൽ നടപ്പിലാക്കിയ കുഴൽക്കിണർ നിർമാണവും പമ്പ് സെറ്റ് സ്ഥാപിക്കലും എന്ന പദ്ധതിയുടെ ഫയൽ സൂക്ഷിക്കാത്തത് സംബന്ധിച്ച് ദേശമംഗലം പഞ്ചായത്തിലെ ജീവനക്കാർക്കെതിരെ വകുപ്പുതല നടപടിയും ജലലഭ്യത ഉറപ്പുവരുത്താതെ സർക്കാർ പണം പാഴാക്കിയ വിഷയത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും വകുപ്പുതല നടപടി ശുപാർശ ചെയ്തിട്ടുണ്ട്. |
| | തദ്ദേശ സ്വയം ഭരണ വകുപ്പ് | അന്നമനട,മാള ഗ്രാമപഞ്ചായത്ത് -ജലനിധി പദ്ധതി | ജലനിധി മലപ്പുറം RPMU വിലേയ്ക്ക് അടയ്ക്കേണ്ട 2,61,355/- രൂപ ഉടൻ അടവാക്കുവാൻ അന്നമനട ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ എക്സിറ്റ് ഉത്തരവിൽ പരാമർശിച്ച തുക ഗ്രാമപഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് വിവിധ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്നതിനും അന്നമനട, മാള ഗ്രാമപഞ്ചായത്തുകളിൽ ജലനിധി പദ്ധതി നടപ്പാക്കുന്നതിനായി ആരംഭിച്ച ബാങ്ക് അക്കൗണ്ടുകളിലെ പലിശയിനത്തിലുള്ള തുക ട്രഷറിയിൽ അടവാക്കുന്നതിനും ഭരണ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| | രജിസ്ട്രേഷൻ വകുപ്പ് | ശ്രീ. ദാസൻ സി.വി.യുടെ പട്ടയം സംബന്ധിച്ച് | ശ്രീ. ദാസന് സാക്ഷ്യപത്രം അനുവദിച്ചു നൽകുന്ന വിഷയം ഭരണ വകുപ്പ് പരിശോധിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം 1960 ലെ കേരള ഭൂപതിവു നിയമ ചട്ടങ്ങൾ പ്രകാരം ശ്രീ. ദാസന് പുതിയ പട്ടയം അനുവദിക്കാമോ എന്ന വിഷയം പരിശോധിച്ച് ഭരണ വകുപ്പ് ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണെന്നു ശുപാർശ ചെയ്തിട്ടുണ്ട്. |
| | എസ്.സി/എസ്.റ്റി വകുപ്പ് | കേരള സ്റ്റേറ്റ് പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപറേഷൻ തൃശ്ശൂർ | കോർപ്പറേഷൻ മുഖേന നൽകുന്ന വിദേശ വിദ്യാഭ്യാ വായ്പ അർഹതയുള്ള വിദ്യാർത്ഥികൾക്ക് മാത്രമേ അനുവദിക്കാവൂ എന്ന് ഭരണ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| | ആയുഷ് വകുപ്പ് | വൈദ്യരത്നം ആയുർവേദ കോളേജ് ഒല്ലൂർ | പ്രവൃത്തി പൂർത്തീകരിക്കുന്നതിന് മുൻപ് BDS മുഖേന ഉ കൈമാറിയതിൽ സർക്കാരിനുണ്ടായ പലിശ നഷ്ടം (11037 /-) തിരിച്ചുപിടിക്കാൻ നിർദ്ദേശം നൽകിയിട്ടു<br><br>തൃശ്ശൂർ ജില്ലാ ട്രഷറിയിലെ അക്കൗണ്ടിൽ നിഷ്ക്രിയമായിക്കിടന്ന തുക(166032/-) തിരിച്ചടയ്ക്കേണ്ടതാണ്. |
| | തദ്ദേശ സ്വയം ഭരണ വകുപ്പ് | തൃക്കൂർ ഗ്രാമപഞ്ചായത്തിലെ ആദൂർ സാംസ്കാരിക നിലയം | തൃക്കൂർ ഗ്രാമപഞ്ചായത്തിലെ ആദൂർ സാംസ്കാരിക നിലയത്തിന്റെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാരിൽ വിശദീകരണം വാങ്ങി അച്ചടക്ക നടപടികൾ സ്വീകരിക്കാൻ ഭരണവകുപ്പിനു ശുപാർശ ചെയ്തിട്ടുണ്ട്. |
| | പൊതു വിദ്യാഭ്യാസ വകുപ്പ് | സെ.ജോസഫ്സ് യു .പി.സ്കൂൾ കണ്ടന്നൂർ | PTA ഫണ്ടിന് പുറമേ മറ്റു നിർബന്ധിത പിരിവുകൾ പാടില്ലെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഉച്ച ഭക്ഷണ |

| | | | |
|---|---|---|---|
| | | | പദ്ധതിയിലെ ഭക്ഷ്യധാന്യങ്ങളുടെ സ്റ്റോക്ക് കൃത്യമായ് പരിശോധന നടത്താൻ റൂൺ മീൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| | ധനകാര്യ (എസ്.എഫ്.സി) വകുപ്പ് | തൃശ്ശൂർ വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്തിലെ ശ്രീ. മഹേഷ്. ഒ.ബി | അനർഹമായി വികലാംഗ പെൻഷൻ വാങ്ങിയത് റദ്ദ് ചെയ്യുവാൻ നിർദ്ദേശിച്ചു. |
| | കാർഷിക-കർഷകക്ഷേമ വകുപ്പ് | KAICO | 1) KAICO നടപ്പിലാക്കിയ സ്കിൽ ഡവലപ്‌മെന്റ് പദ്ധതിയുമായി ബന്ധപ്പെട്ട് KAICO യ്ക്ക് ലഭിക്കേണ്ട തുകയിൽ കുറവ് വന്ന 4,59,396/- രൂപ KAICO മുൻ എം.ഡി യായ സുരേഷ് ബാബുവിന്റെ വ്യക്തിഗത ബാധ്യതയായി കണക്കാക്കി തിരികെ ഈടാക്കാൻ ശിപാർശ ചെയ്തു. |
| | ധനകാര്യ വകുപ്പ് | കേരള സ്റ്റേറ്റ് ഹൗസിംഗ് ഡവലപ്‌മെന്റ് ഫിനാൻസ് കോർപ്പറേഷൻ | കേരള സ്റ്റേറ്റ് ഹൗസിംഗ് ഡവലപ്‌മെന്റ് ഫിനാൻസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ അവസാനിപ്പിച്ചതിനാൽ ഓഹരികൾ തിരികെ സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുവാൻ ഭരണ വകുപ്പിനോട് നിർദ്ദേശിക്കാവുന്നതാണ്. |
| | ഉപഭോക്തൃകാര്യ വകുപ്പ് | ലീഗൽ മെട്രോളജി | LMOMS സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിനാവശ്യമായ 17,61,874/- രൂപ ഒറ്റത്തവണയായി NIC യ്ക്ക് നൽകുകയും സോഫ്റ്റ് വെ വികസിപ്പിക്കുന്നതിൽ കാലതാമസം വരുത്തിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപ ശിപാർശ ചെയ്തു. |
| | ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് | SATHEES | 1) വ്യാജ ബില്ലുകൾ ഉപയോഗിച്ച് കൊണ്ട് 1,73,73,988/- രൂപയുടെ വാങ്ങലുകൾ നടത്തിയതാ കാണുന്നു. ഇതിന് ഔദ്യോഗികമായ അംഗീകാരം ഇല്ലാത്ത ഇടപാടുകളായാണ് കാണുന്നത്. ഇത് ചീഫ ഫാർമസിസ്റ്റ്, സീനിയർ ഫാർമസിസ്റ്റ്, മറ്റ് ഫാർമസ് എന്നിവർ നടത്തിയ ഇടപാടുകളാണ്. ഈ ബില്ലുകൾ ഒടുക്കിയിരിക്കുന്നത് മൂന്നു നാല് മാസം വൈകിയാണ്. ഇത് സ്ഥാപനത്തിന് കനത്ത നഷ്ടം ഉണ്ടാക്കിയിട്ടുണ്ട്. ഈ നഷ്ടം 18% പിഴപ്പലിശ ഉൾപ്പടെ ബന്ധപ്പെട്ടവരി നിന്നും ഈടാക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്.<br><br>2) നിർദ്ധനരായ രോഗികൾക്ക് കുറഞ്ഞ നിരക്കിൽ നൽകേണ്ടുന്ന മരുന്നുകൾ മറിച്ചുവിറ്റ് ലാഭം കൊയ്യുന്ന ഒരു ലോബി പ്രവർത്തിക്കുന്നതായി സംശയിക്കുന്നു. ആയത് പരിശോധിക്കുവാൻ ക്രൈം ബ്രാഞ്ചിന് ശിപാർശ ചെയ്യുന്നു. |
| | സഹകരണ വകുപ്പ് | കൺസ്യൂമർഫെഡ് | 1) 2023 ഓണ വിപണിയുടെ സബ്സിഡി തുകയായ 19,85,04,769/- രൂപ കൺസ്യൂമർഫെഡിന് നൽകുവാൻ നിർദ്ദേശിച്ചു.<br><br>2) 2017-18 മുതലുള്ള കൺകറന്റ് ഓഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കാൻ ഭരണ വകുപ്പിനോട് നിർദ്ദേശിച്ചു.<br><br>3) കൺസ്യൂമർഫെഡ് വിവിധ ഏജൻസി/ സ്ഥാപനങ്ങളുമായി ഏർപ്പെട്ടിട്ടുള്ള 276 കരാറുകളുടെ മുദ്രപത്രത്തിന്റെ മൂല്യം 2018 ധനകാര്യ ആക്ട് പ്രകാരം ഈടാക്കുവാൻ ഭരണ വകുപ്പിനോട് നിർദ്ദേശിച്ചു. |
| | മൃഗസംരക്ഷണ വകുപ്പിലെ വിവിധ ഓഫീസുകൾ | മൃഗസംരക്ഷണ വകുപ്പ് | ട്രഷറി/ബാങ്ക് അക്കൗണ്ടുകളിൽ നിഷ്ക്രിയമായി തുടരു 78.81 ലക്ഷം രൂപയും പലിശയിനത്തിൽ നിഷ്ക്രിയമായ തുടരുന്ന 37.26 ലക്ഷം രൂപയും ബാങ്ക് അക്കൗണ്ടുകളിലെ പലിശയിനത്തിലെ തുകയായ 2.1 ലക്ഷം രൂപയും ബാങ്ക് അക്കൗണ്ടിലെ സ്ഥിരനിക്ഷേപമായി തുടരുന്ന 3.6 കോടി രൂപയും സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കാൻ ഭരണ വകുപ്പിനോട് നിർദ്ദേശിച്ചു |
| | പൊതുവിദ്യാഭ്യാസ വകുപ്പിലെ വിവിധ ഓഫീസുകൾ | പൊതുവിദ്യാഭ്യാസ വകുപ്പ് | ട്രഷറി/ബാങ്ക് അക്കൗണ്ടുകളിൽ സ്ഥിര നിക്ഷേപമായു പലിശയിനത്തിലും തുടരുന്ന 105 കോടി രൂപ സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കാൻ ഭരണ വകുപ്പിനോട് നിർദ്ദേശിച്ചു |
| | വ്യവസായ വകുപ്പ് | കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് | മുൻ എം.ഡി ശ്രീ. അബ്ദുൾ ലത്തീഫ് സർക്കാർ അനുമതിയില്ലാതെ നടത്തിയ വിമാനയാത്രയുടെ തു 15.74 ലക്ഷം രൂപ അദ്ദേഹത്തിൽ നിന്നും റവന്യൂ |

| | | | |
|---|---|---|---|
| | | | റിക്കവറി നടപടികൾ മുഖേന ഈടാക്കുവാൻ ഭരണ വകുപ്പിന് നിർദ്ദേശം നൽകി. |
| | തൊഴിൽ നൈപുണ്യ വികസന വകുപ്പ് | കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വെൽഫെയർ ബോർഡ് | മുൻ സി.ഇ.ഒ ശ്രീമതി. ഷജീന.എം ന്റെ ഔദ്യോഗിക വാഹന ദുരുപയോഗം നടത്തിയ ഇനത്തിൽ 1.18 ലം രൂപ ടിയാരിയിൽ നിന്നും ഈടാക്കുവാനും വകുപ്പുതല അച്ചടക്ക നടപടിയ്ക്ക് ഭരണ വകുപ്പിന് നിർദ്ദേശം നൽകുകയും ചെയ്തു. |
| | ഉന്നത വിദ്യാഭാസ വകുപ്പ് | സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി | അനധികൃതമായി 5 ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകിയത് അടിയന്തിരമായി റദ്ദാക്കാനും സ്റ്റോക്ക് രജിസ്റ്റർ, ക്യാഷ് രജിസ്റ്റർ എന്നിവ ശരിയായി പാലിക്കുവാനും കുടിശ്ശിക ഇനത്തിലെ തുക പിരിച്ചെടുക്കുവാനും ആഭ്യന്തര പരിശോധന സാമ്പത്തിക വർഷാടിസ്ഥനത്തിൽ ക്രമീകരിക്കുവാന ക്രമരഹിതമായി പ്രൊമോഷൻ നൽകിയതിനും ഇന്റീരിയർ ജോലികളിലെ സാമ്പത്തിക നഷ്ടം വരുത്തിയതിലുമുള്ള ബാധ്യത നിലവിലെ സ്റ്റേറ്റ് ലൈബ്രേറിയൻ ശ്രീമതി. ശോഭനയിൽ നിന്ന് ഈടാക്കുവാനും വകുപ്പുതല അച്ചടക്ക നടപടിയ്ക്ക് ഭരണ വകുപ്പിനോടും നിർദ്ദേശിച്ചു. |
| | ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് | തിരുവനന്തപുരം മെഡിക്കൽ കോളേജ് | സർക്കാരിൽ നിന്നും ലഭ്യമായ അഡീഷണൽ ആതറൈസേഷൻ ഉൾപ്പെടെയുള്ളവ ലാപ്പ്സ് ആകുന്ന തരത്തിലുള്ള പിഴവുകൾ ഒഴിവാക്കുന്നതിനും ഇൻവോയ്സുകൾ cronological order തെറ്റിച്ച് നൽകിയതുമൂലമുള്ള സാമ്പത്തിക അച്ചടക്കമില്ലായ്മയു പരിഹരിക്കുവാനും, മെഡിക്കൽ ഓക്സിജൻ, ആവശ്യ മരുന്നുകൾ എന്നിവ വേയ്സ് ആന്റ് മീൻസ് ട്രഷറി നിയന്ത്രണം എന്നിവയിൽ നിന്നും പൂർണ്ണമായി ഒഴിവാക്കുന്നതിനുള്ള നിർദ്ദേശം ഭരണ വകുപ്പിന് നൽ |
| | ഫിഷറീസ് വകുപ്പ് | മത്സ്യ ഫെഡ് വ്യാസ സ്റ്റോർ അമ്പലപ്പുഴ | വ്യാസാ സ്റ്റോറിന്റെ ചുമതല വഹിക്കുന്നതിൽ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയത് 2,33,30,800 രൂപയുടെ സാമ്പത്തിക ക്രമക്കേട് നടത്തുന്നതിന് കാരണമായി . |
| | സൈനിക ക്ഷേമം | സൈനിക് വെൽഫെയർ ഡയറക്ടറേറ്റ് എൻ.സി.സി ഡയറക്ടറേറ്റ് , തിരുവനന്തപുരം | വിമുക്ത ഭടന്മാരായ ജീവനക്കാർക്ക് 522963 /- രൂപ ട്രാവലിംഗ് അലവൻസ് (LTC )ഇനത്തിൽ അധികമായി നൽകി. |
| | ജലസേചന വകുപ്പ് | ജലസേചനം | ശ്രീമതി.റൂബി .ആർ. നു ക്രമ വിരുദ്ധ സ്ഥാനക്കയറ്റം നൽകി, |
| | കൃഷി വകുപ്പ് | ആലപ്പുഴ കൃഷി വകുപ്പ് എക്സിക്യൂട്ടീവ് എൻജിനീയറുടെ ഓഫീസ് | വാഹനങ്ങളുടെ fuel efficiency Test ,<br><br>കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾ എന്നിവ സമയബന്ധിതമായി നടത്തുന്നില്ല |
| | ഉന്നത വിദ്യാഭ്യാസ വകുപ്പ് | ലാൽ ബഹാദൂർ ശാസ്ത്രീ സെന്റർ ഫോർ സയൻസ് ടെക്നോളജി (LBSCST ) | പ്ലാൻ ഫണ്ട് നടപടിക്രമങ്ങൾ പാലിച്ചു ചെലവഴിക്കുന്നതിൽ വീഴ്ച വരുത്തി. |
| | ജലസേചന വകുപ്പ് | ചീഫ്എഞ്ചിനീയറുടെ ഓഫീസ്. | ജീവനക്കാരുടെ വേതനം വിതരണം ചെയ്തതിൽ 270 -01 -005 -99 -00 -02 ശീർഷകത്തിൽ അസാധാരണമായ ചെലവ് രേഖപ്പെടുത്തിയത് കണ്ടെത്തി |
| | തദ്ദേശ സ്വയംഭരണ വകുപ്പ് | തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറാഫീസ് | 1,പഞ്ചായത്ത് ഡയറക്ടറേറ്റിൽ വിവിധ ബാങ്ക് അക്കൗണ്ടിൽ 16748087/-രൂപ നിഷ്ക്രീമായി കിടക്കുന്നു.<br><br>2,റൂറൽ ഡവലപ്മെന്റ് കമ്മീഷണറേറ്റിൽ വിവിധ ബ അക്കൗണ്ടുകളിൽ 6723527/-നിഷ്ക്രീമായി കിടക്കുന<br><br>3,ചീഫ്എഞ്ചിനീയറുടെ ഓഫീസിൽ 5566/- രൂപ നിഷ്ക്രീമായി കിടക്കുന്നു. |
| | തദ്ദേശ സ്വയം ഭരണ വകുപ്പ് | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം | വിവിധ ബാങ്ക് അക്കൗണ്ടുകളിൽ നിഷ്ക്രിയമായി അവശേഷിക്കുന്നതും പലിശ ഇനത്തിൽ ആർജിച്ചതുമ 14380311/-രൂപ നിഷ്ക്രീമായി കിടക്കുന്നു. |
| | ആരോഗ്യ വകുപ്പ് | തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി | തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയ ശൂന്യ വേതനാവധിയിൽപ്രവേശിച്ച സ്റ്റാഫ് നേഴ്സ്മാരുടെ അവധി വിവരങ്ങൾ സ്പാർക്കിൽ രേഖപ്പെടുത്താതെ ബാങ്ക് അക്കൗണ്ടിൽ മാറ്റം വരുത്ത ശമ്പളം അപഹരിച്ചതുമായി ബന്ധപ്പെട്ട് 7467850 /-രൂ സർക്കാരിന് നഷ്ട്ടം സംഭവിച്ചതായി കണ്ടെത്തിയിട്ടു |

| | | | |
|---|---|---|---|
| | റവന്യൂ വകുപ്പ് | കേരള സ്റ്റേറ്റ് വഖഫ് ബോർഡ് | 1,കേരള സ്റ്റേറ്റ് വഖഫ് ബോർഡ് മുൻ CEO ശ്രീ .ബി .മുഹമ്മദ് ജമാൽ 2001 -02 മുതൽ 2016 -17 വരെ സ്പെഷ്യൽ പേ ഇനത്തിൽ 102100 /-രൂപ അനർഹമായി കൈപ്പറ്റിയത് കണ്ടെത്തി.<br><br>2.അനുവദിക്കപ്പെട്ടതിൽ കൂടുതൽ തസ്തികകൾ താൽക്കാലിക നിയമനം നടത്തിയതായി കണ്ടെത്തി |
| | തദ്ദേശ സ്വയംഭരണ വകുപ്പ് | പഞ്ചായത്ത് ഓഫീസ് ,കണ്ണൂർ | സാമൂഹ്യക്ഷേമപെൻഷൻ അനർഹമായി ലഭിച്ചത് കണ്ടെത്തി |
| | തദ്ദേശ സ്വയംഭരണ വകുപ്പ് | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 1. 9 സംഘങ്ങളിൽ നിന്നായി ലോൺ തുക ഇനത്തി 8,62,500/-രൂപ തിരികെ ഈടാക്കേണ്ടതുണ്ടെന്നു കണ്ടെത്തി<br><br>2. സബ്സിഡി മാനദണ്ഡങ്ങൾ മറികടന്ന് 1.00000/ രൂപ തിരികെ ഈടാക്കേണ്ടത് കണ്ടെത്തി<br><br>3. പരിശീലനാർത്ഥികളിൽനിന്നും ഈടാക്കേണ്ട വിഹിതം 62,500/- കണ്ടെത്തി |
| | ഉന്നത വിദ്യാഭ്യാസ വകുപ്പ് | സെൻറ് അലോഷ്യസ് കോളേജ് എടത്വ | സർക്കാർ /സർക്കാർ ഏജൻസി കളിൽ നിന്നും ലഭിക്കുന്ന പണം മാനേജ്മന്റ് അക്കൗണ്ടിലേക്ക് മാറ്റുന്നതായി കണ്ടെത്തി |
| | തദ്ദേശ സ്വയംഭരണ വകുപ്പ് | വിവിധ സർക്കാർ ഓഫീസുകളിലെ ബാങ്ക് അക്കൗണ്ടുകൾ സംബന്ധിച്ച പരിശോധന | ആലപ്പുഴ ജില്ലയിലെ തദ്ദേശ വകുപ്പിന് കീഴിലുള്ള വിവി ഓഫീസുകളിലെ ബാങ്ക് അക്കൗണ്ടുകളിൽ 1,43,80,311രൂപ നിഷ്ക്രീമായി കിടക്കുന്നു. |
| | പഞ്ചായത്ത് വകുപ്പ് | ഗ്രാമപഞ്ചായത്ത് കരുവാറ്റ | പഴയ പഞ്ചായത്ത് കെട്ടിടം പൊളിച്ചതിലൂടെ പഞ്ചായത്തിന് ധനനഷ്ടംവരുത്തിയ സെക്രട്ടറി സി. അജയകുമാറിനെതിരേ കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും, പൊളിച്ചുമാറ്റിയ കെട്ടിടഭാഗങ്ങളുടെ മൂല്യമായി നിർണ്ണയിച്ച 1,10,335 രൂപാ ടിയാന്റെ പക്കൽ നിന്നും ഈടാക്കുന്നതിനും ഭര വകുപ്പിനോട് ശിപാർശ ചെയ്തു. |
| | തുറമുഖ വകുപ്പ് | ഹാർബർ എഞ്ചിനിയറിംഗ് ഡിവിഷൻ, ആലപ്പുഴ | വിവിധ നിർമാണ പ്രവർത്തനങ്ങളിൽ ചട്ടലംഘനങ്ങ കണ്ടെത്തി |
| | കൃഷി വകുപ്പ് | കൃഷിഭവൻ മാരാരിക്കുളം തെക്ക് | കൃത്രിമ ബില്ലുകൾ സമർപ്പിക്കുന്നതുൾപ്പടെയുള്ള ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾ നടത്തിയ കൃഷി ഓഫീസർ ജിഷമോൾ.എം ൽ നിന്നും വിവിധ പദ്ധതികളുടെ നിർവഹണവുമായി ബന്ധപ്പെട്ട ക്രമക്കേടുകളിലൂടെ വരുത്തിയ സാമ്പത്തിക നഷ്ടമായ 4,85,255 രൂപ ഈടാക്കുന്നതിനും ടിയാൾക്കെതിരേ കർശനമായ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും ശിപാർശ ചെയ്തു. |
| | തദ്ദേശ സ്വയംഭരണ വകുപ്പ് | ഗ്രാമപഞ്ചായത്ത് വെൺമണി | സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ചതിൽ വീഴ്ച കണ്ടെത്തി |
| | പൊതു വിദ്യാഭ്യാസ വകുപ്പ് | കണ്ടമംഗലം എച്ച്.എസ്.എസ്, ചേർത്തല | കണ്ടമംഗലം ഹയർ സെക്കന്ററി സ്കൂളിലെ മാനേജരായിരുന്നശ്രീ. കെ. ഷാജി വൻ തുക കൈക്കൂ വാങ്ങി നിയമനം നടത്തി എന്ന ആരോപണത്തിന്മേ വിജിലൻസ് അന്വേഷണത്തിനു ശിപാർശ ചെയ്തു |
| | പൊതു വിദ്യാഭ്യാസ വകുപ്പ് | വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം, ആലപ്പുഴ | അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താതെ വാങ്ങലുകൾ നടത്തിയത് മൂലം ഉപകരങ്ങൾ പ്രവർത്ത ക്ഷമമാക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുള്ളതായി കണ്ടെത്തി |
| | പൊതു വിദ്യാഭ്യാസ വകുപ്പ് | എസ്.എൻ.എം.ബി.വി.എച്ച്.എസ്.എസ്, ചേർത്തല | സൗജന്യ യൂണിഫോം ലഭ്യമാക്കുന്നതിൽ സ്കൂൾ അധികൃതരുടെ ഭാഗത്ത് നിന്നും കാലതാമസം ഉണ്ടാ |
| | ഭക്ഷ്യ പൊതു വിതരണ വകുപ്പ് | സപ്ലൈക്കോ ഹരിപ്പാട്, മാവേലിക്കര, ചേർത്തല, കുട്ടനാട്, അമ്പലപ്പുഴ, ചെങ്ങന്നൂർ ഡിപ്പോകൾ - എൻ.എഫ്.എസ്.എ നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട പരിശോധന | ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്, ഹാൻറ്ലിംഗ് ചാർജ്ജ്, ഗോഡൗൺ വാടക, മറ്റ് ചെലവുകൾ എന്നീ ഇനങ്ങളിൽ സപ്ലൈക്കോ ഹരിപ്പാട്, മാവേലിക്കര, ചെങ്ങന്നൂർ, അമ്പലപ്പുഴ, കുട്ടനാട് താലൂക്ക് ഡിപ്പോക സർക്കാരിൽ നിന്നും അധികം തുക ക്ലെയിം ചെയ്തു |
| | തുറമുഖ വകുപ്പ് | ഹാർബർ എഞ്ചിനീയറിംഗ് (ഡിവിഷൻ) ആലപ്പുഴ | ഔദ്യോഗിക വാഹനങ്ങൾ ചട്ട പ്രകാരമല്ല ഉപയോഗിക്കുന്നത് എന്ന് കണ്ടെത്തി |
| | ഭൂജല വകുപ്പ് | ഭൂജല വകുപ്പ് ആലപ്പുഴ ജില്ലാ ഓഫീസ് | 27.01.2017 ലെ 06/2017/ധന പരിപ ത്രത്തിലെ നിർദ്ദേശം മറികടക്കുന്നതിനായി ബില്ലുകൾ സ്പ്ളിറ്റ് ചെയ്ത് വാങ്ങലുകൾ നടത്തിയയതായി കണ്ടെത്തി |
| | തദ്ദേശ സ്വയംഭരണ വകുപ്പ് | ഗ്രാമപഞ്ചായത്ത് വയലാർ, ഗ്രാമപഞ്ചായത്ത് പട്ടണക്കാട് | വാഹന ദുരുപയോഗം കണ്ടെത്തി |

| | | | |
|---|---|---|---|
| | തദ്ദേശ സ്വയംഭരണ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ് | ജില്ലാ പഞ്ചായത്ത്, മൃഗസംരക്ഷണ വകുപ്പ് ജില്ലാഓഫീസ്, എ.ബി.സി കേന്ദ്രങ്ങൾ | മുദ്രപ്പത്രങ്ങളിൽ മുൻ തീയതിവച്ച് കരാറിൽ ഏർപ്പെട്ടു എ.ബി.സി പ്രോഗ്രാമിന്റെ SOP പ്രകാരമുള്ള രജിസ്റ്ററുകൾ പരിപാലിക്കുന്നതിൽ വീഴ്ച വരുത്തി. |
| | വിവിധ വകുപ്പുകൾ | വാഹന പരിശോധന – റെയിൽവ സ്റ്റേഷൻ ആലപ്പുഴ | കെ എസ്.ഇ.ബി യുടെ ഔദ്യോഗിക വാഹനം ദുരുപയോഗം ചെയ്തതായി കണ്ടെത്തി |
| | വിവിധ വകുപ്പുകൾ | വാഹന പരിശോധന – റെയിൽവ സ്റ്റേഷൻ ആലപ്പുഴ | ചേർത്തല കിഫ്ബി എൽ.എ യൂണിറ്റ് II സ്പെഷ്യൽ തഹസിൽദാർ, ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസ എന്നിവരുടെ ഔദ്യോഗിക വാഹനങ്ങൾ ദുരുപയോഗ ചെയ്തതായി കണ്ടെത്തി |
| | ആരോഗ്യ വകുപ്പ് | പി.എച്ച്.സി. മണ്ണഞ്ചേരി | ക്യാഷ് ബുക്കിൽ KTC വാല്യം 1 ചട്ടം 92a പ്രകാരം കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല ,എച്ച് എ സി ഫണ്ടിലേക്കുള്ള വരവുകൾ കൃത്യമായി ബാങ്കിൽ അടയ്ക്കാതെ കൈവശം വയ്ക്കുന്നു തുടങ്ങിയ ക്രമക്കേടുക കണ്ടെത്തി |
| | പൊതുമരാമത്ത് വകുപ്പ് | പൊതുമരാമത്ത് (നിരത്ത്) ഡിവിഷൻ, ആലപ്പുഴ | പി.ഡബ്ല്യു.ഡി മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാ പ്രവൃത്തികൾ വിഭജിച്ച് നടപ്പാക്കുന്നു , ടെണ്ടർ നടപടിക്രമങ്ങൾ ഒഴിവാക്കി ക്വട്ടേഷൻ ചെയ്യുന്ന പ്രവൃത്തികളുടെ വിവരം ചീഫ് ടെക്നിക്കൽ എക്സാമിനർ നിർദ്ദിഷ്ട മാതൃകയിൽ റിപ്പോർട്ട് ചെയ്യുന്നില്ല തുടങ്ങിയ ക്രമക്കേടുകൾ കണ്ടെത്തി . |
| | വ്യവസായ വകുപ്പ് | ജില്ലാ നിർമ്മിതി കേന്ദ്രം, ആലപ്പുഴ, സംസ്ഥാന നിർമ്മിതി കേന്ദ്രം ചെട്ടികുളങ്ങര | സംസ്ഥാന നിർമ്മിതി, ജില്ലാ നിർമ്മിതി കേന്ദ്രങ്ങളുടെ വർക്കിംഗ് ഫണ്ടും വർക്കിംഗ് പ്രോഫിറ്റും ഇനം തിരിച്ച് വ്യത്യസ്ഥ അക്കൗണ്ടുകളിൽ സൂക്ഷിക്കുന്നില്ല , Non PMC വർക്കുകൾക്ക് PMC ചാർജ്ജ് കൈപ്പറ്റി തുടങ്ങ ക്രമക്കേടുകൾ കണ്ടെത്തി |
| | ഭക്ഷ്യ പൊതുവിതരണ വകുപ്പ് | അമ്പലപ്പുഴ, കാർത്തികപ്പള്ളി താലൂക്ക് സപ്ലൈ ഓഫീസുകൾ | സപ്ലൈകോയിൽ നിന്ന് അമ്പലപ്പുഴ താലൂക്ക് സപ്ലൈ ഓഫീസിന് 1,27,32,032.36/- രൂപയും കാർത്തികപ്പ താലൂക്ക് സപ്ലൈ ഓഫീസിന് 2,36,65,866/- രൂപയും കുടിശ്ശിക ഇനത്തിൽ ലഭിക്കുവാനുണ്ടെന്നും അമ്പലപ്പ താലൂക്ക് സപ്ലൈ ഓഫീസിനു കീഴിലെ റേഷൻ വ്യാപാരികളിൽനിന്നും 18,41,651/- രൂപയും കാർത്തികപ്പള്ളി താലൂക്ക് സപ്ലൈ ഓഫീസിനു കീഴില റേഷൻ വ്യാപാരികളിൽനിന്നും 46,54,687/- രൂപയും കുടിശ്ശിക ഇനത്തിൽതിരിച്ചു പിടിക്കുവാനുള്ള തായും കണ്ടെത്തി |
| | കൃഷി വകുപ്പ് | കൃഷി ഭവൻ, തകഴി | മരണാന്തരം കർഷക പെൻഷൻ അനുവദിച്ചു ,പദ്ധതി പ്രവർത്തനങ്ങളുടെ നടത്തിപ്പിൽ ഉദ്യോഗസ്ഥരുടെ അലംഭാവവും ഉദാസീനമായ സമീപനവും മൂലം വീഴ്ചക ഉണ്ടായി തുടങ്ങിയ ക്രമക്കേടുകൾ കണ്ടെത്തി |
| | ആരോഗ്യം | കാസ്പ് പദ്ധതി - ആലപ്പുഴ ജനറൽ ആശുപത്രി | KASP സ്കീമിന്റെ അക്കൗണ്ടിലെ 31.05.2024 ലെ നീക്കിയിരിപ്പ് തുകയിൽ 23,41,665/- രൂപയുടെ കുറവ് കണ്ടെത്തി |
| | ഭൂജല വകുപ്പ് | ഭൂജല വകുപ്പ് ആലപ്പുഴ ജില്ലാ ഓഫീസ് | സ്വകാര്യ കുഴൽ കിണർ നിർമ്മാണ കമ്പനിയെ സഹായിക്കുന്നതിനായി കുഴൽ കിണർ നിർമ്മണം ആരംഭിച്ച ശേഷം പ്രവർത്തി പൂർത്തിയാക്കാതിരിക്കുകയും അതുവഴി സർക്കാരിന് നഷ്ടം ഉണ്ടാക്കുന്നതായും കണ്ടെത്തി |
| | കൃഷി വകുപ്പ് | കൃഷി ഭവൻ, കായംകുളം | കായംകുളം നഗരസഭയുടെ ചട്ടിയിൽ പച്ചക്കറി കൃഷി പദ്ധതി ഇ-ടെണ്ടർ നടപടികൾ ഒഴിവാക്കി മാനുവൽ ടെണ്ടറിലൂടെ നിർവ്വഹണം നടത്തി. |
| | ആരോഗ്യം | കാസ്പ് പദ്ധതി - മാവേലിക്കര ജില്ലാ ആശുപത്രി | ടെണ്ടർ നടപടികളിൽ സ്റ്റോർ പർച്ചേസ് മാന്വൽ പാലിക്കുന്നില്ല |
| | ആരോഗ്യം | കാസ്പ് പദ്ധതി - ചെങ്ങന്നൂർ ജില്ലാ ആശുപത്രി | ഇ-ടെണ്ടർ നടപടികൾ ഒഴിവാക്കുന്നതിന് സ്റ്റോർസ് പർച്ചേസ് മാന്വലിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അടങ്കൽ തുക കണക്കാക്കി ടെണ്ടർ നടപടി സ്വീകരി |
| | പൊതുമരാമത്ത് | പൊതുമരാമത്ത്(നിരത്ത്) സബ് ഡിവിഷൻ, ആലപ്പുഴ | ആലപ്പുഴ പൊതുമരാമത്ത് സബ്ബ് ഡിവിഷൻ കാര്യാല 2015-16 മുതൽ 2018-19 വരെയുള്ള കാലയളവിൽ റോഡിന്റെ പേര്, ചെയിനേജ് തുടങ്ങിയ വസ്തുതകൾ ഉൾപ്പെടുത്താതെ സമർപ്പിക്കപ്പെട്ട എസ്റ്റിമേറ്റുകളുമായ ബന്ധപ്പെട്ട 37 പ്രവൃത്തികളിലൂടെ **1,18,93,734/-** രൂ ചട്ടവിരുദ്ധമായി ചിലവഴിച്ചതായി കണ്ടെത്തി. |
| | പട്ടികജാതി വികസനം | SCDO ആര്യാട് | മിശ്രവിവാഹിതരായ ദമ്പതികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനു നൽകുന്ന ഗ്രാന്റ് തുകയുടെ വിനിയോഗത്തിൽ അപാകതകൾ കണ്ടെത്തി |

| | | | |
|---|---|---|---|
| | തദ്ദേശ സ്വയംഭരണ വകുപ്പ് | ബ്ലോക്ക് പഞ്ചായത്ത്, അമ്പലപ്പുഴ - MLA SDF | പു ന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിലെ അറയ്ക്കൽവെളി റോഡ് നിർമ്മാണം എന്ന പ്രവൃത്തി നിർവ്വഹണത്തിര വീഴ്ചകൾ ഉണ്ടായതായി കണ്ടെത്തി |
| | പട്ടികജാതി വികസനം | SCDO , അമ്പലപ്പുഴ | മിശ്രവിവാഹിതരായ ദമ്പതികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും മറ്റുമായി അനുവദി ധനസഹായം പ്രസ്തുത ആവശ്യത്തിന് വിനിയോഗിച്ചിട്ടില്ലയെന്ന് കണ്ടെത്തി |
| | റവന്യൂ | പ്രളയ ദുരിതാശ്വാസ തുക അനർഹമായി അനുവദിച്ചു | പ്രളയ ദുരിതാശ്വാസ തുക അനർഹമായി അനുവദിച്ചു |
| | വിദ്യാഭ്യാസം | SNHSS, പൂച്ചാക്കൽ | ഇ-ഗ്രാന്റ്സ് ഇനത്തിൽ അക്കൗണ്ടിൽ ലഭ്യമാകുന്ന തുകകൾ സമയബന്ധിതമായി ജനറൽ അക്കൗണ്ട് ശീർഷകത്തിൽ ഒടുക്കുന്നില്ല |
| | തദ്ദേശ സ്വയംഭരണ വകുപ്പ് | ബ്ലോക്ക് പഞ്ചായത്ത്, മാവേലിക്കര | അമ്മഞ്ചേരിൽ അശ്വതി മുക്ക് പണയതറയിൽ റോഡ മെറ്റലിംഗ് & ടാറിംഗ് എന്ന പ്രവൃത്തി നിലവാരമില്ലാര രീതിയിലാണ് പൂർത്തീകരിച്ചിരിക്കുന്നതെന്നു കണ്ടെത |
| | തദ്ദേശ സ്വയംഭരണ വകുപ്പ് | മുനിസിപ്പാലിറ്റി, കായംകുളം | എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധി - പദ്ധതി ലക്ഷ്യങ്ങൾ, നടത്തിപ്പ്, മേൽനോട്ടം എന്നിവ സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ 3.2.3 പ്രകാരം പ്രവൃത്തികൾ പൂർത്തീകരിക്കുന്നില്ല എന്ന് കണ്ടെത്തി |
| | തദ്ദേശ സ്വയംഭരണ വകുപ്പ് | SSP - വള്ളിക്കുന്നം ഗ്രാമപഞ്ചായത്ത് | അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ചു |
| | തദ്ദേശ സ്വയംഭരണ വകുപ്പ് | അമ്പലപ്പുഴ സൗത്ത് ഗ്രാമ പഞ്ചായത്ത് (SSP) | അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ചു |
| | വിദ്യാഭ്യാസ വകുപ്പ് | കോഴൂർ യു.പി-സ്കൂൾ എരുവട്ടി-പരിശോധന | 1.പ്രധാന അധ്യാപികയായ ശ്രീമതി.കെ.കെ.ഗീത പോസ്റ്റ്ഓഫീസിൽ നിന്നും 18/10/2015 തീയതിയിൽ പിൻവലിച്ച 57,247/- രൂപ 23/04/2021 വരെ കൈവശം വച്ചിരുന്നതായി കണ്ടെത്തി<br><br>2.പിടിഎ എക്സിക്യൂട്ടീവ്, ജനറൽ ബോഡി യോഗങ്ങള വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ച് അംഗീകാര വാങ്ങുന്നില്ലെന്നു കണ്ടെത്തി |
| | വിദ്യാഭ്യാസ വകുപ്പ് | കുഞ്ഞിപ്പറമ്പ ഹൈ സ്കൂൾ സൊസൈറ്റി, കുഞ്ഞിപ്പറമ്പ | 1.നിയമനാംഗീകാരമില്ലാത്ത/ തസ്തിക ലഭ്യമല്ലാത്ത കാലയളവിൽ സരിത.എം, ഷംന.കെ, ശ്രീ.രാജേഷ്.എം, ശ്രീ രാഗേഷ്.പി.വി എന്നീ യു.പി.എസ്.എ-മാർക്ക് ശമ്പള തുകയായി യഥാക്രമം 3,76,339/- രൂപ, 3,76,264/- രൂപ 7,56,176/- രൂപ, 4,00,138/- എന്നിങ്ങനെ അനുവദിച്ചതായി കണ്ടെത<br><br>2.ഹയർ സെക്കണ്ടറി വിഭാഗത്തിൽ ദിവസ വേതനയിനത്തിൽ 3,15,980/- രൂപ അധികമായി അനുവദിച്ചതായി കണ്ടെത്തി |
| | ഭക്ഷ്യ പൊതുവിതരണ വകുപ്പ് | NFSA-വാതിൽപടി വിതരണം-സപ്ലൈകോ | തലശ്ശേരി, ഇരിട്ടി തളിപ്പറമ്പ് പയ്യന്നൂർ കണ്ണൂർ എന്നീ എൻ.എഫ്.എസ്.എ ഡിപ്പോയിൽ അധിക ജീവനക്കാരെ നിയമിച്ചുവഴി യഥാക്രമം 49,59,484 രൂപ, 95,25,903 രൂപ, 35,53,741 രൂപ 37,03,919 രൂപ 31,83,756 രൂപ എന്നിങ്ങനെ ശമ്പളയിനത്തിൽ അതത് ഡിപ്പോയിൽ നിന്ന്അനുവദിച്ചിട്ടുണ്ട് |
| | വനിതാ ശിശുവികസന വകുപ്പ് | വൃദ്ധസദനം, മഹിളാ മന്ദിരം, നിർഭയ ഹോം | തലശ്ശേരി ഗവണ്മെൻറ് മഹിളാ മന്ദിരത്തിലെ അന്തേവാസിയായ മനീഷയുടെ വിവാഹ ആവശ്യത്തിന് അനുവദിച്ച 1,00,000/-രൂപ ക്രമവിരുദ്ധമായി മാനേജ്മെന്റ് കമ്മിറ്റി അക്കൗണ്ടിലേ റീക്രൂപ്ചെയ്തതായി കണ്ടെത്തി |
| | തദ്ദേശ സ്വയംഭരണ വകുപ്പ് | ചെറുതന ഗ്രാമ പഞ്ചായത്ത് | മണലെടുപ്പ്/മണൽ വിൽപ്പന സംബന്ധിച്ച ക്രമക്കേട് കണ്ടെത്തി |
| | വ്യവസായ വകുപ്പ് | TELK | സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ സർക്കാരിന് ലഭിക്കേണ്ട 1,05,50917/-രൂപ ലഭിച്ചിട്ടില്ലാത്തത് കണ്ടെത്തി |
| | സാംസ്കാരിക വകുപ്പ് | മ്യൂസിയം & മൃഗശാല ഡയറക്ടറേറ്റ്, തിരുവനന്തപുരം | 1. വിവിധ ആവശ്യങ്ങൾക്കായി ഉദ്യോഗസ്ഥർക്ക് അനുവദിച്ച ടെമ്പററി അഡ്വാൻസ് തുകകൾ ക്രമീകരിച്ചിട്ടില്ല.<br><br>2. ഔദ്യോഗിക വാഹനത്തിന്റെ നിയന്ത്രണാധികാരി 24.02.2003 -ലെ സ.ഉ (കൈ) നം.113/2003/ധന |

| | | | |
|---|---|---|---|
| | | | -യിലെ നിർദ്ദേശങ്ങൾക്കനുസൃതമായി ലോഗ് ബുക്ക് പരിപാലിക്കുന്നില്ല. |
| | പൊതു വിദ്യാഭ്യാസ വകുപ്പ് | SRUP സ്കൂൾ, കനിശ്ശേരി, പാലക്കാട് | 1. പ്രധാനാദ്ധ്യാപകൻ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പ് വീഴ്ച വരുത്തുന്നു.<br>2. സ്റ്റോർ പർച്ചേസ് മന്വലിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പർച്ചേസ് നടത്തുന്നു. |
| | കായിക യുവജനകാര്യ വകുപ്പ് | കേരള സ്റ്റേറ്റ് യുവജന ക്ഷേമ ബോർഡ്, കടപ്പനക്കുന്ന്, തിരുവനന്തപുരം | സ്പെഷ്യൽ ഓഫീസർ നിരുത്തരവാദപരമായി പെരുമാറുന്നു. |
| | പൊതു വിദ്യാഭ്യാസ വകുപ്പ് | എ.ഇ.ഒ ഓഫീസ്, പട്ടാമ്പി, പാലക്കാട് | ക്രമരഹിതമായി പ്രസവാവധിയെടുത്തിരിക്കുന്നു. |
| | പട്ടികജാതി വികസന വകുപ്പ് | പട്ടികജാതി വികസന ഡയറക്ടറേറ്റ്, തിരുവനന്തപുരം | 2020 -ലെ ഓണക്കോടി വിതരണത്തിനായി നടപടിക്രമങ്ങൾ പാലിക്കാതെ തുണിത്തരങ്ങൾ സംഭരിച്ചു. |
| | ഉന്നത വിദ്യാഭ്യാസ വകുപ്പ് | കാലടി ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല | പുതുക്കിയ ക്ഷാമബത്ത നിരക്കിൽ പ്രോ വൈസ് ചാൻസലർക്ക് നൽകിയ അധിക തുക തിരികെ ഈടാക്കിയിട്ടില്ല. |
| | വ്യവസായ വകുപ്പ് | ഹാന്റ് ലൂം ഹൗസ്, തിരുവനന്തപുരം. | തുണിത്തരങ്ങളുടെ ഗുണനിലവാരം പരിശോധിക്കാതെ Goods Receipt Stock തയ്യാറാക്കുന്നു. |
| | ആരോഗ്യ കുടുംബക്ഷേമ വകുപ്പ് | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, ഹെഡ് ഓഫീസ്, തിരുവനന്തപുരം | Enoxaparin മരുന്ന് ലഭ്യമാക്കുന്നതിനുള്ള ബിഡിൽ മ നിരക്കുകളേക്കാൾ ഉയർന്ന നിരക്കിൽ ലഭിച്ച സിംഗിൾ ബിഡ് പുന:ക്വട്ടേഷൻ ക്ഷണിക്കാതെ സ്വീകരിച്ചതിലൂടെ സർക്കാരിന് അധിക ബാദ്ധ്യതയുണ്ടാക്കി. |
| | | | |
| | ജലവിഭവ വകുപ്പ് | ഇറിഗേഷൻ നോർത്ത് സർക്കിൾ ഓഫീസ്, കോഴിക്കോട് | കടലുണ്ടിപ്പുഴയുടെ ഫ്ലഡ് പ്രോൺ ഏരിയ മാപ്പിംഗ് റീച്ച പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് PWD Manual Rule 2112 -ലെ വ്യവസ്ഥയ്ക്ക് വിരുദ്ധമായി 7 തവണ ദീർഘിപ്പിച്ച് നൽകി. |
| | കൃഷി വകുപ്പ് | അഗ്രിക്കൾച്ചർ ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം | കരാറുകാരന്റെ വീഴ്ച മൂലം സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് കാലാവധി ദീർഘിപ്പിച്ച് നൽകിയ അവസരത്തിൽ പിഴ ഈടാക്കിയിട്ടില്ല. |
| | സാംസ്കാരിക വകുപ്പ് | മ്യൂസിയം മൃഗശാല ഡയറക്ടറേറ്റ്, തിരുവനന്തപുരം | ഡയറക്ടർ സ്വകാര്യ ആവശ്യങ്ങൾക്കായി ഔദ്യോഗിക വാഹനം ഉപയോഗിച്ചു. |
| | ജല വിഭവ വകുപ്പ് | മീനച്ചിൽ റിവർ വാലി പ്രോജക്ട്, മൂവാറ്റുപുഴ, കുത്താട്ടുകുളം, പാല. | കളരിയാമ്മാക്കൽ ചെക്ക് ഡാം കം ബ്രിഡ്ജ് ഉപയോഗയോഗ്യമാക്കുന്നതിൽ വീഴ്ച വരുത്തി. |
| | | | |
| | സാംസ്കാരിക വകുപ്പ് | കേരള ചരിത്ര പൈതൃക മ്യൂസിയം, തിരുവനന്തപുരം | ഔദ്യോഗിക യാത്രയ്ക്ക് വാടകയ്ക്ക് എടുത്ത വാഹനത്തി കൂടിയ നിരക്കിലുള്ള വാടക അനുവദിച്ചു. |
| | മ്യൂസിയം മൃഗശാല ഡയറക്ടറേറ്റ്, തിരുവനന്തപുരം | സാംസ്കാരിക വകുപ്പ് | 1. സർക്കാർ അക്രഡിറ്റേഷൻ പാനലിൽ നിന്നും ഒഴിവാക്കപ്പെട്ട കമ്പനിക്ക് പ്രവൃത്തി അനുവദിച്ച് പ്രവൃ പൂർത്തീകരണം നീണ്ട് പോകാൻ ഇടയാക്കി.<br>2. മൃഗശാല ആശുപത്രി ഫാർമസിയിലെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല. |
| | തദ്ദേശ സ്വയം ഭരണ വകുപ്പ് | പുതുശ്ശേരി ഗ്രാമപഞ്ചായത്ത് | അനർഹരായവർക്ക് ക്ഷേമപെൻഷൻ അനുവദിച്ചു. |
| | പട്ടികജാതി വികസന വകുപ്പ് | പട്ടികജാതി വികസന ഓഫീസ്, നെന്മാറ | കരാർ വ്യവസ്ഥകൾ ലംഘിച്ച് കൊണ്ട് ഭവനനിർമ്മാ ധനസഹായം ഗഡുക്കളായി അനുവദിച്ചു |
| | തദ്ദേശ സ്വയം ഭരണ വകുപ്പ് | ഒറ്റപ്പാലം നഗരസഭ | ഒറ്റപ്പാലം നഗരസഭാ സെക്രട്ടറി സർക്കാർ വാഹനം ദുരുപയോഗം ചെയ്തതായി കണ്ടെത്തി. |
| | തദ്ദേശ സ്വയം ഭരണ വകുപ്പ് | കമ്മ്യൂണിറ്റി കിച്ചൺ, കുടുംബശ്രീ, അട്ടപ്പാടി | ശരിയായ മോണിറ്ററിംഗ് നടത്താതെ കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി നടത്തി വരുന്നു. |

| | | | |
|---|---|---|---|
| | | | |
| | ആഭ്യന്തര വകുപ്പ് | ഫയർ സ്റ്റേഷൻ, മണ്ണാർക്കാട് | MTU വാഹനത്തിന്റെ ഡീസൽ ടാങ്ക് കപ്പാസിറ്റി തെറ്റായി രേഖപ്പെടുത്തി ഇന്ധനത്തട്ടിപ്പ് നടത്തി |
| | തദ്ദേശ സ്വയം ഭരണ വകുപ്പ് | ബ്ലോക്ക് പഞ്ചായത്ത്, മണ്ണാർക്കാട് | മൽസരാധിഷ്ഠിത ക്വട്ടേഷൻ വിളിക്കാതെ ഔദ്യോഗിം വാഹനം റിപ്പയർ/സർവ്വീസ് നടത്തി. |
| | സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് | എൻ.എസ്.എസ് എഞ്ചിനീയറിംഗ് കോളേജ്, പാലക്കാട് | ട്യൂഷൻ ഫീസ്, എക്സാം ഫീസ്, സ്പെഷ്യൽ ഫീസ് ഇനത്തിൽ കുട്ടികളിൽ നിന്നും പിരിച്ചെടുത്ത തുക യഥാവിധി ഒടുക്കാതെ കോളേജിലെ ജൂനിയർ സൂപ്രണ കൈവശം സൂക്ഷിച്ചു. |
| | റവന്യൂ | കലക്ടറേറ്റ്, താലൂക്ക് ഓഫീസുകൾ | പ്രളയദുരിധാശ്വാസ തുക വിതരണത്തിൽ ഇരട്ടിപ്പ് കണ്ടെത്തി. |
| | മൃഗ സംരക്ഷണ വകുപ്പ് | ജില്ലാ മൃഗ സംരക്ഷണ ഓഫീസ്, ജില്ലാ വെറ്റിനറി സെന്റർ, അനിമൽ ഡിസീസ് കണ്ട്രോൾ പ്രൊജക്ട് സെന്റർ. | വിവിധ ബാങ്ക് അക്കൗണ്ടുകളിൽ ഉറവിടം വ്യക്തമല്ലാത്തതും പലിശ ഇനത്തിലുള്ളതുമായ തുകക നീക്കിയിരിപ്പുള്ളതായി കണ്ടെത്തി. |
| | ടൂറിസം | ഡി.ടി.പി.സി കോഴിക്കോട് | സർക്കാർ ധനസഹായം മുഴുവനായും വിനിയോഗിക്കാതിരിക്കുന്നു. സർക്കാർ ഫണ്ട് പൂർണ്ണമായോ ഭാഗികമായോ മാത്രം ബാങ്കുകളിൽ നിക്ഷേപം നടത്തുന്നു. സർക്കാർ അനുവാദമില്ലാതെ തുക വകമാറ്റി ചെലവഴിക്കുന്നു. |
| | റവന്യൂ | റവന്യൂ വകുപ്പിനു കീഴിലുള്ള വിവിധ ഓഫീസുകൾ | വിവിധ ബാങ്ക് അക്കൗണ്ടുകളിൽ ഉറവിടം വ്യക്തമല്ലാത്തതും പലിശ ഇനത്തിലുള്ളതുമായ തുകക നീക്കിയിരിപ്പുള്ളതായി കണ്ടെത്തി. |
| | ഫുഡ് & സിവിൽ സപ്ലൈസ് | സിറ്റി റേഷനിംഗ് ഓഫീസ്, നോർത്ത് & സൗത്ത് കോഴിക്കോട് | റേഷൻ വ്യാപാരികൾ എഫ്.സി.ഐ -യിൽനിന്നും വിട്ടെടുക്കുന്ന NPS, NPNS വിഭാഗങ്ങൾക്കുള്ള ഭക്ഷ്യധാന്യങ്ങളുടെ വില സർക്കാരിലേയ്ക്ക് അടവാക്കിയിട്ടില്ല. |
| | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് | വിവിധ കൃഷിഭവനുകൾ | കൃഷി വകുപ്പിന്റെ അഗ്രിക്കൾച്ചറൽ മാന്വലിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല. |
| | Social Justice | Old Age Home - Vellimadukunnu | പ്രവേശനം ലഭിക്കുന്ന അന്തേവാസികളുടെ കൈവശമുള്ള സ്വർണ്ണാഭരണങ്ങൾ, വിലപിടിപ്പുള്ള വസ്തുക്കൾ എന്നിവ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. |
| | തദ്ദേശസ്വയംഭരണം, സഹകരണം | വിവിധ ഗ്രാമപഞ്ചായത്തുകൾ, കോ-ഓപ്പറേറ്റീവ് ബാങ്കുകൾ | സാമൂഹിക സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷ വാങ്ങുന്ന നിരവധി ഗുണഭോക്താക്കൾ അനർഹമായ് കോവിഡ് ധനസഹായം കൈപ്പറ്റുന്നു. |
| | LSGD/RDD | ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത്. | MLA SDF 2014-15 പ്രകാരം നടന്ന മാമ്പൊയിൽ - കുനഞ്ചേരി റോഡ് നിർമ്മാണത്തിൽ കരാറുകാരനും നിർവഹണോദ്യോഗസ്ഥനും ടെണ്ടർ നടപടിക്രമങ്ങ മറികടന്ന് വ്യാജ രേഖകൾ ചമച്ച 4 ലക്ഷത്തിലധികം രൂപ ചെലവഴിച്ചു. |
| | റവന്യൂ, LSGD | തൂണേരി വില്ലേജ് ഓഫീസ് & ഗ്രാമപഞ്ചായത്ത് | വില്ലേജ് ഓഫീസറുടെ ജാഗ്രതക്കുറവ് മൂലം ക്ഷേമപെൻഷൻ ഗുണഭോക്താവിന് ക്ഷേമപെൻഷൻ നഷ്ടപ്പെടാൻ ഇടയായി. |
| | സാമൂഹ്യനീതി | BRC Chelannur | ചേളന്നൂർ ബി.ആർ.സി -യിലെ സ്റ്റോക്ക് വിതരണ രജിസ്റ്ററുകളിൽ തെറ്റായ രേഖപ്പെടുത്തലുകൾ വരുത്തിയത് കാരണം ഭിന്നശേഷിക്കാരനായ ശ്രീ. സൂര്യദേവ്. എസ്.എസ്. ന്റെ പേരിൽ വാങ്ങിയ കമ്മോഡ് ചെയർ ഉപയോഗശൂന്യമാക്കി. |
| | വനം വകുപ്പ് | പൊന്മുടി വന സംരക്ഷണ സമിതി | കളക്ഷൻ തുക അനധികൃതമായി കൈവശം സൂക്ഷിച്ചിട്ടുള്ളതായി **കണ്ടെത്തി.** |
| | തദ്ദേശ സ്വയം ഭരണവകുപ്പ് | വിളപ്പിൽ ഗ്രാമപഞ്ചായത്ത് | അനധികൃതമായി ക്ഷേമ പെൻഷൻ കൈപ്പറ്റിയിട്ടുണ്ട് |
| | തദ്ദേശ സ്വയം ഭരണവകുപ്പ് | മലയിൻകീഴ് ഗ്രാമപഞ്ചായത്ത് | അനധികൃതമായി ക്ഷേമ പെൻഷൻ കൈപ്പറ്റിയിട്ടുണ്ട് |
| | തദ്ദേശ സ്വയം ഭരണവകുപ്പ് | ശ്രീ.എം.എസ് പ്രശാന്തിന് അനുവദിച്ച ഭവന നിർമ്മാണ വായ്പ സംബന്ധിച്ച അന്വേഷണം. | ഭവന നിർമ്മാണ വായ്പ ഉപയോഗിച്ച് പ്ലോട്ട് മാറി ഭവ നിർമ്മാണം നടത്തിയെന്ന് കണ്ടെത്തി. |
| | തദ്ദേശ സ്വയം ഭരണവകുപ്പ് | ശ്രീമതി.ബിന്ദു.റ്റി.വിയ്ക്ക് അനുവദിച്ച ഭവന നിർമ്മാണ വായ്പ സംബന്ധിച്ച അന്വേഷണം. | ഭവന നിർമ്മാണ വായ്പ ഉപയോഗിച്ച് ഭവന നിർമ്മാണ നടത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| | തദ്ദേശ സ്വയം ഭരണവകുപ്പ് | ശ്രീ.വേണുഗോപാലിന്റെ ഭവന നിർമ്മാണ വായ്പ എഴുതിത്തള്ളുന്നത് സംബന്ധിച്ച അന്വേഷണം. | **ഭവന നിർമ്മാണ വായ്പ ലഭ്യമാക്കിയ ഭൂമിയിൽ ഭവനം നിർമ്മിച്ചിട്ടില്ല.** |
| | പൊതു വിദ്യാഭ്യാസവകുപ്പ് | **ഇ.വ.യുപി.എസ്,കുതാളി, പാറശ്ശാല** | **പാറശ്ശാല ഉപജില്ലാ വിദ്യാഭ്യാസ ആഫീസിന്റെ പരിധിയിലുള്ള കുതാളി ഇ.വി.യു.പി.എസ്-ൽ വ്യാജമായി കുട്ടികളെ ഉൾപ്പെടുത്തി ഡിവിഷൻ നിലനിറുത്തുന്നതായി കണ്ടെത്തി.** |
| | തദ്ദേശ സ്വയം ഭരണവകുപ്പ് | അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് | അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ഹാ ബുക്ക് പരിപാലിക്കുന്നതിലും പേർസണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ (PDCR) സൂക്ഷിക്കുന്നതിലും മ വീഴ്ചയുള്ളതായി പരിശോധനയിൽ കണ്ടെത്തുകയുണ്ടായി. |
| | പൊതു വിദ്യാഭ്യാസവകുപ്പ് | **എൽ.എം.എസ് യു.പിഎസ് പെരുമ്പക്കോണം, പാറശ്ശാല** | **പാറശ്ശാല ഉപജില്ലയിലെ പെരുമ്പക്കോണം എൽ.എം.എസ് യു.പി.സ്കൂളിൽ വ്യാജ അഡ്മിഷനുകൾ ടി.സി എന്നിവ വഴി സാമ്പത്തിക ക്രമക്കേട് നടത്തിയതായി കണ്ടെത്തി.** |
| | ഔഷധ ഗുണ നിയന്ത്രണ വകുപ്പ് | **തിരുവനന്തപുരം അസി. ഡ്രഗ്സ് കൺട്രോൾ ഓഫീസ്- അസി. ഡ്രഗ് ഇൻസ്പെക്ടർ ശ്രീ.എം.എസ്.സജീവ്** | **തിരുവനന്തപുരം അസി. ഡ്രഗ്സ് കൺട്രോൾ ഓഫീസിലെ ഡ്രഗ്സ് ഇൻസ്പെക്ടർ അനർഹമായി ശമ്പള കുടിശിക ഇനത്തിൽ തുക മാറിയെടുത്തു.** |
| | പൊതു വിദ്യാഭ്യാസവകുപ്പ് | ഗവണ്മെന്റ് എച്ച്.എസ്.എസ്.കാപ്പിൽ | **സ്കൂളിലെ പി ടി എ ഫണ്ട്, എസ് എസ് കെ ഫണ്ട് എന്നിവ കൈകാര്യം ചെയ്യുന്നത് അടക്കമുള്ള ധനവിനിയോഗ വിഷയങ്ങളിൽ സ്കൂളിലെ പ്രിൻസിപ്പലിന് വീഴ്ച പറ്റിയതായി കണ്ടെത്തി.** |
| | ആരോഗ്യ വകുപ്പ് | പി.എച്ച്.സി,പള്ളിച്ചൽ | **പള്ളിച്ചൽ ഗ്രാമപഞ്ചായത്തിന് കീഴിൽ പ്രവർത്തിക്ക പള്ളിച്ചൽ കുടുംബാരോഗ്യ കേന്ദ്രത്തിൽ സാമ്പത്തിക തിരിമറി നടത്തിയതായി കണ്ടെത്തി.** |
| | തദ്ദേശ സ്വയം ഭരണ വകുപ്പ് | കോട്ടക്കൽ നഗരസഭ | സാമൂഹ്യ സുരക്ഷാ പെൻഷൻ അനർഹരായവർ വാങ്ങുന്നു. |
| | തദ്ദേശ സ്വയം ഭരണ വകുപ്പ്, റവന്യൂ വകുപ്പ് | കുറവ ഗ്രാമപഞ്ചായത്ത്, കുറവ വില്ലേജ് ഓഫീസ് | പടിഞ്ഞാറ്റുമുറി കുടിവെള്ള പദ്ധതി 2011-12ൽ ആരംഭിച്ച് 2016-17 വരെ 4 പദ്ധതികളിലായി 13,81,770/- രൂപ ചെലവഴിച്ചെങ്കിലും ഒരാൾക്കുപോല പദ്ധതിയുടെ ഗുണഫലം കിട്ടിയില്ല. |
| | ആയുഷ് വകുപ്പ് | ഗവ.ആയുർവ്വേദിക് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റൽ സ്റ്റഡീസ്,കോട്ടയ്ക്കൽ | കാലാവധി കഴിഞ്ഞ ആയുർവേദ മരുന്നുകൾ കണ്ടെത്തി, ഒരു വൗച്ചർ ഉപയോഗിച്ച് രണ്ടു തവണ പണം പിൻവലിച്ച തുടങ്ങിയ ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി. |
| | ആയുഷ് വകുപ്പ് | കേരള ആയുർവ്വേദിക് സ്റ്റഡീസ്&റിസർച്ച് സൊസൈറ്റി, കോട്ടക്കൽ | സ്ഥാപനത്തിൽ സർക്കാർ ഉത്തരവുകൾ പാലിക്കാ വാഹനം വാടകക്കെടുത്തു, കൂടാതെ സ്ഥാപനത്തിലെ മുൻ എക്സിക്യൂട്ടീവ് ഡയറക്ടർഎച്ച്.ആർ.എ, ചാർജ് അലവൻസ്, ട്രാൻസ്ഫർ ടിഎ, യാത്രാ ബത്ത, ഇൻസെന്റീവ്, എക്സ്ഗ്രേഷ്യാ തുടങ്ങിയ ഇനങ്ങളിൽ ക്രമക്കേടുകൾ നടത്തി. |
| | ഗതാഗത വകുപ്പ് | ആനമറി ആർ.ടി.ഒ. ചെക്ക് പോസ്റ്റ് | ചെക്ക് പോസ്റ്റ് വഴി കടന്നു പോവുന്ന വാഹനങ്ങൾ വെഹിക്കിൾ മൂവ്മെന്റ് രജിസ്റ്റർ (ഓൺലൈൻ), വാഹ (ഓൺലൈൻ) വെഹിക്കിൾ മൂവ്മെന്റ് രജിസ്റ്റർ എന്നിവയിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ലെന്ന് കണ്ടെത്തി. |
| | തദ്ദേശ സ്വയം ഭരണവകുപ്പ് | പെർഫോർമൻസ് ഓഡിറ്റ്, കുറ്റിപ്പുറം | ജീവനക്കാർ കൃത്യമായി ഓഫീസിൽ ഹാജരാവുന്നില്ല. |
| | തദ്ദേശ സ്വയം ഭരണ വകുപ്പ് | ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് | സാമൂഹ്യ സുരക്ഷാ പെൻഷൻ അനർഹമായി കൈപ്പ |
| | തദ്ദേശ സ്വയം ഭരണ വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ്, ഉന്നത വിദ്യാഭ്യാസവകുപ്പ് | എ.എം.എൽ.പി.സ്കൂൾ, കൊട്ടപ്പുറം,എ.എം.യു.പി. സ്കൂൾ, പള്ളിക്കൽ, എ.യു.പി.ബി. സ്കൂൾ, വെണ്ണായൂർ, എ.കെ.എച്ച്.എം. സ്കൂൾ കണ്ണംവെട്ടിക്കാവ്, എ.എം.എൽ.പി. സ്കൂൾ, വലിയപറമ്പ്, പി.പി.എം.എച്ച്.എസ്.എസ്., കൊട്ടുക്കര, കൊണ്ടോട്ടി എ.ഇ.ഒ., കൊണ്ടോട്ടി മുനിസിപ്പാലിറ്റി, എ.ഇ., എൽ.എസ്.ജി.ഡി, പുളിക്കൽ, എ.യു.പി.എസ്., പെരിങ്ങാവ്, ജി.വി.എച്ച്.എസ്.എസ്. കൊണ്ടോട്ടി, ജി.ഡബ്ല്യു.യു.പി.എസ്., നെടിയിരുപ്പ്, എ.യു.പി.എസ്, തുപ്പനച്ചി, ഗണപത് എ.യു.പി.എസ്., കീഴിശ്ശേരി, കീഴിശ്ശേരി എ.ഇ.ഒ., കീഴിശ്ശേരി, ജി.എച്ച്.എസ്., | തൊഴിൽ നികുതി അടച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | | ചാലിയപ്പുറം, O/o അസിസ്റ്റന്റ് എഞ്ചിനിയർ, എൽ.എസ്.ജി.ഡി., ചീക്കോട്, ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ്, കൊണ്ടോട്ടി, മൊറയൂർ ഗ്രാമ പഞ്ചായത്ത് | |
| | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് | എടയൂർ കൃഷി ഭവൻ, ഫീൽഡ് വിസിറ്റ്, അഗ്രോ സർവ്വീസ് സെന്റർ, അങ്ങാടിപ്പുറം | പദ്ധതി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി അനർഹരായവർക്ക് ധനസഹായം നൽകുകയും, അനുവദനീയമായ സബ്സിഡിയിൽ അധികം നൽകുകയും ചെയ്തു. |
| | പൊതുവിദ്യാഭ്യാസ വകുപ്പ് | ജി.എൽ.പി.എസ്., കാവനൂർ, അരീക്കോട് എ ഇ ഒ | സ്കൂളിലെ ഉച്ചഭക്ഷണ പദ്ധതിയിൽ പാലിന്റെ അളവ് കൂടുതലായി കാണിച്ച് തുക കൈപ്പറ്റി. |
| | പൊതുവിദ്യാഭ്യാസ വകുപ്പ് | എടവണ്ണ ജി.എം.എൽ.പി.സ്കൂൾ, മഞ്ചേരി എ.ഇ.ഒ. | സ്കൂളിലെ ഉച്ചഭക്ഷണ പദ്ധതിയിൽ പാൽ, മുട്ട എന്നിവയുടെ അളവ് കൂടുതലായി കാണിച്ച് തുക കൈപ്പറ്റി. |
| | തദ്ദേശ സ്വയം ഭരണ വകുപ്പ്, റവന്യൂ വകുപ്പ് | കുറവ ഗ്രാമപഞ്ചായത്ത്, കുറവ വില്ലേജ് ഓഫീസ് | അനർഹമായി സാമൂഹ്യസുരക്ഷാ പെൻഷൻ കൈപ്പ |
| | മൃഗ സംരക്ഷണ വകുപ്പ് | കേരള സംസ്ഥാന പൗൾട്രി ഡെവലപ്മെന്റ് കോർപറേഷൻ | കടപ്പനക്കുന്ന് ഹൈടെക് ഫാം തുടങ്ങുന്നതിന്റെ ഭാഗമായി കൺസൾട്ടൻസി ഫീസായി കിറ്റ്കൊയ്ക്ക് 9,37,550/- രൂപ നൽകിയിരുന്നു. പിന്നീട് ടി സ്ഥാപനത്തെ കൺസൾട്ടൻസിയിൽ നിന്നും ഒഴിവാക്കിയതായി കണ്ടെത്തി. |
| | ലോട്ടറി വകുപ്പ് | കേരള സംസ്ഥാന ലോട്ടറി വകുപ്പ് ഡയറക്ടറുടെ കാര്യാലയം | ലോട്ടറി വിതരണത്തിനായി യാത്ര നടത്തിയ വാഹനത്തിന് പകരം യാത്ര നടത്താത്ത വാഹനത്തിന്റെ നമ്പർ കാണിച്ച് വാടകയിനത്തിൽ തുക അനുവദിച്ച് നൽകി. വാഹനകരാറുകാരനു മായ ചേർന്ന് ചട്ടങ്ങൾ മറികടന്നും, സർക്കാർ സംവിധാനങ്ങൾ ദുരുപയോഗം ചെയ്തും ജീവനക്കാർക്ക അധിക യാത്രാപ്പടി നൽകി. |
| | സ്റ്റേഷനറി വകുപ്പ് | സ്റ്റേഷനറി കൺട്രോളറുടെ കാര്യാലയം, തിരുവനന്തപുരം. | 2019-20 വർഷത്തെ മൂല്യ നിർണ്ണയം കഴിഞ്ഞ ഉത്തരക്കടലാസുകളുടെ ദർഘാസിൽ ഉയർന്ന നിരക രേഖപ്പെടുത്തിയിരുന്ന ശ്രീ. പി. രാജൻ (കേരള വേസ്റ്റ പേപ്പർ സ്റ്റോഴ്സ്) യഥാസമയം പാഴ്കടലാസുകൾ നീക്കം ചെയ്യാത്തതിനെ തുടർന്ന് 75,60,575/- രൂപയുടെ നഃ ഉണ്ടായതായി കണ്ടെത്തി. |
| | വനം വന്യജീവി വകുപ്പ് | ഫോറസ്റ്റ് ഡിവിഷണൽ ഓഫീസ്, മാങ്കുളം | അശാസ്ത്രീയമായ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസ് നിർമ്മിച്ചതിലൂടെ സർക്കാർ ഖജനാവിൽ നിന്നും 60 ലക്ഷത്തോളം രൂപ പാഴാക്കി. |
| | പൊതുവിദ്യാഭ്യാസ വകുപ്പ് | എ.യു.പി സ്കൂൾ, പിലാശ്ശേരി | 2010 ൽ ജനറൽ വിഭാഗത്തിൽ നിയമിതനായ ജീവനക്കാരന് 80% മസ്കുലർ ഡിസ്ട്രോഫി എന്ന രോഗമുള്ളതായി വരുത്തിതീർത്തു. |
| | പൊതുവിദ്യാഭ്യാസ വകുപ്പ് | കെ.എസ്.കെ.എം യു.പി സ്കൂൾ, ചെറുകുളമ്പ | ചെറുകുളമ്പ കെ.എസ്.കെ.എം യു.പി സ്കൂളിൽ മാനേജരുടെ ചുമതലയുള്ള ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അറിവോ സമ്മതമോ ഇല്ലാതെ നാല് അധ്യാപകരെ ജോലിയിൽ പ്രവേശിപ്പിച്ചു. |
| | മൃഗസംരക്ഷണ വകുപ്പ് | മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ കാര്യാലയം | മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിലെ ധന വിനിയോഗവുമായി ബന്ധപ്പെട്ട ഫയലുകൾ ഫിനാൻ ഓഫീസറുടെ അഭിപ്രായം തേടാതെ അംഗീകരിക്കുന്നതായി കണ്ടെത്തി. |
| | പൊതുവിദ്യാഭ്യാസ വകുപ്പ് | തിരുവനന്തപുരം പരീക്ഷാ ഭവൻ | വ്യവസ്ഥകൾ പാലിക്കാതെ അഡ്വാൻസുകൾ അനുവദിക്കുന്നതായി കണ്ടെത്തി.. |
| | വ്യവസായ വകുപ്പ് | മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് ലിമിറ്റഡ് | ചട്ട വിരുദ്ധമായി പർച്ചേസുകൾ നടത്തി, നികുതി വെട്ടിപ്പ് നടത്തി, സ്ഥാപനം നഷ്ടത്തിലാകാൻ ബോധപൂർവ്വം സാഹചര്യമൊരുക്കി. |
| | പൊതുവിദ്യാഭ്യാസ വകുപ്പ് | ചടയ മംഗലം ഗവ. യു.പി. സ്കൂൾ | കൊല്ലം ചടയ മംഗലം ഗവ. യു.പി. സ്കൂളിലെ പ്രഥമാധ്യാപികയായ ശ്രീമതി. പുഷ്പവല്ലി.വി ടി സ്കൂളി മറ്റ് ജീവനക്കാരുടെ പേരിൽ വ്യാജ ശമ്പള സർട്ടിഫിക്കറ്റുകൾ തയ്യാറാക്കി നൽകി കെ.എസ്.എഫ്.ഇ. അഞ്ചൽ ശാഖയിൽ നിന്നും വാ തട്ടിപ്പ് നടത്തി. |

| | | | |
|---|---|---|---|
| | | | |
| | പൊതുവിദ്യാഭ്യാസ വകുപ്പ് | മൊറയൂർ ഗവ.എച്ച്.എം എച്ച്.എസ്.എസ്. സ്കൂൾ | മലപ്പുറം ജില്ലയിലെ മൊറയൂർ വി.എച്ച്.എം.എച്ച്.എസ്.എസ്. സ്കൂളിലെ കായികാധ്യാപകൻ കുട്ടികളുടെ ഉച്ചഭക്ഷണത്തിനുള്ള അരി കടത്തിയ സംഭവത്തിൽ ഹെഡ്മാസ്റ്ററും ഉച്ചഭക്ഷണച്ചുമതലയുള്ള അധ്യാപകരും കുറ്റക്കാരാണെന്ന് കണ്ടെത്തി. |
| | സാംസ്കാരികവകുപ്പ് | ചലച്ചിത്ര അക്കാദമി | ധന വിനിയോഗ ആവശ്യങ്ങൾക്ക് ചട്ട പ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. |
| | വിദ്യാഭ്യാസവകുപ്പ് | പുത്തുപ്പാടം എ.എം.എൽ.പി.സ്കൂൾ | പുത്തുപ്പാടം എ.എം.എൽ.പി.സ്കൂളിലെ പ്രധാനാദ്ധ്യാപകനായിരുന്ന ശ്രീ. പി.കെ ഇസ്മായിര പള്ളിക്കൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗവുമായിരുന്നതിനാൽ പഞ്ചായത്ത് പരിപാടികളിൽ പങ്കെടുക്കുന്ന സമയങ്ങളിലും സ്കൂളിൽ ഹാജർ കാണിച്ച് ശമ്പളം കൈപ്പറ്റി. |
| | പട്ടികജാതി വികസനവകുപ്പ് | കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ | കോർപ്പ്നെറ്റ് എന്ന സോഫ്റ്റ്വെയർ നടപ്പാക്കുന്നതിന് സർക്കാർ അംഗീകാരം നേടിയിരുന്നില്ല. |
| | സഹകരണവകുപ്പ് | കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ | ജീവനക്കാർ നടത്തിയ വിവിധ സാമ്പത്തിക ക്രമക്കേടുകൾ വഴി ഫെഡറേഷന് സാമ്പത്തിക നഷ്ട ഉണ്ടായി. |
| | ദേവസ്വം വകുപ്പ് | കൂടൽ മാണിക്യം ക്ഷേത്രം | വഴിപാട് ഇനത്തിലും മറ്റ് വിവിധയിനങ്ങളിലും ലഭിച്ച വരുമാനത്തിൽ ചോർച്ചയുണ്ടായി. |
| | വ്യവസായ വകുപ്പ് | കേരള മിനറൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ | മാനേജിംഗ് ഡയറക്ടറായിരുന്ന കെ. വേണുഗോപാര നടത്തിയ ക്രമക്കേടുകൾ കാരണം സ്ഥാപനത്തിന് സാമ്പത്തിക നഷ്ടം ഉണ്ടായി. |
| | ടൂറിസം വകുപ്പ് | എ) ടൂറിസം ഡെ. ഡയറക്ടർ ഓഫീസ്, കുമിളി<br>ബി) ഗവ. ഗസ്റ്റ് ഹൗസ്, മൂന്നാർ<br>സി) ഗവ. ഗസ്റ്റ് ഹൗസ്, ദേവികുളം<br>ഡി) യാത്രി നിവാസ്, ദേവികുളം<br>ഇ) ടൂറിസം ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം<br>എഫ്) ഡി.റ്റി.പി.സി. തിരുവന്തപുരം<br>ജി) വേളി ടൂറിസ്റ്റ് വില്ലേജ് | 1. ജില്ലാ ടൂറിസം ഓഫീസർമാർ ലോഗ് ബുക്ക് പരിപാലിക്കുന്നില്ല.<br>2. ടൂറിസം പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ജില്ലാ ഓഫീസർമാർ സന്ദർശനം നടത്തുമ്പോൾ കരാർ പ്രകാരമുള്ള വാഹ ഉപയോഗിക്കുന്നില്ല. ദിവസേന വാഹനം മാറി മാറി ഉപയോഗിക്കുന്നു.<br>3. തിരുവനന്തപുരം ഡി.റ്റി.പി.സി. യുടെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട്, കെട്ടിട നിർമ്മാണ ചട്ടമനുസരിച്ചുള്ള അപേക്ഷ നൽകിയതായോ, അനുമതി വാങ്ങിയതായോ പരിശോധനക്കുള്ള ഫയലിൽ ലഭ്യമല്ല. |
| | രജിസ്ട്രേഷൻ വകുപ്പ് | എ) സബ് രജിസ്ട്രാർ ഓഫീസ്, കഴക്കൂട്ടം<br>ബി) ജില്ലാ രജിസ്ട്രാർ ഓഫീസ്, തിരുവനന്തപുരം<br>സി) ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ, തിരുവനന്തപുരം. | അണ്ടർ വാല്യുവേഷൻ കേസുകളിൽ നികുതി കുടിശ്ശികയായി പിരിഞ്ഞുകിട്ടേണ്ട **224,73,36,969/-** കോടി രൂപയുണ്ട്. |
| | ഉന്നത വിദ്യാഭ്യാസ വകുപ്പ് | മന്നാനിയ കോളേജ് ഓഫ് സയൻസ് & ആർട്സ് | 1) മന്നാനിയ കോളേജ് മാനേജർ KSR Part I Rule ബോധപൂർവ്വം ലംഘിച്ചിരിക്കുകയാണ്.<br>2) നിലവിലെ കോളേജ് പ്രിൻസിപ്പൽ പെൻഷൻ ബുക്കിൽ, സേവന പുസ്തകത്തിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. |
| | ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് | അഴൂർ. പി.എച്ച്.സി.<br>ജില്ലാ മെഡിക്കൽ ഓഫീസർ, തിരുവനന്തപുരം. | 1) അഴൂർ പി.എച്ച്.സി.യിൽ OP കളക്ഷനായി ലഭിച്ച 3,80,024/- രൂപയും ലാബ് കളക്ഷനായി ലഭിച്ച 8,34,945/- ചേർത്ത് HMC ഇനത്തിൽ ലഭിച്ച 12,14,969/- രൂപയിൽ 4,67,601/- രൂപ മാത്രമാണ് ബാങ്കിൽ അടവാക്കിയത്. ശേഷിക്കുന്ന തുക സംബന്ധിച്ച് വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല.<br>2) 2014 മുതൽ 2020 വരെയുള്ള കാലയളവിലെ HMC, NHM Cash Book എഴുതി സൂക്ഷിക്കുന്നില്ല. |
| | ആഭ്യന്തര വകുപ്പ് | സ്പെഷ്യൽ ആംഡ് പോലീസ് **(SAP)** | 1. **2006-07** വർഷത്തെ പോലീസ് സേന നവീകരണത്തിൽ ഉൾപ്പെടുത്തി പേരൂർക്കട എസ്.എ.പി. ക്യാമ്പിലെ യൂണിറ്റ് ആശുപത്രിയിലേക്ക് വാങ്ങിയ 15 ലക്ഷത്തിലധികം രൂപയുടെ ആശുപത്രി ഉപകരണങ്ങൾ ഉപയോഗശൂന്യമായി നശിച്ചുപോകുന്ന |

| | | | |
|---|---|---|---|
| | | പോലീസ് ഹെഡ് ക്വാർട്ടേഴ്സ് | 2. എസ്. എ. പി. ക്യാമ്പിലെ മരങ്ങൾ ലേലം ചെയ്ത ലഭിച്ച തുകയായ **48,992/-** രൂപ ട്രഷറിയിൽ അടക്കാതെ അഞ്ചുമാസക്കാലയളവിലധികം ഓഫീസിൽ സൂക്ഷിക്കുകയും നോട്ട് നിരോധനത്തെ തുടർന്ന് ഇതിൽ 48000/- രൂപ ഉപയോഗശൂന്യമാകുകയുമുണ്ടായി. ഈ വിഷയം സംബന്ധിച്ച ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചുവെങ്കിലും പ്രസ്തുത തുക നാളിതുവരെയായും സർക്കാരിലേക്ക് അടച്ചിട്ടില്ല. |
| | വിദ്യാഭ്യാസ വകുപ്പ് | ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ | തിരിച്ചറിയാൻ സാധിക്കാത്തതും നിഷ്ക്രിയമായി തുടരുന്നതുമായ **2,55,42,516/-** (രണ്ട് കോടി അൻപത്തഞ്ച് ലക്ഷത്തി നാല്പത്തിരണ്ടായിരത്തി അഞ്ഞൂറ്റിപതിനാറു രൂപ മാത്രം) രൂപ സർക്കാരിലേക തിരിച്ചടവാക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്. |
| | | റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റ്, ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ | |
| | സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് | ടെക്നിക്കൽ എഡ്യൂക്കേഷൻ | തിരിച്ചറിയാൻ സാധിക്കാത്തതും നിഷ്ക്രിയമായി തുടരുന്നതുമായ **1,70,33,239/-**(ഒരുകോടി എഴുപതുലക്ഷത്തി മുപ്പത്തിമൂവായിരത്തി ഇരുനൂറ്റിമുപ്പത്തൊൻപത് രൂപ മാത്രം) രൂപ സർക്കാരിലേക്ക് തിരിച്ചടവാക്കാൻ ശിപാർശ ചെയ്തിട്ടുണ്ട് |
| | വനം - വന്യജീവി വകുപ്പ് | ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ് | വനം വകുപ്പിനു കീഴിലുള്ള വിവിധ ഓഫീസുകളിലെ ബാങ്ക് / ട്രഷറി അക്കൗണ്ടുകളിൽ മുതലിനത്തിൽ **1,98,34,936/-** രൂപയും പലിശയിനത്തിൽ **1,35,48,704/-** രൂപയും ചേർത്ത് ആകെ **3,33,83,64(** രൂപ നിഷ്ക്രിയമായി തുടരുന്നതായി കണ്ടെത്തിയിട്ടുണ്ട |
| | കൃഷി വകുപ്പ് | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ് | **1.** കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും **SAMETI** ഡയറക്ടറുടെ ബ അക്കൗണ്ടിലേക്ക് നൽകേണ്ടിയിരുന്ന **10** ലക്ഷം രൂപ അക്കൗണ്ട് നമ്പറിൽ മാറ്റം വരുത്തി സ്വകാര്യ വ്യക്തിയുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റിലെ **BIMS** ആപ്ലിക്കേഷനിലെ **DDO ADMIN** ലോഗിനിൽ നിന്നുമാണ് സർക്കാർ പ്ലാൻ ഫണ്ട് തുക **വനജ എം.വി** എന്ന സ്വകാര്യ വ്യക്തിയുെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയത്. |
| | | **SAMETI** - ആനയറ | **2.** ശ്രീമതി. വനജ എം.വിക്ക് മറ്റൊരാളുടെ കുടുംബപെൻഷൻ അനർഹമായി നൽകിയിട്ടുണ്ട്. മലബാർ മാർക്കറ്റ് കമ്പനിയിലെ പെൻഷണറായ ശ്രീ എം. ദാമോദരന് നൽകേണ്ടിയിരുന്ന പെൻഷൻ ശ്രീമതി. വനജ എം.വി യുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് നൽകിയിട്ടുള്ളത് |
| | തൊഴിലും നൈപുണ്യവും വകുപ്പ് | ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് ഡയറക്ടറേറ്റ് | **1.** ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഓക്കുപേഷൻ ഹെൽത്ത് റിസർച്ച് സെന്ററിന്റെ **(OHRC)** പ്രവർത്തനത്തിന് ആവശ്യമായി വാങ്ങിയ കോടിക്കണക്കിന് രൂപ വില വരുന്ന മെഡിക്കൽ ഉപകരണങ്ങൾ ഉപയോഗിക്കാെ നശിച്ചു പോകുന്നു.<br><br>**2.** കാലാവധി കഴിഞ്ഞ ലക്ഷക്കണക്കിനു രൂപയുടെ മരുന്നുകൾ **OHRC** വളപ്പിൽ കൂട്ടിയിട്ടിരിക്കുന്നതായി കണ്ടെത്തി.<br><br>**3.** സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി **PMC** ഏജൻസിക്ക് അഡ്വാൻസ് തുക അനുവദിച്ചു നൽകി. |
| | | ഓക്കുപേഷൻ ഹെൽത്ത് റിസർച്ച് സെന്റർ, കൊല്ലം | |
| | | ഇൻഡസ്ട്രീസ് ഹൈജീൻ ലബോറട്ടറി, കൊല്ലം | |
| | കൃഷി വകുപ്പ് | സെൻട്രൽ സോയിൽ അനലിറ്റിക്കൽ ലബോറട്ടറി & സ്റ്റേറ്റ് സോയിൽ മ്യൂസിയം, തിരുവനന്തപുരം. | **1.** സെൻട്രൽ സോയിൽ അനലിറ്റിക്കൽ ലബോറട്ട **&** സ്റ്റേറ്റ് സോയിൽ മ്യൂസിയത്തിലെ **e-auction** ചെയ്യേണ്ട വസ്തു വകകളുടെ പട്ടിക മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ ഡയറക്ടറേറ്റിൽ സമയബന്ധിതമാ സമർപ്പിക്കാത്തത് മൂലം **e-auction** നടത്താൻ സാധിച്ചിട്ടില്ല.<br><br>**2.** സംസ്ഥാന സോയിൽ മ്യൂസിയത്തിൽ ജനറേറ്റർ സ്ഥാപിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ സബ് ഡിവിഷനിൽ നൽകിയ **9** ലക്ഷം രൂപയിൽ മിച്ചം വന്ന **29006/-** രൂപ പൊതുമരാമത്ത് വകുപ്പിൽ നിന്നും ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് അടവാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | മേൽപ്പറഞ്ഞ ക്രമക്കേടുകളിന്മേൽ നടപടി ശിപാർശ ചെയ്തിട്ടുള്ളവയിൽ നടപടി സ്വീകരിച്ച വകുപ്പുകളും നടപടി സ്വീകരിച്ചിട്ടില്ലാത്ത വകുപ്പുകളും ഏതൊക്കെയെന്ന് വിശദമാക്കാമോ? | (സി) | സ.ഉ(അച്ചടി) നം. 173/21 പ്രകാരം ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ടുകളിന്മേൽ ബന്ധപ്പെട്ട ഭരണവകുപ്പുകൾ റിപ്പോർട്ട് ലഭിച്ച് 30 ദിവസത്തിനുള്ളിൽ നടപടിയെടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തി രണ്ടു മാസത്തിനുള്ളിൽ നടപടി റിപ്പോർട്ട് ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ടുകളിന്മേൽ ഏതെങ്കിലും ഭരണവകുപ്പ് നടപടി സ്വീകരിച്ചിട്ടില്ലാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ